www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 19 | 2017 MAY 20 | ₹10

## റമദാനിന്റെ പടിവാതിൽക്കൽ



# പുകയുന്ന മുത്ത്വലാഖും പടരുന്ന ആശങ്കകളും

ഹദീഥ് നിഷേധികളുടെ വ്യതിയാനങ്ങൾ | പ്രവാചകന്മാരുടെ പ്രത്യേകതകൾ

ഇസ്‌ലാമിക നിയമങ്ങളുടെ സമഗ്രത

WISDOM
GLOBAL ISLAMIC MISSION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം

ഗുണകാംക്ഷയുടെ ശബ്ദം

നേരിന്റെ ആർജ്ജവം

വേറിട്ട വായനാനുഭവം

Circulation Manager | Nerpatham Weekly
EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക

0019 / 2017 മെയ് 20 / 1438 ശഅബാൻ 23 / പുസ്തകം 01 / ലക്കം 19



# പുകയുന്ന മുത്ത്വലാഖും പടരുന്ന ആശങ്കകളും

ഉസ്മാൻ പാലക്കാഴി / 10



# റമദാനിന്റെ പടിവാതിൽക്കൽ

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി / 14

**മുഖമൊഴി**
ഇസ്‌ലാമിക നിയമങ്ങളുടെ സമഗ്രത / 05
എഡിറ്റർ

**ബാലപഥം**
മിഠായി വാങ്ങാൻ അമ്പത് പൈസ /18
ദുൽക്കർഷാൻ. എ

**ക്വുർആൻ പഠനം**
പ്രതിഫലനാൾ / 19
സി.മുഹമ്മദ് റാഫി ചെമ്പ്ര

**പാരന്റിംഗ്**
പ്രവാചകനെ അറിയുന്ന മക്കൾ / 29
അശ്റഫ് എകരൂൽ

**ലേഖനങ്ങൾ**
ഹദീഥ്നിഷേധികളുടെ വ്യതിയാനങ്ങൾ / 06
ഡോ. മുഹമ്മദ് അശ്റഫ് മൗലവി, മദീന

അനിവാര്യമായ രണ്ടു കാര്യങ്ങൾ / 20
മൂസ സ്വലാഹി, കാര

ഹൃദയം നന്നാക്കുക / 24
ഫദ്‌ലുൽ ഹഖ് ഉമരി

പ്രവാചകന്മാരുടെ പ്രത്യേകതകൾ / 26
ഹുസൈൻ സലഫി, ഷാർജ

**ഹദീസ് പാഠം**
ദൃഢവിശ്വാസത്തിന്റെ പ്രതിഫലം / 34
അബൂ ഹൈസ

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### ഇസ്‌ലാം:
### മന്ത്രി ജി. സുധാകരൻ പറഞ്ഞ സത്യങ്ങൾ

ഇസ്‌ലാമിനെ നിഷ്പക്ഷമായി വിലയിരുത്തിയവർ ചരിത്രത്തിൽ എമ്പാടും കഴിഞ്ഞുപോയിട്ടുണ്ട്. ജീവിതഗന്ധിയായ ദൈവിക മതത്തെ അടുത്തറിയാൻ ശ്രമിച്ചവർക്കൊക്കെ അതിന്റെ മാനുഷികതയും സാർവലൗകികതയുമൊക്കെ കണ്ടറിയാൻ സാധിച്ചിട്ടുണ്ട്. അവരത് പരസ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ ഇസ്‌ലാമിനെക്കുറിച്ച് ശ്രദ്ധേയമായ ഒരു നിരീക്ഷണമാണ് ഈയിടെ മന്ത്രി ജി. സുധാകരൻ നടത്തിയത്. (മാധ്യമം ഓൺലൈൻ 15-5-2017). ലോകത്ത് ഏറ്റവുമധികം വ്യാപിച്ചുകൊണ്ടിരിക്കുന്ന മതം ഇസ്‌ലാമാണ് എന്നത് അനിഷേധ്യമായ വസ്തുതയാണ്. ഇതിന്റെ കാരണമന്വേഷിക്കുന്നവർക്ക് കണ്ടെത്താനാകുന്ന യാഥാർഥ്യത്തിലേക്കാണ് മന്ത്രി സുധാകരൻ വിരൽചൂണ്ടിയത്.

'ഇതര മതങ്ങളെല്ലാം യാന്ത്രികമായ ആചാരങ്ങളുടെ മാത്രം പ്രസ്ഥാനങ്ങളായി മാറിയെന്നും ഇസ്‌ലാമിന്റെയുള്ളിൽ സ്നേഹവും കാരുണ്യവും ഇപ്പോഴും കാത്തുസൂക്ഷിക്കപ്പെടുന്നതാണ് ലോകത്തിലെ ഏറ്റവും വലിയ മതമായി ഇസ്‌ലാം വളരുന്നതിനുള്ള കാരണ'മെന്നും മന്ത്രി പറഞ്ഞത് ഏറെ ശ്രദ്ധേയമാണ്. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഉറവ ഫാസിസത്തെയും അക്രമങ്ങളെയും ഇല്ലാതാക്കുമെന്നും അത് പ്രഖ്യാപിക്കുന്ന ഒരു മഹത്തായ മതമാണ് മുഹമ്മദ് നബിﷺ കൊണ്ടുവന്ന മതമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2075 ആകുമ്പോഴേക്ക് ലോകത്തിലെ ഒന്നാമത്തെ മതമായി ഇസ്‌ലാം മാറുമെന്ന പഠനങ്ങൾ പുറത്തുവന്നത് അദ്ദേഹം സൂചിപ്പിച്ചു. ലോകത്ത് ഏറ്റവുമധികം ജനങ്ങൾ സ്വീകരിക്കുന്ന വർത്തമാനകാല ചിന്ത നബിﷺയുടേതാണെന്നും അദ്ദേഹം നിരീക്ഷിച്ചു. ഇതര മതങ്ങളുടെയെല്ലാം ആകർഷണശക്തി നഷ്ടമായെന്നും യാന്ത്രികവും ആവർത്തനവിരസവുമായ ആചാരങ്ങൾ ജനമനസ്സുകളെ സ്വാധീനിക്കില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇസ്‌ലാമിനെ നേർക്കുനേർ പഠിക്കാൻ ശ്രമിക്കുന്നവരെല്ലാം ഒരുപോലെ പറയുന്ന കാര്യങ്ങളാണ് മന്ത്രിയും വ്യക്തമാക്കിയത്. സത്യത്തിന്റെയും നീതിയുടെയും പിൻബലമുള്ള ഇസ്‌ലാമിനാണ് നാളെയുടെ പ്രഭാതങ്ങളിൽ വെളിച്ചം പരത്താനാവുക. ആത്മീയതയുടെ തുരുത്തുകൾ ആത്മാർഥമായി തേടുന്നവർ അവസാനം എത്തിപ്പെടുന്നത് ഇസ്‌ലാമിലേക്കാണ്. സത്യാന്വേഷികളുടെ അഭയകേന്ദ്രമായി ഇസ്‌ലാം മാറിക്കൊണ്ടിരിക്കുമ്പോൾ അതിനെ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നവർ സ്വയം അപഹാസ്യരാവുകയേയുള്ളൂ.

**-അബൂമിസ്‌യാൽ**

---

### ചിന്തിപ്പിക്കുന്ന ചോദ്യങ്ങൾ

നേർപഥം പുറത്തിറങ്ങിയ ലക്കങ്ങളെല്ലാം വായിച്ചു. തികച്ചും കാലിക പ്രസക്തമായ, നാട് അഭിമുഖീകരിക്കുന്ന വിഷയങ്ങളും മുസ്‌ലിം സമൂഹം പ്രത്യേകം മനസ്സിലാക്കേണ്ട വിഷയങ്ങളും സമയാസമയം വായനക്കാരിലേക്കെത്തിക്കാൻ നേർപഥം ശ്രദ്ധിക്കുന്നതിൽ സന്തോഷം. ലക്കം 17ൽ ജാമിഅ അൽഹിന്ദിനെ പരിചയപ്പെടുത്തിക്കൊണ്ട് ഫദ്‌ലുൽ ഹഖ് ഉമരി എഴുതിയ ലേഖനം ശ്രദ്ധേയമായിരുന്നു.

ലക്ഷങ്ങൾ ചെലവഴിച്ചും സ്വയം പ്രയാസങ്ങൾ അനുഭവിച്ചും വളർത്തുന്ന മക്കളെക്കുറിച്ച് പിന്നീട് പല രക്ഷിതാക്കളും കേൾക്കുന്നത് അവൻ മദ്യപാനിയാണെന്നാണ്, അവൻ മയക്കുമരുന്നിന് അടിമയാണെന്നാണ്, അവനൊരു കൊലപാതകിയാണെന്നാണ്, അവനൊരു വ്യഭിചാരിയാണെന്നാണ്!

സത്യത്തിൽ എന്താണിവിടെ സംഭവിച്ചത്? മക്കൾക്ക് ഭൗതികമായ വിദ്യാഭ്യാസം നൽകുന്നതിനോ സമൂഹത്തിന്റെ ഉന്നതമായ സ്ഥാനങ്ങളിൽ അവൻ ചെന്നെത്തുന്നതിനോ നല്ല ശമ്പളക്കാരായി ജീവിക്കുന്നതിനോ ആരും എതിരല്ല. മറിച്ച് ഭൗതികമായ താൽപര്യങ്ങളിലും അതിന്റേതായ സുഖങ്ങളിലും മാത്രം കണ്ണ് നട്ടും മനസ്സ് കേന്ദ്രീകരിച്ചും മക്കളെ വളർത്തുകയും പണം ചെലവഴിക്കുകയും ചെയ്ത പിതാക്കൾ ചില കാര്യങ്ങൾ വിസ്മരിച്ചുപോയി.

ഞാനെന്റെ മകനെ ക്വുർആൻ ഓതാൻ പഠിപ്പിച്ചോ? അതിനുവേണ്ടി ഞാനവനെ പ്രേരിപ്പിച്ചോ? ഞാനെന്റെ മകനെ നമസ്‌കരിക്കാൻ പഠിപ്പിച്ചോ? അതിനുവേണ്ടി ഞാനവനോട് കൽപിച്ചോ? ഞാനെന്റെ മകന് അല്ലാഹുവിനെക്കുറിച്ചുള്ള പേടിയുണ്ടാക്കിയോ? പരലോകബോധത്തിനാവശ്യമായ ജ്ഞാനം അൽപമെങ്കിലും നൽകിയോ? ഞാൻ മരിച്ചാൽ എന്റെ മയ്യിത്ത് മുന്നിൽ വെച്ച് പ്രാർഥിക്കാനവന് അറിയുമോ? മയ്യിത്ത് നമസ്‌കാരവും അതിലെ പ്രാർഥനയും അവന് അറിയുമോ? എന്നെ മറവ് ചെയ്താലും എന്റെ ക്വബ്‌റിടം സന്ദർശിക്കാനും ആത്മാർഥമായി എനിക്കുവേണ്ടി പ്രാർഥിക്കാനും അവനോട് ഞാൻ പറയുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടോ?

ഈ ചോദ്യങ്ങൾ രക്ഷിതാക്കളുടെ മനസ്സിൽ നിന്ന് എപ്പോഴും ഉയരേണ്ടതുണ്ട്. അനുകൂലമായ മറുപടി കണ്ടെത്താൻ കഴിഞ്ഞാൽ മഹാഭാഗ്യം.

**ആർ. എം. ഇബ്‌റാഹീം, വെളുത്തൂർ**

മുഖമൊഴി

# ഇസ്‌ലാമിക നിയമങ്ങളുടെ സമഗ്രത

ഇസ്‌ലാമിലെ വിവാഹമോചന നിയമം, അനന്തരാവകാശനിയമം തുടങ്ങിയ പലതും എടുത്തുകാട്ടി ഇസ്‌ലാമിക ശരീഅത്ത് മാനവവിരുദ്ധവും സ്ത്രീവിരുദ്ധവുമാണെന്ന് സമർഥിക്കുവാൻ പലരും പണ്ടുമുതലേ ശ്രമിച്ചുവന്നിട്ടുണ്ട്. ഇന്നും അത്തരം ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ചിലർക്ക് ഇതിനുള്ള പ്രേരകം അന്ധമായ വിരോധമാണെങ്കിൽ ചിലർക്ക് അറിവില്ലായ്മയാണ്.

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. വിവിധ ഭാഷകളിലും ആചാരമര്യാദകളിലും ജീവിക്കുന്ന അവർ പലരൂപത്തിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തികളും കുടുംബങ്ങളും ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ ശാന്തമായ പ്രയാണത്തിന് നിയമങ്ങളും മാർഗരേഖകളും അനിവാര്യമാണ്. അവ പാലിക്കപ്പെടുമ്പോഴാണ് ശക്തവും സംഘടിതവുമായ ഒരു ജനത രൂപപ്പെടുന്നത്.

മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട നിയമങ്ങൾ സർവരാലും സുസമ്മതമായിത്തീരുകയോ സാർവകാലികവും സർവജനീനവുമായി അംഗീകരിക്കപ്പെടുകയോ ചെയ്യുന്നില്ല. ഇന്നലെകളിൽ സുന്ദരമായി അംഗീകരിക്കപ്പെട്ടിരുന്ന തത്ത്വങ്ങൾ ഇന്ന് ചരിത്രാവശിഷ്ടമായിത്തീരുന്നത് നാം കാണുന്നു.

മനുഷ്യേന്ദ്രിയങ്ങൾക്ക് പരിധിയും പരിമിതിയും ഉണ്ട് എന്ന യാഥാർത്ഥ്യം അംഗീകരിക്കുന്നതോടൊപ്പം മനുഷ്യബുദ്ധിയുടെ അതിരുകളും ഇത് നമ്മെ അറിയിക്കുന്നു. ചിലർക്ക് സദാചാരമായിത്തീരുന്നത് മറ്റു ചിലർക്ക് ദുരാചാരമായി കാണേണ്ടിവരുന്നു. ചില ദേശക്കാർക്ക് അനുകൂലമായ കാര്യങ്ങൾ മറ്റുചിലർക്ക് പ്രതികൂലമായിത്തീരുന്നു. മനുഷ്യബുദ്ധിക്ക് എത്രതന്നെ വികാസം സംഭവിച്ചാലും ഇത്തരം പരിമിതികളിൽ നിന്നും പുറത്തുപോകാനാവില്ല. എങ്കിൽ സ്ഥലകാലങ്ങൾക്ക് അതീതമായവന്റെ ആജ്ഞാനിർദേശങ്ങൾ അനിവാര്യമാണെന്ന് നാം അംഗീകരിക്കേണ്ടി വരുന്നു.

ജനങ്ങളെ വ്യത്യസ്ത മാർഗത്തിലേക്ക് വഴിനടത്തുവാനായി പ്രവാചകന്മാരെയും വേദഗ്രന്ഥങ്ങളെയും അല്ലാഹു നിയോഗിച്ചയച്ചു. പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്തത് ഇസ്‌ലാമായിരുന്നു. ജനങ്ങൾ സ്വർഗപാതയിൽ നിന്ന് വ്യതിചലിക്കുകയും അഭിപ്രായവ്യത്യാസത്തിൽ ആയിത്തീരുകയും ചെയ്തപ്പോഴാണ് പ്രവാചകന്മാരെ അയച്ചത്.

മുൻവേദ ഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട, സകല പ്രവാചകന്മാരെയും വേദഗ്രന്ഥങ്ങളെയും ശക്തിപ്പെടുത്തുകയും ചെയ്ത മുഹമ്മദ് നബിﷺ അന്തിമദൂതനായി നിയോഗിതനായി. അതോടുകൂടി ഇസ്‌ലാമിനെ പൂർത്തീകരിക്കുകയും ഇസ്‌ലാമല്ലാത്ത മതം അസ്വീകാര്യമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.


ദൈവികസാക്ഷ്യമുള്ള അത്തരം പ്രവാചകന്മാരെ സത്യപ്പെടുത്തിയ അന്തിമ പ്രവാചകനായ മുഹമ്മദ് നബിﷺയിലൂടെ പൂർത്തീകരിക്കപ്പെട്ട മതം-ഇസ്‌ലാം സർവലോകർക്കുമുള്ള സന്ദേശവും വിശുദ്ധ ഖുർആൻ എല്ലാ കാലത്തേക്കുമുള്ള ജീവിതരേഖയുമായി. അല്ലാഹു പറയുന്നു:

"നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയികൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല" (34:28).

നിസ്സാരമായി ജനങ്ങൾ കണക്കാക്കുന്ന കാര്യങ്ങൾ മുതൽ ഗൗരവതരമായ വിഷയങ്ങളിൽ വരെ അല്ലാഹുവിന്റെ ദിവ്യബോധനം അനുസരിച്ചുള്ള നിയമങ്ങൾ ഇസ്‌ലാമിന് മാത്രം അവകാശപ്പെട്ടതാണ്. കുടുംബപരവും സാമൂഹികവും വൈയക്തികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ കാര്യങ്ങൾ മുതൽ ഇതരജീവികളോട് അനുവർത്തിക്കേണ്ട കാര്യങ്ങൾ വരെ ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. യുദ്ധത്തിലും സമാധാനത്തിലും സന്ധിയിലും കൈകൊള്ളേണ്ട നിയമങ്ങൾ അതിൽ ഉണ്ട്.

ഇസ്‌ലാം മുന്നോട്ട് വെക്കുന്ന കാര്യങ്ങളിൽ ഒന്ന് പോലും മനുഷ്യന് ഉൾക്കൊള്ളാൻ കഴിയാത്തതായി ഇല്ല. മതം വിരോധിച്ച കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് നല്ലതാണെന്നോ ഇസ്‌ലാം അംഗീകരിച്ച കാര്യങ്ങളിൽ കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് മോശമാണെന്നോ ഒരാൾക്കും പറയാൻ സാധ്യമല്ല. ഇസ്‌ലാമിനെതിരെ ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ ബാലിശമാണെന്ന്, മുൻവിധിയില്ലാതെ പഠിക്കുന്ന ഏതാരാൾക്കും ബോധ്യമാകും. അതിനുള്ള സൗകര്യമൊരുക്കുകയാണ് മുസ്‌ലിം കൂട്ടായ്മകൾ ചെയ്യേണ്ടത്. ●

ഡോ. മുഹമ്മദ് അശ്റഫ് മൗലവി, മദീന
mail@nerpatham.com



# ഹദീഥ്നിഷേധികളുടെ വ്യതിയാനങ്ങൾ

**സ്വാർഥ താൽപര്യങ്ങൾക്ക് പ്രമാണങ്ങൾ എതിരാവുമ്പോഴാണ് പലപ്പോഴും അതിനെ തെറ്റായി ഗ്രഹിക്കുവാനോ നിഷേധിക്കുവാനോ ആളുകൾ ധൃഷ്ടരാവുന്നത്. ഹദീഥ് നിഷേധത്തിന്റെയും നാരായവേര് കുടികൊള്ളുന്നത് ഇതിൽ തന്നെയാണ്. ഹദീഥ് നിഷേധത്തിന്റെ ചരിത്രവും വർത്തമാനകാല അവസ്ഥയും വിശദീകരിക്കുന്ന കനപ്പെട്ട രചന.**

റസൂൽﷺയോട് എതിരാകുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

“തനിക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!” (4:115 ).

“ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല” (4:65).

ഈ ആശയമുള്ള നിരവധി സൂക്തങ്ങൾ വിശുദ്ധ ക്വുർആനിലുള്ളപ്പോൾ ഹദീഥ് നിഷേധം എന്ന പിഴച്ച ചിന്ത പലർക്കും ഉൾക്കൊള്ളാനായില്ല. പിന്നെ മുഹമ്മദ് അബ്ദു, റശീദ് രിദ എന്നിവരെ പോലുള്ള ആളുകൾ അവരുടെ ഗ്രന്ഥങ്ങളിലൂടെയും മറ്റും ഈ കാര്യം പ്രചരിപ്പിക്കാൻ ശ്രമിച്ചതാണ് കഴിഞ്ഞ ലേഖനത്തിൽ സൂചിപ്പിച്ചത്. ഇന്ത്യയിൽ ഇതിന് വേരോട്ടമുണ്ടായി. ഭിന്നിപ്പിച്ച് കാര്യം നേടിയെടുക്കുക എന്ന പാശ്ചാത്യരുടെ തത്ത്വം മുമ്പിൽ വെച്ചാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ പ്രമുഖരായ പല മുസ്‌ലിം ചിന്തകരിലൂടെയും പ്രചാരണം നടത്തിയത്. ഇത്തരക്കാർ ബ്രിട്ടീഷ് സർക്കാർ നിലനിൽക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപെട്ടു. ആളുകൾ ജിഹാദിൽ ഏർപെടാതിരിക്കൻ വേണ്ടി പലതും പ്രചരിപ്പിച്ചു. മിർസയും ജുഗ്ഡാലവിയും ശക്തമായ പ്രചാരണങ്ങൾ നടത്തിക്കൊണ്ടിരുന്നു. ജുഗ്ഡാലവി 14 ഗ്രന്ഥങ്ങൾ ഈ വിഷയകമായി എഴുതി. അവയൊക്കെ മിർസാ ഗുലാമിന്റെ ലൈബ്രറിയിലാണ് ഇന്ന് സൂക്ഷിക്കപ്പെട്ടിരിക്കുന്നത്. ലാഹോറിൽ (അന്ന് ഇന്ത്യയിലാണ് ലാഹോർ ഉള്ളത്) ആ കാലഘട്ടത്തിൽ ജീവിച്ച അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ ഇശാഅത്തുസ്സുന്ന എന്ന പേരിൽ ഇറക്കിയ പത്രത്തിൽ ഹദീഥ്നിഷേധികളായ ഈ കൂട്ടർ, ഖാദിയാനികളെ പോലെ കാ

ഫിറുകളാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഹദീഥിനെ നിഷേധിക്കുക എന്നത് ഇസ്‌ലാമിൽ നിന്ന് തന്നെ പുറത്ത് പോകുന്ന വിഷയമാണെന്ന് അവർ മനസ്സിലാക്കിയിരുന്നു. സർസയ്യിദ് അഹ്മദ് ഖാൻ, ചിറാഗ് അലി, അബ്ദുല്ലാ ജുഗ്ഡാലവി, അഹ്മദുദ്ദീൻ അമൃതസരി, അഹ്മദ് ബർവേസ് എന്നിവരൊക്കെ കാഫിറുകളാണെന്നാണ് അന്നത്തെ മുഫ്തികൾ ഫത്‌വ നൽകിയിരുന്നത്.

**ഇവരുടെ നമസ്‌കാര രൂപം**

അബ്ദുല്ലാ ജുഗ്ഡാലവിയുടെ നമസ്‌കാര രൂപം അയാളുടെ പുസ്തകത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാം: "സൂര്യൻ (ആകാശമധ്യത്തിൽ നിന്ന്) തെറ്റിയത് മുതൽ രാത്രി ഇരുട്ടുന്നത് വരെ (നിശ്ചിത സമയങ്ങളിൽ) നീ നമസ്‌കാരം മുറപ്രകാരം നിർവഹിക്കുക. ക്വുർആൻ പാരായണം ചെയ്തുകൊണ്ടുള്ള പ്രഭാത നമസ്‌കാരവും (നിലനിർത്തുക). തീർച്ചയായും പ്രഭാതനമസ്‌കാരത്തിലെ ക്വുർആൻ പാരായണം സാക്ഷ്യം വഹിക്കപ്പെടുന്നതാകുന്നു"(ക്വുർആൻ 17:78).

ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് നേരം തന്നെ നമസ്‌കരിക്കണം എന്ന് അയാൾ സമ്മതിച്ചു. നമസ്‌കാരത്തിന്റെ റക്അത്ത് രണ്ടാവാം, മൂന്നാവാം, നാലാവാം എന്നൊക്കെ അയാൾ വാദിക്കുകയും ചെയ്തു. അതിനുള്ള തെളിവായി ഉദ്ധരിച്ച വചനം കാണുക: അല്ലാഹു പറയുന്നു:

"ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചുണ്ടാക്കിയവനും രണ്ടും മൂന്നും നാലും ചിറകുകളുള്ള മലക്കുകളെ ദൂതൻമാരായി നിയോഗിച്ചവനുമായ അല്ലാഹുവിന് സ്തുതി. സൃഷ്ടിയിൽ താൻ ഉദ്ദേശിക്കുന്നത് അവൻ അധികമാക്കുന്നു. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു" (35:1).

തക്ബീറത്തുൽ ഇഹ്‌റാമിന്റെ രൂപം: തക്ബീറത്തുൽ ഇഹ്‌റാമിനും ക്വുർആനിൽ നിന്ന് തന്നെ തെളിവ് കണ്ടെത്തിയത് കാണുക:

"തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു" (ഇന്നല്ലാഹ അലിയ്യൻ കബീറാ) (4:34) എന്ന് അല്ലാഹു ക്വുർആനിൽ പറഞ്ഞിട്ടുണ്ട്. അത് കൊണ്ട് ഇത് പറഞ്ഞാണ് ഇഹ്‌റാമിൽ പോകേണ്ടത്, 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞ് കൊണ്ടല്ല എന്ന് അദ്ദേഹം പറയുന്നു!

സുജൂദിന്റെ രൂപം: റുകൂഅ് കഴിഞ്ഞാൽ പിന്നെ ഇഅ്തിദാൽ ഇല്ല. കാരണം അതൊന്നും ക്വുർആനിൽ പറഞ്ഞിട്ടില്ല. റുകൂഇന് ശേഷം അവിടന്ന് ഒരു ചാട്ടമാണ് വേണ്ടതത്രെ! പിന്നെ സലാം വീട്ടലുമില്ല. സുജൂദിൽ നിന്ന് തന്നെ എണീറ്റ് പോകലാണ്. ഇതൊക്കെയാണ് ഇത്തരക്കാരുടെ നമസ്‌കാരത്തിന്റെ അവസ്ഥ.

മുഹമ്മദ് റമദാനും നമസ്‌കാരവും: മുഹമ്മദ് റമദാൻ എന്നയാൾ മറ്റൊരു രൂപത്തിലാണ് നമസ്‌കാരത്തെ മനസ്സിലാക്കിയത്. അയാളുടെ അടുക്കൽ നമസ്‌കാരം മൂന്ന് വക്ത് മാത്രമായിരുന്നു. അസ്‌റും, മഗ്‌രിബും 'അഹ്‌ലുൽ അഹ്‌വാഅ്' (ഇച്ഛയനുസരിച്ച് നടക്കുന്നവർ) കൊണ്ട് വന്നതാണെന്നാണ് ഇയാൾ പറയുന്നത്. എല്ലാ റക്അത്തിലും ഒരു സുജൂദ് മതി എന്നാണ് ഇയാളുടെ വാദം. സുജൂദ് അവസാനിച്ചാൽ എഴുന്നേറ്റ് പോവുകയും ചെയ്യാമത്രെ. ജുഗ്ഡാലവിയുടെ നമസ്‌കാര രൂപത്തിലെ ചില കാര്യങ്ങളോട് (ഇഅ്തിദാൽ ഇല്ലാതെ റുകൂഇൽ നിന്ന് സുജൂദിലേക്ക് ചാടുന്നത്) ഇദ്ദേഹം യോജിക്കുന്നുണ്ട്.

ലാഹോരീ ഹദീഥ് നിഷേധികളും നമസ്‌കാരവും: അവരുടെ നമസ്‌കാരം തുടങ്ങുന്നത് പ്രവാചകൻ ﷺ പഠിപ്പിച്ച പ്രാരംഭ പ്രാർഥന കൊണ്ടല്ല. റസൂൽﷺ മദീനയിലേക്ക് ഹിജ്‌റ വന്നപ്പോൾ പ്രാർഥിച്ചതായി ക്വുർആൻ വ്യാഖ്യാതാക്കൾ സൂചിപ്പിച്ച വചനമായ "എന്റെ രക്ഷിതാവേ, സത്യത്തിന്റെ പ്രവേശനമാർഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കേണമേ" (റബ്ബി അദ്ഖിൽനീ മുദ്ഖല സിദ്ക്വിൻ) (17:80)എന്ന് പറഞ്ഞ് കൊണ്ടാണ് തുടങ്ങേണ്ടത് എന്നാണ് അവരുടെ വാദം. അതോടൊപ്പം അവർ റുകൂഇൽ മൂന്ന് ആയത്തും സുജൂദിൽ അഞ്ച് ആയത്തും ഓതാറുണ്ടായിരുന്നു.

സയ്യിദ് റഫീഉം നമസ്‌കാരവും: നമസ്‌കാരം നാല് നേരമേ ഉള്ളൂ എന്ന് അയാൾ പറഞ്ഞു. ഹദീഥ് നിഷേധികളിൽ നമസ്‌കാരത്തിന് പലർക്കും പല വക്ത്താണ്. അവയുടെ പേരുകൾ: 1) തഹജ്ജുദ് നമസ്‌കാരം. 2) ഫജ്ർ നമസ്‌കാരം. 3) ദുഹ്ർ നമസ്‌കാരം. 4) സായാഹ്ന നമസ്‌കാരം. ഇങ്ങനെ നാല് വക്ത്തുകൾ. ഇതിൽ തഹജ്ജുദും ഫജ്‌റും നമസ്‌കരിക്കുമ്പോൾ കിഴക്ക് ഭാഗത്തേക്കും, ദുഹ്‌റും സായാഹ്ന നമസ്‌കാരവും പടിഞ്ഞാറ് ഭാഗത്തേക്കും തിരിഞ്ഞാണ് നമസ്‌കരിക്കേണ്ടത് എന്നാണ് അയാൾ പറയുന്നത്. ഇതിന് കാരണം പറയുന്നത് ക്വുർആനിൽ അല്ലാഹു കിഴക്കും പടിഞ്ഞാറുമൊക്കെ അല്ലാഹുവിന്റെതാണെന്ന് പറഞ്ഞിട്ടുണ്ടെന്നാണ്.

ഇത്തരം പ്രഹസനങ്ങളും മതത്തെ കളിയാക്കലുമൊക്കെയാണ് ഹദീഥ് നിഷേധത്തിന്റെ ഫലമായി ഇന്ത്യൻ മേഖലകളിൽ ഉണ്ടായത്. അറബികൾക്കിടയിൽ കാര്യമായ സ്വാധീനം ഈ നിഷേധങ്ങൾക്കും പരിഹാസങ്ങൾക്കും ഉണ്ടായില്ല എന്ന് നാം മനസ്സിലാക്കി. എന്നാൽ ഇന്ത്യയിൽ ഇന്നും ഇത് പ്രചരിച്ച് കൊണ്ടേയിരിക്കുന്നുണ്ട്. റസൂൽﷺ പോയ വഴിയിലൂടെ പോകാത്തപ്പോഴുള്ള കുഴപ്പങ്ങളാണ് ഇത്തരം വഴികേടുകൾക്ക് കാരണം. വിശുദ്ധ ക്വുർആനിൽ അല്ലാഹു റസൂൽﷺയോട് പറഞ്ഞത് കാണുക: "നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും" (16:44).

ഈ വിവരണം പ്രവാചകൻﷺയിൽ നിന്ന് മനസ്സിലാക്കാത്തതിനാൽ ഉണ്ടാകുന്ന അപകടങ്ങളാണിത്. ഈ വചനത്തിൽ വിശുദ്ധ ക്വുർആനിനെയും അതിന്റെ വിശദീകരണമായ തിരുസുന്നത്തിനെയും വേർതിരിച്ച് പറഞ്ഞത് സുവ്യക്തമാണ്. മറ്റൊരു സ്ഥലത്ത് അല്ലാഹു പറഞ്ഞത് കാണുക:

"പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ ബാധ്യതയാകുന്നു"(75:19). വിശുദ്ധ ക്വുർആനിനെ വിവ

രിക്കാൻ അല്ലാഹു ഏറ്റെടുത്ത ആ ബാധ്യതയാണ് മുകളിൽ സൂചിപ്പിച്ച ആയത്തിലൂടെ അല്ലാഹു വ്യക്തമാക്കിയത്. അഥവാ അത് വിശദീകരിക്കാൻ റസൂൽﷺയെ തെരഞ്ഞെടുത്തു എന്നർഥം. അപ്പോൾ അല്ലാഹുവിനോടും റസൂലിനോടും എതിരിടാനാവരുത് ഒരു മുസ്‌ലിം ശ്രദ്ധിക്കേണ്ടത്.

**ഇവരുണ്ടാക്കുന്ന സംശയങ്ങൾ**

ഇവർ ജനങ്ങൾക്കിടയിൽ ഉണ്ടാക്കുന്ന സംശയങ്ങൾ നമുക്ക് ചർച്ച ചെയ്യാം.

അല്ലാഹു പറയുന്നു: "ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല"(6:38).

ഇതിൽ പറയപ്പെട്ട 'കിതാബ്' 'ലൗഹുൽ മഹ്ഫൂദ്' ആണെന്നാണ് ഭൂരിഭാഗം വ്യാഖ്യാതാക്കളുടെയും അഭിപ്രായം. ഇമാം ശൗകാനിയെ പോലുള്ള ചില പണ്ഡിതർ അത് വിശുദ്ധ ക്വുർആനാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് വേണ്ട എല്ലാ കാര്യങ്ങളും ക്വുർആനിൽ തന്നെ ഉണ്ടാകുമ്പോൾ പിന്നെ എന്തിനാണ് ഹദീഥ് എന്നാണ് അവർ ചോദിക്കുന്നത്. അറിവില്ലാത്തവർക്ക് പെട്ടെന്ന് ഇത് ശരിയാണെന്ന് തോന്നാം. എന്നാൽ അറിവില്ലാത്തവർ അറിവില്ലായ്മയിൽ കൂടി പോകാതെ അല്ലാഹു പറഞ്ഞത് പോലെ അറിവുള്ളവരോട് ചോദിച്ച് മനസ്സിലാക്കുകയാണ് വേണ്ടത്. അല്ലാഹു പറയുന്നത് കാണുക: "നിങ്ങൾക്ക് അറിഞ്ഞ് കൂടെങ്കിൽ (വേദം മുഖേന) ഉദ്ബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ച് നോക്കുക" (16:43).

അല്ലാതെ മതത്തിൽ നമ്മുടെ ഇഷ്ടത്തിനനുസരിച്ച് നിയമങ്ങളും ആരാധനാരീതികളുമുണ്ടാക്കാൻ നമുക്ക് അധികാരമില്ല. അല്ലാഹുവും റസൂൽﷺയും പഠിപ്പിച്ച വിധം മാത്രം കാര്യങ്ങൾ ചെയ്യേണ്ടവരാണ് നമ്മൾ.

ഈ സൂക്തത്തിന്റെ വിവരണത്തിൽ അമാനി മൗലവി എഴുതുന്നു: "ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച് -അഥവാ പോരായ്മ -വരുത്തിയിട്ടില്ല" എന്നു പറഞ്ഞതിലെ 'ഗ്രന്ഥം' കൊണ്ടുദ്ദേശ്യം ക്വുർആൻ ആയിരിക്കുവാനും സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ എല്ലാ ചെറുതും വലുതുമായ കാര്യങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള അല്ലാഹുവിന്റെ ജ്ഞാനരേഖയാകുന്ന 'ലൗഹുൽ മഹ്ഫൂദ്) ആയിരിക്കുവാനും സാധ്യതയുണ്ട്. ഒന്നാമത്തേതനുസരിച്ച് ആ വാക്യത്തിന്റെ സാരം, നിങ്ങൾക്കു വേണ്ടുന്ന മാർഗനിർദേശങ്ങളും തെളിവുകളുമെല്ലാം വേണ്ടതുപോലെ ക്വുർആനിൽ നാം അടക്കം ചെയ്തിട്ടുണ്ടെന്നും, രണ്ടാമത്തേതനുസരിച്ച് ഓരോ വസ്തുവിനും സമുദായത്തിനും വേണ്ടത് എന്തെല്ലാമാണ്, അവ എങ്ങനെയെല്ലാം ആയിരിക്കണം എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം ആ രേഖയിൽ വ്യവസ്ഥ ചെയ്തുവെച്ചിട്ടുണ്ടെന്നും ആയിരിക്കുന്നതാണ്."

**സകാത്തും വിശുദ്ധ ക്വുർആനും**

സ്വർണത്തിത്തിനും വെള്ളിക്കുമെല്ലാം സകാത്ത് നൽകണമെന്നും, സകാത്തിന്റെ അവകാശികൾ എട്ട് വിഭാഗമാണെന്നും അല്ലാഹു ക്വുർആനിലൂടെ അറിയിക്കുന്നുണ്ട്. സകാത്ത് കൊടുക്കാത്തവർക്ക് ലഭിക്കാനിരിക്കുന്ന ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പും ക്വുർആനിൽ കാണാം. അല്ലാഹു പറയുന്നത് കാണുകക: "സ്വർണവും വെള്ളിയും നിക്ഷേപമാക്കി വെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക"(9:34).

സകാത്തിന്റെ അവകാശികളെക്കുറിച്ച് അല്ലാഹു പറയുന്നു:"ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രൻമാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും (ഇസ്‌ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും അടിമകളുടെ (മോചനത്തിന്റെ) കാര്യത്തിലും കടംകൊണ്ട് വിഷമിക്കുന്നവർക്കും അല്ലാഹുവിന്റെ മാർഗത്തിലും വഴിപോക്കന്നും മാത്രമാണ്. അല്ലാഹുവിങ്കൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്" (9:60).

സകാത്ത് നൽകണമെന്നും അതിന്റെ അവകാശികൾ ഈ ആയത്തിൽ സൂചിപ്പിച്ചവരാണെന്നും നമുക്ക് മനസ്സിലാക്കാൻ സാധിച്ചു. എന്നാൽ എങ്ങനെ ചെലവഴിക്കണമെന്നും എപ്പോഴാണ് ചെലവഴിക്കേണ്ടതെന്നും എത്ര കൊടുക്കണമെന്നും വിശുദ്ധ ക്വുർആനിൽ വിവരിക്കപ്പെട്ടിട്ടില്ല. അവ മനസ്സിലാക്കണമെങ്കിൽ പ്രവാചകൻﷺയുടെ വിശദീകരണം അനിവാര്യമാണ്. അതിന് വേണ്ടിയാണ് പ്രവാചകൻﷺയെ അല്ലാഹു നിയോഗിച്ചത് തന്നെ. വിശുദ്ധ ക്വുർആനിൽ എല്ലാ കാര്യങ്ങളും മൊത്തമായി വിവരിക്കുകയും അതിന്റെ വിവരണം നൽകാൻ പ്രവാചകൻﷺയെ അല്ലാഹു ഏൽപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആ വിവരണമാകട്ടെ അല്ലാഹു അറിയിച്ച് കൊടുക്കുന്നത് പ്രകാരവുമാണ്. ഇത് നമ്മൾ മനസ്സിലാക്കണം.

**നമസ്കാരവും വിശുദ്ധ ക്വുർആനും**

നമസ്കാരത്തിന്റെ അഞ്ച് സമയങ്ങളെക്കുറിച്ച് അല്ലാഹു വിശുദ്ധ ക്വുർആനിൽ പറഞ്ഞിട്ടില്ല എന്ന് ചിലർ സംശയമുണ്ടാക്കാറുണ്ട്. നേരത്തെ ഉദ്ധരിച്ച 17:78 സൂക്തം നോക്കുക. ഈ സൂക്തത്തിൽ നിന്ന് തന്നെ അഞ്ച് നമസ്കാരങ്ങളെക്കുറിച്ച് അല്ലാഹു അറിയിക്കുന്നത് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കൂടാതെ റസൂൽﷺ അവ വിവരിച്ച് തന്നിട്ടുമുണ്ട്. അതിനും പുറമെ അസ്ർ നമസ്കാരത്തെക്കുറിച്ച് അല്ലാഹു പ്രത്യേകം പറയുന്നതും കാണുക: "പ്രാർഥനകൾ (അഥവാ നമസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും ഉൽകൃഷ്ടമായ നമസ്കാരം (സ്വലാത്തുൽ വുസ്ത്വാ). അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടു കൂടി നിന്നുകൊണ്ടാകണം നിങ്ങൾ പ്രാർഥിക്കുന്നത്" (2:238).

ഇതിൽ പറഞ്ഞ 'സ്വലാത്തുൽ വുസ്ത്വാ' അസ്ർ നമസ്കാരമാണെന്നാണ് ഭൂരിഭാഗം വ്യാഖ്യാതാക്കളും പറയുന്നത്. നമസ്കാരത്തിന്റെ സമയത്തിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നവർക്ക് ഓരോ നമസ്കാരത്തിലും റക്അത്തുകൾ നിശ്ചയിക്കാൻ ആരാണ് പഠിപ്പിച്ചത്? അത് ക്വുർആനിൽ പറഞ്ഞിട്ടുണ്ടോ? ഓരോ നമസ്കാരത്തിലും പ്രത്യേക എണ്ണം റക്അത്തുകൾ

പഠിപ്പിച്ചതാരാണ്? റസൂൽﷺയാണ് ഇവ നമുക്ക് പഠിപ്പിച്ച് തന്നത്. അത് കൊണ്ട് ആ റസൂലിനെ പിൻപറ്റുക എന്നതല്ലാതെ സ്വന്തം ബുദ്ധികൊണ്ട് രൂപപ്പെടുത്തുന്ന ആരാധനകൾ ചെയ്യാനല്ല അല്ലാഹു പറഞ്ഞത് എന്ന് മനസ്സിലാക്കണം. അല്ലാഹു വിശദീകരണം പറഞ്ഞിട്ടില്ല എന്ന് വാദിച്ച് ഇത്തരം കാര്യങ്ങൾ ഇവർ ഉപേക്ഷിക്കുന്നുണ്ടോ എന്ന് ചിന്തിക്കണം. തനിക്ക് തോന്നിയത് എടുക്കാനും ഇഷ്ടമില്ലാത്തത് തള്ളാനുമല്ല മുസ്‌ലിം ശ്രമിക്കേണ്ടത്. അത് പോലെ തന്നെ യാത്രയിലാണെങ്കിൽ നാല് റക്അത്തുള്ള നമസ്കാരം രണ്ട് റക്അത്തായി ചുരുക്കി നമസ്കരിക്കേണ്ട രൂപം ക്വുർആനിൽ വിവരിച്ചിട്ടില്ല. ചുരുക്കി നമസ്കരിക്കാം എന്ന് മാത്രമാണ് അല്ലാഹു ക്വുർആനിൽ പറഞ്ഞിട്ടുള്ളത്:

“നിങ്ങൾ ഭൂമിയിൽ യാത്രചെയ്യുകയാണെങ്കിൽ സത്യനിഷേധികൾ നിങ്ങൾക്ക് നാശം വരുത്തുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം നമസ്കാരം ചുരുക്കി നിർവഹിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല” (4:101). റസൂൽ ﷺയാണ് ഏത് രൂപത്തിലാണ് ചുരുക്കി നമസ്കരിക്കേണ്ടത് എന്ന് നമ്മെ പഠിപ്പിച്ചത്. ഹദീഥ് നിഷേധികൾ ഇത് എങ്ങനെയായിരിക്കും നമസ്കരിക്കുക? ക്വുർആനിൽ റക്അത്തുകളുടെ എണ്ണം പഠിപ്പിച്ചിട്ടില്ല. അത് കൊണ്ട് ഒരു റക്അത്ത് മാത്രം നമസ്കരികരിച്ചാൽ മതി എന്ന് വാദിക്കുന്ന ഇവർ എങ്ങനെയാണ് ചുരുക്കി നമസ്കരിക്കുക? ആർത്തവമുള്ളവരുമായി ബന്ധപ്പെടാൻ പാടില്ലെന്ന് ക്വുർആൻ പഠിപ്പിച്ചതാണ്. എന്നാൽ ആർത്തവം, പ്രസവ രക്തം തുടങ്ങിയവയുള്ള സ്ത്രീകൾ നമസ്കരിക്കരുതെന്ന് വിശുദ്ധ ക്വുർആനിൽ കാണാൻ സാധ്യമല്ല. അപ്പോൾ ക്വുർആൻ മാത്രം മതി എന്ന് വാദിക്കുന്ന ഇവരുടെ സ്ത്രീകൾ ഇത്തരം വേളകളിലും നമസ്കരിക്കേണ്ടി വരും.

മോഷണത്തിന്റെ ശിക്ഷയെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക: “മോഷ്ടിക്കുന്നവന്റെയും മോഷ്ടിക്കുന്നവളുടെയും കൈകൾ നിങ്ങൾ മുറിച്ചുകളയുക. അവർ സമ്പാദിച്ചതിന്നുള്ള പ്രതിഫലവും അല്ലാഹുവിങ്കൽ നിന്നുള്ള മാതൃകാപരമായ ശിക്ഷയുമാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു” (5:37).

കട്ടവന്റെ കൈ വെട്ടണമെന്നാണ് അല്ലാഹു അറിയിക്കുന്നത്. ഈ വചനത്തിലെ ‘കൈകൾ’ എന്ന പദത്തിന് ‘ശക്തി’ എന്ന അർഥം നൽകുകയും, കള്ളൻമാരെ ഇല്ലാതാക്കാൻ ഗവണ്മെന്റ് ശക്തി പ്രയോഗിക്കണം എന്നാക്കുകയും ചെയ്തു ഹദീഥ് നിഷേധികൾ. കാരണം കൈകൾ എന്ന് അർഥം പറഞ്ഞാൽ പല ചോദ്യങ്ങൾക്കും അവർക്ക് ഉത്തരം കണ്ടെത്താൻ കഴിയില്ല. കൈ വെട്ടുകയാണെങ്കിൽ തന്നെ എവിടെയാണ് വെട്ടേത്? കൈപടമാണോ, അതോ കൈമുട്ടാണോ വെട്ടേണ്ടത്? എത്ര കട്ടാലാണ് വെട്ടേണ്ടത്? എപ്പോൾ വെട്ടണം? ഇതൊക്കെ ഹദീഥുകളാണ് വിശദീകരിക്കുന്നത്. അല്ലാഹു പറഞ്ഞ രൂപത്തിൽ റസൂൽﷺയെ അനുസരിച്ച് കൊണ്ട് ജീവിച്ചാൽ ഇത്തരം ആശയക്കുഴപ്പങ്ങളുണ്ടാവില്ല. അല്ലെങ്കിൽ അല്ലാഹു പറഞ്ഞതിൽ വീഴ്ചയുണ്ട് എന്ന് പറയേണ്ടി വരും. എന്നാൽ അല്ലാഹു പറയുന്നത് കാണുക: “ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു” (5:3).


മതം പരിപൂർണമായിട്ടുണ്ട്. അത് ക്വുർആനും തിരു സുന്നത്തും അനുസരിച്ചെങ്കിൽ മാത്രമെ നമുക്ക് യാഥാർഥ്യമാക്കാൻ സാധിക്കുകയുള്ളൂ. അതാണ് സ്വഹാബികളിൽ നമ്മൾ കണ്ടത്. അവർക്ക് ക്വുർആൻ മാത്രം മതി എന്നും ഹദീഥ് വേണ്ട എന്നുമുള്ള ചിന്ത ഉണ്ടായിട്ടേ ഇല്ല. മുകളിൽ സൂചിപ്പിച്ച പ്രശ്നങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് അല്ലാഹു ക്വുർആനിൽ പല കാര്യങ്ങളും പൊതുവായി പരാമർശിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നാണ്. ഇങ്ങനെ മൊത്തത്തിൽ കാര്യങ്ങൾ പറയുമ്പോഴെല്ലാം അല്ലാഹു ആവർത്തിച്ച് ഉണർത്തുന്ന ഒരു കാര്യമാണ് നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയും റസൂൽﷺ പഠിപ്പിച്ച കാര്യങ്ങൾ സ്വീകരിക്കുകയും വിലക്കിയ കാര്യങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യണമെന്നത്. ഇത് മറക്കുമ്പോഴും അതിനെ നിഷേധിക്കുമ്പോഴും അപകടങ്ങളിൽ കുടുങ്ങുമെന്നത് യാഥാർഥ്യമാണ്.

അല്ലാഹു പറയുന്നത് കാണുക: “(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല” (4:80).

ഇതിൽ നിന്ന് റസൂൽﷺയെ അനുസരിക്കണം എന്നുള്ള കാര്യം സുവ്യക്തമാണ്. ക്വുർആനിൽ പറഞ്ഞ കാര്യങ്ങളിൽ മാത്രം റസൂൽﷺയെ അനുസരിച്ചാൽ മതി എന്ന് ഇതിൽ നിന്ന് കിട്ടില്ല. റസൂൽﷺ നമ്മെ അറിയിക്കുന്ന എല്ലാ കാര്യങ്ങളിലും ഈ അനുസരണം നമ്മിൽ ഉണ്ടായിരിക്കണം. അല്ലാഹു നമ്മെ അറിയിക്കുന്ന മറ്റൊരു കാര്യം ശ്രദ്ധിക്കുക: “തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്” (33:21).

മതത്തിന്റെ എല്ലാ വിഷയങ്ങളിലും ഈ മാതൃക വിശ്വാസികൾക്ക് ഉണ്ടെന്നാണ് അല്ലാഹു പറയുന്നത്. അല്ലാഹു മാതൃകയാക്കണമെന്ന് പറഞ്ഞ ഈ മാതൃകയാണ് ഹദീഥ് നിഷേധികൾ ഇല്ലാതാക്കുന്നത്. ഈ സമുദായത്തിന്റെ ഇമാം ആണ് റസൂൽﷺ. അദ്ദേഹം എന്ത് പറഞ്ഞാലും പ്രവർത്തിച്ചാലും നാം അതിനെ പിന്തുടരണം. കാരണം റസൂൽﷺ വഹ്‌യിന്റെ അടിസ്ഥാനത്തിലാണ് സംസാരിക്കാറുള്ളത്. അല്ലാഹു പറയുന്നു: “അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു” (53:3,4). **(അവസാനിച്ചില്ല).**

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



കവർ സ്റ്റോറി

# പുകയുന്ന മുത്ത്വലാഖും പടരുന്ന ആശങ്കകളും

**മുത്ത്വലാക്വ് ഭരണഘടനാവിരുദ്ധമാണെന്ന് കോടതി വിധിച്ചാൽ മൂന്നു മാസത്തിനുള്ളിൽ പുതിയ നിയമം കൊണ്ടുവരുമെന്ന് കേന്ദ്ര സർക്കാരിനുവേണ്ടി സുപ്രീം കോടതിയിൽ ഹാജരായ അറ്റോർണി ജനറൽ മുകുൾ റോഹ്ത്തഗി ഇന്ന് (മെയ് 15) അറിയിച്ചതിലൂടെ സർക്കാരിന്റെ പൂച്ച പുറത്തു ചാടിയിരിക്കുകയാണ്. എല്ലാ ത്വലാക്വും ഭരണഘടനാവിരുദ്ധമാണെന്നും ത്വലാക്വ് എന്ന് പറയുന്നത് തന്നെ സ്ത്രീകളുടെ സമത്വം ഇല്ലാതാക്കുന്നതാണെന്നും അറ്റോർണി ജനറൽ കേന്ദ്ര സർക്കാരിന്റെ നിലപാടെന്ന നിലക്ക് കോടതിയിൽ പ്രസ്താവിച്ചത് ഏറെ ആശങ്കാജനകമായ കാര്യമാണ്. വിവാഹ മോചനം പാടെ നിയമവിരുദ്ധമാക്കപ്പെട്ടാൽ അത് സ്ത്രീകൾക്ക് എന്ത് സമത്വവും സ്വാതന്ത്ര്യവും സന്തോഷവുമാണ് പ്രദാനം ചെയ്യുക?**

ഇസ്‌ലാമിലെ വിവാഹ മോചനം (ത്വലാക്വ്) ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണിന്ന്. പത്രങ്ങളിൽ മിക്ക ദിവസങ്ങളിലും മുത്ത്വലാഖുമായി ബന്ധപ്പെട്ട വാർത്ത വരുന്നതിനാൽ 'മുത്ത്വലാക്വ്' എന്ന പ്രയോഗം എല്ലാ മലയാളികളുടെയും മനസ്സിൽ പതിഞ്ഞുകഴിഞ്ഞു.

വിവാഹം എന്നത് ഇസ്‌ലാമിൽ ഉറപ്പേറിയ ഒരു കരാറാണ്. "ആണുങ്ങൾക്ക് വേണമെങ്കിൽ എത്രയും കെട്ടാം, എപ്പോൾ വേണമെങ്കിലും മൊഴി ചൊല്ലാം. ഇതാണ് ശരീഅത്ത്" എന്ന് പണ്ട് സഖാവ് ഇ. എം. എസ് നമ്പൂതിരിപ്പാട് എഴുതിയതുപോലെ(ചിന്ത വാരിക, 1994 സെപ്റ്റംബർ 23)യല്ല ഇസ്‌ലാമിലെ വിവാഹവും വിവാഹ മോചനവും. അതിന് കൃത്യമായ നിയമങ്ങളും നിർദേശങ്ങളും ഇസ്‌ലാമിക ശരീഅത്തിലുണ്ട്.

മാർക്സിസത്തിൻെറ ഈ രംഗത്തുള്ള നിലപാട് അറിയാൻ ഇത് കാണുക: "വ്യക്തിഗതമായ ലൈംഗികപ്രേമം ഓരോരുത്തനും, വിശിഷ്യാ പുരുഷന്, എത്രകാലം നിലനിൽക്കുമെന്ന് പറയാൻ ആരെക്കൊണ്ടുമാവില്ല. സ്നേഹം വറ്റിപ്പോയെന്നോ മറ്റൊരു പാത്രത്തിലേക്ക് തിരിഞ്ഞുപോയെന്നോ വ്യക്തമായാലുടൻ വിവാഹമോചനം നടത്തുകയാണ് നല്ലത്. അങ്ങനെ ചെയ്താൽ അത് ദമ്പതികൾക്കും സമുദായത്തിനൊട്ടാകെയും ഒരനുഗ്രഹമായിരിക്കും" (മാർക്സ്, ഏംഗൽസ്: തെരഞ്ഞെടുത്ത കൃതികൾ മൂന്നാം വാള്യം, പുറം 319).

മനുഷ്യന്റെ സ്രഷ്ടാവിന്റെ മതമാണ് ഇസ്‌ലാം. അത്കൊണ്ടുതന്നെ മനുഷ്യത്വവിരുദ്ധമായ നിയമങ്ങൾ അതിൽ കാണുവാൻ സാധ്യമല്ല. ഒരുമിച്ച് ജീവിക്കൽ തികച്ചും അസാധ്യമെന്ന അവസ്ഥ വന്നാൽ പിന്നീടും ഒരുമിച്ച് ജീവിക്കാൻ നിർബന്ധിക്കപ്പെടുക എന്നത് സ്ത്രീയോടും പുരുഷനോടും കാണിക്കുന്ന അക്രമമാണ്. അങ്ങനെ വരുമ്പോഴാണ് ഗ്യാസ് സ്റ്റൗ പൊട്ടിത്തെറിച്ചും മറ്റുമൊക്കെയുള്ള മരണങ്ങൾ വീടകങ്ങളിൽ നടക്കുന്നത്.

ഭർത്താവിന് ദേഷ്യം വരുമ്പോഴോ കറിയിൽ ഉപ്പ് കൂടിയതിനോ അനിഷ്ടകരമായ എന്തെങ്കിലും സമീപനം ഭാര്യയിൽനിന്നുണ്ടായതിനാലോ യഥേഷ്ടം എടുത്തുപയോഗിക്കാൻ പറ്റുന്ന ഒരായുധമല്ല ഇസ്‌ലാമിലെ ത്വലാക്വ്. മതം അനുശാസിക്കുന്ന ത്വലാഖ് നടപ്പിലാക്കൽ അത്ര എളുപ്പമുള്ളതല്ല. അതിന്റെ രീതികൾ കൃത്യമായി ഇസ്‌ലാം പഠിപ്പിക്കുന്നുമുണ്ട്.

ഭാര്യയിൽ തെറ്റുകുറ്റങ്ങൾ കണ്ടുകഴിഞ്ഞാൽ ഭർത്താവ് ഉടനെ 'ഞാൻ നിന്നെ മൊഴി മൂന്നും ചൊല്ലി' എന്നു പറഞ്ഞ് ബന്ധം മുറിക്കണമെന്നല്ല ഇസ്‌ലാം അനുശാസിക്കുന്നത്. ആദ്യം ചെയ്യേണ്ടത് അവളെ ഉപദേശിക്കലാണ്. തന്നിൽനിന്നും ഇവൾ അകന്നു പോകരുത് എന്ന ഉദ്ദേശത്തോടുകൂടി അവളെ എങ്ങനെയെങ്കിലും അടുപ്പിക്കാൻ വേണ്ട ശ്രമങ്ങൾ നടത്തണം. ഈ ശ്രമം തുടർന്നിട്ടും ഫലം കാണുന്നില്ലെന്നു കണ്ടാൽ കിടപ്പറയിൽ അവളെ വെടിയണം. ദമ്പതികൾ എല്ലാം മറക്കുന്ന കിടപ്പറയിൽ നിന്നുള്ള അകൽച്ച സ്വഭാവികമായും അവരെ അടുപ്പിക്കാൻ നിമിത്തമായിത്തീരും. എന്നിട്ടും അവളുടെ പെരുമാറ്റം മാറ്റമില്ലാതെ തുടരുകയാണെങ്കിൽ അവളെ ലളിതമായി അടിക്കാം. ആ അടി ശാരീരികമായി അവളെ മർദിക്കാൻ വേണ്ടിയല്ല, ഇന്നുവരെ തന്റെ ശരീരത്തെ വേദനിപ്പിച്ചിട്ടില്ലാത്ത ഭർത്താവ് തന്നെ അടിച്ചുവല്ലോ എന്ന വൈകാരികാവസ്ഥ അവളുടെ മനസ്സിലുണ്ടാകാൻ വേണ്ടിയാണ്. സാധാരണ ഗതിയിൽ സ്ത്രീയെ അടിക്കുന്നതിനെതിരെ ശക്തമായി പ്രതികരിച്ചിട്ടുള്ള മഹാനാണ് മുഹമ്മദ് നബിﷺ. "ഭാര്യമാരെ അടിക്കുന്നവർ മാന്യന്മാരല്ല" (അബൂദാവൂദ്, ഇബ്നുമാജ) എന്നാണ് അദ്ദേഹം പഠിപ്പിച്ചിട്ടുള്ളത്. ഒരിക്കൽ അദ്ദേഹം ചോദിച്ചു: "നാണമില്ലേ നിങ്ങൾക്ക്; അടിമയെ അടിക്കുന്നതുപോലെ സ്വന്തം ഭാര്യയെ അടിക്കാൻ, പിന്നെ അവളോടൊത്ത് ശയിക്കാനും" (മുസ്‌ലിം, അഹ്മദ്). "നിങ്ങളിൽ ഭാര്യമാരോട് നന്നായി പെരുമാറുന്നവരാണ് ഏറ്റവും നല്ലവൻ" (ബുഖാരി,തുർമുദി) എന്നു പഠിപ്പിച്ച പ്രവാചകനിലൂടെ അവതീർണമായ ക്വുർആൻ വെറുതെ സ്ത്രീയെ അടിക്കണമെന്ന് കൽപിക്കുകയില്ലല്ലോ.

ഇതിനു ശേഷം അവളിൽ നിന്നും അനുകൂല പ്രതികരണങ്ങൾ കണ്ടുതുടങ്ങിയാൽ പിന്നീട് ത്വലാഖിന്റെ ഒരു നടപടിയുമായും മുന്നോട്ടുപോകരുതെന്ന് ക്വുർആൻ കർശനമായി വിലക്കുന്നുണ്ട്.

"....അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക, കിടപ്പറയിൽ അവരുമായി അകന്നുനില്ക്കുക, അവരെ



അടിക്കുകയും ചെയ്തുകൊള്ളുക. എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്നപക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു." (4:34).

ഭർത്താവ് സ്വന്തം നിലയിൽ നടത്തുന്ന ശ്രമങ്ങൾ കൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ ഇരുവരുടെയും കുടുംബങ്ങളിൽ നിന്നുള്ള മധ്യസ്ഥന്മാർ അനുരഞ്ജനശ്രമം നടത്തണം.

"ഇനി, അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരു വിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്..." (4:35).

**എന്താണ് മുത്ത്വലാക്വ്?**

അനുരഞ്ജന ശ്രമം പരാജയപ്പെടുകയാണെങ്കിൽ ഭർത്താവിന് ഒരു പ്രാവശ്യം ത്വലാഖ് ചൊല്ലാം. തുടർന്ന് ഇദ്ദ (ദീക്ഷാകാലം) കഴിയുന്നതുവരെ അവളെ അവന്റെ വീട്ടിൽ തന്നെ താമസിപ്പിക്കണം. ബന്ധം പുനസ്ഥാപിക്കാൻ സഹായകമായേക്കാവുന്ന ഒരു കാര്യമാണിത്. ഇങ്ങനെ ഒരാൾ തന്റെ ഭാര്യയെ ആദ്യമായി ത്വലാക്വ് ചൊല്ലുകയാണെങ്കിൽ അവരുടെ ഇദ്ദ സമയത്തിനു മുമ്പായി അല്ലെങ്കിൽ മൂന്ന് മാസം പൂർത്തിയാകുന്നതിനിടയിൽ അവർക്ക് നിയമസംവിധാനത്തിന്റെ ഒരു നടപടിക്രമവും കൂടാതെ തന്നെ ഒരുമിച്ച് ജീവിക്കാൻ പറ്റും. അവർ നേരത്തെ ദമ്പതിമാരായി ജീവിച്ചതുപോലെ തുടരുന്നതിന് പ്രത്യേകമായി എന്തെങ്കിലും പറയുകയോ ചെയ്യുകയോ ചെയ്യേണ്ടതില്ല.

മൂന്ന് മാസത്തിനു ശേഷവും അവളെ അവൻ തിരിച്ചെടുക്കുന്നില്ലെങ്കിൽ അവർ വിവാഹമോചിതരായിത്തീരും; ഇരുവർക്കും വേറെ വിവാഹത്തിൽ ഏർപ്പെടാനും പറ്റും. ഇനി ഇദ്ദ സമയം കഴിഞ്ഞ് കുറച്ച് കാലങ്ങൾക്ക് ശേഷമാണ് അവർ വീണ്ടും ഒരുമിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നതെങ്കിൽ ഒരു പുതിയ നികാഹിലൂടെ അവർക്ക് ഒരുമിച്ചു ജീവിക്കാൻ പറ്റും. ഇതും നേരത്തെതുപോലെ വളരെ ലളിതമായ ഒന്നാണ്.

ആദ്യ ത്വലാക്വിനു ശേഷം ഇദ്ദയുടെ സമയത്ത് അവർ വീണ്ടും ഒരുമിച്ച് ജീവിക്കാൻ തയ്യാറാവുകയും ജീവിച്ചു തുടങ്ങുകയും വീണ്ടും അവർക്കിടയിൽ കൂടുതൽ സങ്കീർണമായ പ്രശ്നം ഉടലെടുക്കുകയും അങ്ങനെ അവൻ രണ്ടാം തവണയും ത്വലാക്വ് ചെയ്യുകയും ചെയ്താൽ അപ്പോൾ ഭാര്യ രണ്ടാമത്തെ ത്വലാക്വിന്റെ ഇദ്ദയിലായിരിക്കും. എന്നാൽ അവർക്കിടയിലുള്ള പ്രശ്നം പരിഹരിക്കുകയും അവർ വീണ്ടും ഒരുമിച്ചു ജീവിക്കാൻ താൽപര്യപ്പെടുകയും ചെയ്യുകയാണെങ്കിൽ അവർക്ക് പഴയതുപോലെ ദമ്പതികളായി തുടരാൻ പറ്റും. പിന്നീട് ഈ ദമ്പതിമാർ ഒരുമിച്ച് കഴിയുന്നതിനിടയിൽ വീണ്ടും പ്രശ്നം ഉടലെടുക്കുകയാണെങ്കിൽ ഒരു തവണകൂടി ത്വലാഖ് ചെയ്യാൻ പുരുഷന് അവകാശം ഉണ്ട്. ഇത് അവസാനത്തേതും തിരിച്ചെടുക്കാൻ പറ്റാത്തതുമായിരിക്കും.

മൂന്നാമത്തെ ത്വലാക്വും ചൊല്ലിക്കഴിഞ്ഞാൽ പിന്നെ അവളെ മറ്റൊരാൾ വിവാഹം ചെയ്ത് ഒരുമിച്ച് ജീവിക്കുന്നതിനിടയിൽ അയാൾ അവളെ ത്വലാക്വ് ചൊല്ലിയാലല്ലാതെ ആദ്യ ഭർത്താവിന് അവളെ തിരിച്ചെടുക്കാൻ അവന് പറ്റില്ലെന്ന് അല്ലാഹു ക്വുർആനിലൂടെ വ്യക്തമാക്കുന്നു. രണ്ടു ത്വലാക്വുകൾക്ക് ശേഷമാണ് അവർക്കിടയിൽ മൂന്നാമത്തെ ത്വലാക്വ് നടക്കുന്നത്. ഇതിനർഥം അവർക്കിടയിൽ സന്തോഷത്തോടുകൂടി ഒരുമിച്ച് ജീവിക്കുന്നതിനുള്ള എല്ലാ സാധ്യതകളും അടഞ്ഞിരിക്കുന്നു എന്നും അവരുടെ വിവാഹ ജീവിതം തുടരുന്നത് അർഥ ശൂന്യമാണ് എന്നുമാണ്.

ഇക്കാര്യം വിശുദ്ധ ക്വുർആൻ വിവരിക്കുന്നത് കാണുക:

"(മടക്കിയെടുക്കാൻ അനുമതിയുള്ള) വിവാഹമോചനം രണ്ടു പ്രാവശ്യം മാത്രമാകുന്നു. പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിർത്തുകയോ, അല്ലെങ്കിൽ നല്ലനിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്..." (2:229).



"ഇനിയും (മൂന്നാമതും) അവൻ അവളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അതിന് ശേഷം അവളുമായി ബന്ധപ്പെടൽ അവന് അനുവദനീയമാവില്ല; അവൾ മറ്റൊരു ഭർത്താവിനെ സ്വീകരിക്കുന്നത് വരേക്കും. എന്നിട്ട് അവൻ (പുതിയ ഭർത്താവ്) അവളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ (പഴയ ദാമ്പത്യത്തിലേക്ക്) തിരിച്ചുപോകുന്നതിൽ അവരിരുവർക്കും കുറ്റമില്ല; അല്ലാഹുവിന്റെ നിയമ പരിധികൾ പാലിക്കാമെന്ന് അവരിരുവരും വിചാരിക്കുന്നുണ്ടെങ്കിൽ. അല്ലാഹുവിന്റെ നിയമ പരിധികളത്രെ അവ. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അല്ലാഹു അത് വിവരിച്ചുതരുന്നു" (2:230).

മൂന്നു ത്വലാഖും ഒന്നിച്ചു ചൊല്ലിയ ഒരാളെ ഉമർ(റ) ചമ്മട്ടികൊണ്ട് അടിക്കുവാൻ കൽപിച്ചിട്ടുണ്ട്. മൂന്ന് ത്വലാക്വുകൾ എന്ന വിവിധ ഘട്ടങ്ങളായുള്ള പദ്ധതി സ്ത്രീക്ക് ഗുണകരമാണെന്നതാണ് വാസ്തവം. ക്വുർആൻ പറഞ്ഞ രീതിയിൽ ജീവിക്കുന്ന ഒരാൾക്ക് അയാളുടെ ഹൃദയത്തിൽ അൽപമെങ്കിലും സ്നേഹം ബാക്കിയുണ്ടെങ്കിൽ മൂന്നാമത് ത്വലാക്വ് ചെയ്യാൻ കഴിയില്ല. സ്വന്തം ഭാര്യയോടൊപ്പം ഒന്നിച്ചുകഴിയാൻ എന്തെങ്കിലും പഴുതുണ്ടോയെന്ന് അന്വേഷിക്കുകയും ഉണ്ടെങ്കിൽ അതുപയോഗപ്പെടുത്തുകയും ചെയ്യുകയാണ് മൂന്നാമത്തെ ത്വലാക്വിന് മുമ്പ് അയാൾ ചെയ്യുക. ഇനിയൊരിക്കലും ഒന്നിച്ചുകഴിയാൻ സാധിക്കില്ലെന്ന് ഉറപ്പായതിന് ശേഷം മാത്രമെ മൂന്നാം പ്രാവശ്യം അയാൾ അവളെ വിവാഹമോചനം ചെയ്യുകയുള്ളൂ.

ഇങ്ങനെ മൂന്ന് തവണകളിലായി നടത്തേണ്ട ത്വലാക്വ് ഒറ്റത്തവണ നടത്തുന്ന രീതി അവസാനിപ്പിക്കേണ്ട

തുണ്ടോ ഇല്ലേ എന്നതാണ് ഇന്ന് സുപ്രീംകോടതിക്കു മുമ്പാകെയുള്ള വിഷയം. ഈ സമ്പ്രദായം ക്വുർആന ികാധ്യാപനത്തിനു വിരുദ്ധമാണ് എന്ന് നാം കണ്ടു. പിന്നെ എന്തുകൊണ്ട് ഇത് നിരോധിക്കാൻ മുസ്‌ലിംകൾ വിസമ്മതിക്കുന്നു? ആരാണോ മുസ്‌ലിംകൾക്കിടയിലെ ത്വലാക്വും മുത്ത്വലാക്വും അവസാനിപ്പിക്കണം എന്ന് മുറവിളി കൂട്ടുന്നത് അവർക്കുള്ളത് ചില ഹിഡൻ അജണ്ടകളാണ്. കോടതി ഇടപെട്ട് മുസ്‌ലിം വ്യക്തിനിയമത്തിലെ ഏതെങ്കിലുമൊരു കാര്യത്തിൽ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്താൽ പിന്നെ ഇവരുടെ ലക്ഷ്യം നടപ്പിലാക്കൽ എളുപ്പമാകും. ആ വിധിയുടെ മറപിടിച്ച് ശരീഅത്തിലെ ഓരോരോ നിയമങ്ങളിൽ മാറ്റംവരുത്താനോ മുഴുവനായും നിരോധിക്കുവാനോ വേണ്ടി നിരന്തരം കോടതിയെ സമീപിക്കാം. ഇത് മുൻകൂട്ടി കണ്ടുകൊണ്ടാണ് മുസ്‌ലിംകൾ മുത്ത്വലാക്വ് വിഷയത്തിൽ നിലപാടെടുത്തിട്ടുള്ളത്.

മുത്ത്വലാക്വ് ഭരണഘടനാവിരുദ്ധമാണെന്ന് കോടതി വിധിച്ചാൽ മൂന്നു മാസത്തിനുള്ളിൽ പുതിയ നിയമം കൊണ്ടുവരുമെന്ന് കേന്ദ്ര സർക്കാരിനുവേണ്ടി സുപ്രീം കോടതിയിൽ ഹാജരായ അറ്റോർണി ജനറൽ മുകുൾ റോഹ്ത്തഗി ഇന്ന് (മെയ് 15) അറിയിച്ചതിലൂടെ സർക്കാരിന്റെ പൂച്ച പുറത്തു ചാടിയിരിക്കുകയാണ്. എല്ലാ ത്വലാക്വും ഭരണഘടനാവിരുദ്ധമാണെന്നും ത്വലാക്വ് എന്ന് പറയുന്നത് തന്നെ സ്ത്രീകളുടെ സമത്വം ഇല്ലാതാക്കുന്നതാണെന്നും അറ്റോർണി ജനറൽ കേന്ദ്ര സർക്കാരിന്റെ നിലപാടെന്ന നിലക്ക് കോടതിയിൽ പ്രസ്താവിച്ചത് ഏറെ ആശങ്കാജനകമായ കാര്യമാണ്. വിവാഹ മോചനം പാടെ നിയമവിരുദ്ധമാക്കപ്പെട്ടാൽ അത് സ്ത്രീകൾക്ക് എന്ത് സമത്വവും സ്വാതന്ത്ര്യവും സന്തോഷവുമാണ് പ്രദാനം ചെയ്യുക എന്ന് മനസ്സിലാകുന്നില്ല.

സാധിക്കുന്നത്ര ഒന്നിച്ച് ജീവിക്കുവാനും വേർപിരിയാതിരിക്കുവാനും ഇസ്‌ലാം നിർദേശിച്ചിട്ടുള്ള മൂന്ന് തവണയായുള്ള ത്വലാക്വിനെ ഒറ്റയിരുപ്പിൽ മൂന്നും ചൊല്ലി അപഹസിക്കുന്നത് ഇല്ലാതാക്കുവാനും ത്വലാക്വിനുള്ള അവകാശത്തെ ദുർവിനിയോഗം ചെയ്യുന്നതിനെതിരെയും ശക്തമായ ബോധവൽക്കരണം നടത്തൽ അനിവാര്യമാണ്. മുസ്‌ലിം നേതൃത്വങ്ങൾ അതിനാണ് മുന്നോട്ടു വരേണ്ടത്.

**സ്ത്രീകൾക്ക് വിവാഹമോചനത്തിന് അവകാശമുണ്ടോ?**

വിവാഹമോചനത്തിന് സ്ത്രീക്കും ഇസ്‌ലാം അവകാശം നൽകുന്നുണ്ട് എന്ന വസ്തുത വിമർശകർ തമസ്കരിക്കാറാണ് പതിവ്. സ്ത്രീയുടെ വിവാഹമോചനം രണ്ടു തരമാണ്. ഖുൽഉം ഫസ്ഖും.

ഒരു സ്ത്രീ ന്യായമായ കാരണങ്ങളാൽ തന്റെ ഭർത്താവിനെ വെറുക്കുകയും അയാളോടൊപ്പം ജീവിക്കുവാൻ ഇഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ അവൾക്ക് അയാളോട് വിവാഹമോചനത്തിന് ആവശ്യപ്പെടാവുന്നതാണ്. ഇതാണ് 'ഖുൽഅ്.' ഭർത്താവിൽനിന്ന് ലഭിച്ച വിവാഹമൂല്യം തിരിച്ചുകൊടുക്കണമെന്നുള്ളതാണ് 'ഖുൽഇ'നുള്ള നിബന്ധന. വിവാഹം വഴി ഭാര്യക്ക് ലഭിച്ച സമ്പത്ത് തിരിച്ചു കൊടുക്കണമെന്നർഥം. ക്വുർആൻ പറയുന്നു: "അങ്ങനെ അവർക്ക് (ദമ്പതികൾക്ക്) അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കുവാൻ കഴിയില്ലെന്ന് നിങ്ങൾക്ക് ഉത്കണ്ഠ തോന്നുകയാണെങ്കിൽ അവൾ വല്ലതും വിട്ടുകൊടുത്ത് സ്വയം മോചനം നേടുന്നതിന് അവർ ഇരുവർക്കും കുറ്റമില്ല" (2:229).

ത്വലാക്വിനെപ്പോലെതന്നെ അനിവാര്യമായ സാഹചര്യങ്ങളില്ലാതെ ഖുൽഅ് ചെയ്യാൻ പാടില്ലാത്തതാകുന്നു. പ്രവാചകൻﷺ പറഞ്ഞു: "പ്രയാസമുണ്ടാകുമ്പോഴല്ലാതെ ഭർത്താവിൽനിന്ന് വിവാഹമോചനം ആവശ്യപ്പെടുന്ന സ്ത്രീക്ക് സ്വർഗത്തിന്റെ സുഗന്ധം പോലും നിഷിദ്ധമാണ്" (അബൂദാവൂദ്, തിർമിദി).

സ്ത്രീ ഖുൽഅ് ആവശ്യപ്പെട്ടാൽ അവളെ മോചിപ്പിക്കേണ്ടത് പുരുഷന്റെ ബാധ്യതയാണ്. ഈ അവസരത്തിൽ താൻ നൽകിയ വിവാഹമൂല്യം പൂർണമായോ ഭാഗികമായോ ആവശ്യപ്പെടാൻ പുരുഷന് അവകാശമുണ്ട്. വിവാഹമൂല്യത്തിൽ കവിഞ്ഞ യാതൊന്നും ആവശ്യപ്പെടാവതല്ല. വിവാഹമൂല്യം തിരികെലഭിക്കുന്നതോടുകൂടി ഖുൽഅ് സാധുവായിത്തീരുന്നു. അഥവാ ആ സ്ത്രീ പുരുഷന്റെ ഭാര്യയല്ലാതായിമാറുന്നു.

സ്ത്രീയുടെ രണ്ടാമത്തെ വിവാഹമോചന രീതിയാണ് 'ഫസ്ഖ്'. ഭാര്യയുടെ അവകാശങ്ങൾ നിഷേധിക്കുകയും അതോടൊപ്പം വിവാഹമോചനം നൽകാതിരിക്കുകയും ചെയ്യുന്ന പുരുഷന്മാരിൽ നിന്ന് ന്യായാധിപന്റെ സഹായത്തോടെ നേടുന്ന വിവാഹമോചനമാണിത്. ഭർത്താവിന് സന്താനോൽപാദനശേഷി ഇല്ലെന്ന് തെളിയുക, ലൈംഗികബന്ധത്തിന് സാധിക്കാതിരിക്കുക, അവിഹിത വേഴ്ചകളിൽ മുഴുകുക, ക്രൂരമായി പെരുമാറുക, തന്നെ അധാർമിക വൃത്തിക്ക് നിർബന്ധിക്കുക, ജീവിതത്തിൻെറ അടിസ്ഥാനാവശ്യങ്ങൾ നിഷേധിക്കുക, തൻെറ സ്വത്തുക്കൾ അന്യായമായി ഉപയോഗിക്കുക, ഒന്നിലധികം ഭാര്യമാരുള്ളയാളാണെങ്കിൽ തന്നോട് നീതിപൂർവം വർത്തിക്കാതിരിക്കുക തുടങ്ങിയ അവസരങ്ങളിൽ ഭാര്യക്ക് ന്യായാധിപൻ മുഖേന വിവാഹബന്ധം വേർപെടുത്താവുന്നതാണ്. തന്റെ അനുവാദമില്ലാതെ രക്ഷാധികാരികൾ വിവാഹം ചെയ്തുകൊടുത്താലും ഭർത്താവ് എവിടെയാണെന്നറിയാത്ത സ്ഥിതി ഉണ്ടെങ്കിലും ഭാര്യക്ക് ഫസ്ഖ് ചെയ്യാവുന്നതാണ്. ●

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
mail@nerpatham.com





# റമദാനിന്റെ പടിവാതിൽക്കൽ

അനുഗൃഹീതവും മഹത്വമേറിയതും സൽകർമങ്ങൾക്ക് വർധിച്ച പ്രതിഫലം ലഭിക്കുകയും ചെയ്യുന്ന മാസമാണ് വിശുദ്ധ റമദാൻ. വിശ്വാസികൾക്ക് പുണ്യങ്ങൾ വാരിക്കൂട്ടാനായി അല്ലാഹു അനുഗ്രഹിച്ചു നൽകിയ മാസം. വിശുദ്ധി നേടിയ മനസ്സുകൾക്ക് കുളിരും സന്തോഷവും നൽകുന്ന ലോക രക്ഷിതാവിന്റെ ദാനം. ആ പുണ്യമാസം ആഗതമാവുകയായി.

വിശ്വാസികളായ നാം വിശുദ്ധ റമദാനിനെ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് മനസ്സിലാക്കുകയും അത് കഴിയുന്നത്ര പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതുണ്ട്. അനിവാര്യമായി മനസ്സിലാക്കേണ്ട ചില കാര്യങ്ങൾ ചുരുക്കി വിവരിക്കുവാനാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

**1). ഉദ്ദേശ്യം നന്നാക്കുക:**

ഉന്നതനും പ്രതാപിയുമായ അല്ലാഹുവിന് ആത്മാർഥമായി കീഴ്പെട്ട് അവന്റെ പ്രതിഫലം മാത്രം ആഗ്രഹിച്ച് കർമങ്ങൾ ചെയ്യുക.

നബിﷺ പറയുന്നത് കാണുക: അബൂഹുറയ്റ﵁ നിവേദനം: അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും റമദാനിൽ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽ നിന്ന് പൊറുത്തു കൊടുക്കപ്പെടുന്നതാണ്" (ബുഖാരി).

ഖത്വാബി(റഹി) പറയുന്നു: 'വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും' (ഈമാനൻ വഹ്തിസാബൻ) എന്ന് പറഞ്ഞാൽ ദൃഢമായ ഉദ്ദേശത്തോടെ, സത്യപ്പെടുത്തി, പ്രതിഫലം ആഗ്രഹിച്ച്, സന്മനസോടെ, നിർബന്ധിതാവസ്ഥയില്ലാതെ, ഒരു ഭാരമാണെന്ന മനോഭാവമില്ലാതെ, ദൈർഘ്യമുള്ള ദിവസമാണെന്ന തോന്നലില്ലാതെ, നോമ്പിന്റെ സമയം മുഴുവനും മഹത്തായ പ്രതിഫലം പ്രതീക്ഷിക്കുകയെന്നാണ് അതുകൊണ്ട് വിവക്ഷിക്കുന്നത്.

**2). ബിദ്അത്തുകൾ വെടിഞ്ഞ് സുന്നത്തുകൾ പിൻതുടരുക:**

ആഇശ﵂ നിവേദനം: അല്ലാഹുവിന്റെ ദൂതൻ ﷺ പറഞ്ഞു: "നാം കൽപിച്ചതല്ലാത്ത വല്ല കർമവും (മതത്തിന്റെ പേരിൽ) ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്"(മുസ്‌ലിം).

**3). നോമ്പനുഷ്ഠിക്കുക:**

നബിﷺ പറയുന്നു: അബൂഹുറയ്റ﵁ നിവേദനം: അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും റമദാനിൽ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽ നിന്ന് പൊറുത്തു കൊടുക്കപ്പെടുന്നതാണ്" (ബുഖാരി).

**4). രാത്രി നമസ്കാരം:**

അബൂഹുറയ്റ﵁ നിവേദനം: അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെയും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടും റമദാനിൽ ക്വിയാമുല്ലൈൽ നമസ്കരിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽ നിന്ന് പൊറുത്തു കൊടുക്കപ്പെടുന്നതാണ്" (ബുഖാരി).

**5). ക്വുർആൻ പാരായണവും പഠനവും:**

"ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ" (ക്വുർആൻ 2:185).

**റമദാൻ ക്വുർആനിന്റെ മാസമാണ്.**

ഇബ്നു അബ്ബാസ്﵁ നിവേദനം: "...റമദാനിലെ എല്ലാ രാത്രികളിലും (ജിബ്രീൽ) നബിﷺക്ക് ക്വുർആൻ പഠിപ്പിച്ചിരുന്നു..." (ബുഖാരി).

അബ്ദുല്ലാഹിബ്നു അംറ്﵁ നിവേദനം: പ്രവാചകൻﷺ പറയുന്നു: "നോമ്പും കുർആനും അടിമകൾക്ക് വേണ്ടി ശുപാർശ പറയുന്നതാണ്. നോമ്പ് പറയും: 'എന്റെ രക്ഷിതാവേ, പകലിൽ ഞാൻ അവന്റെ ഭക്ഷണവും ആഗ്രഹങ്ങളും തടഞ്ഞിരുന്നു. ആയതിനാൽ അവന് വേണ്ടി എന്റെ ശുപാർശ നീ സ്വീകരിക്കേണമേ.' ക്വുർആൻ പറയും: 'രാത്രിയിൽ അവന്റെ ഉറക്കം ഞാൻ തടഞ്ഞിരുന്നു. ആയതിനാൽ അവന് വേണ്ടി എന്റെ ശുപാർശ സ്വീകരിക്കേണമേ.' അങ്ങനെ അവ രണ്ടും ശുപാർശ ചെയ്യുന്നതാണ്" (ഇമാം അഹ്മദ് ഉദ്ധരിച്ചതും അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചതുമായ ഹദീഥ്).

**6). ധാരാളമായി ദാനധർമങ്ങൾ ചെയ്യുക:**

ഇബ്നു അബ്ബാസ്﵁ നിവേദനം: "ജനങ്ങളിൽ വെച്ച് ഏറ്റവും ദാനധർമം ചെയ്തിരുന്ന വ്യക്തി നബിﷺയായിരുന്നു. റമദാനിൽ ജിബ്രീൽ(അ) നബിﷺയെ കണ്ടുമുട്ടുമ്പോഴായിരുന്നു തിരുദൂതർ ഏറ്റവും കൂടുതൽ ദാനധർമം ചെയ്തിരുന്നത്. റമദാനിലെ എല്ലാ രാത്രികളിലും (ജിബ്രീൽ) നബിﷺക്ക് ക്വുർആൻ പഠിപ്പിച്ചിരുന്നു. റസൂലുല്ലാഹ്ﷺ അടിച്ചുവീശുന്ന കാറ്റിനെ പോലെ ദാനധർമം ചെയ്തിരുന്നു" (ബുഖാരി).

**7). നോമ്പു തുറപ്പിക്കൽ:**

സൈദ്ബ്നു ഖാലിദ്അൽ ജുഅനി﵁ നിവേദനം: റസൂലുല്ലാഹിﷺ പറയുന്നു: നോമ്പു തുറപ്പിക്കുന്നവന് ആ നോമ്പുകാരന്റെ അത്ര തന്നെ പുണ്യം നേടാനാകും. എന്നാൽ അയാളുടെ പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറവ് വരികയുമില്ല (തിർമിദി, ഇബ്നുമാജ, അഹ്മദ്, ഇബ്നുഹിബ്ബാൻ)

**8). അവസാനത്തെ പത്തിൽ കൂടുതൽ പരിശ്രമിക്കുക:**

ആഇശ﵁ പറയുന്നു: "അവസാനത്തെ പത്ത് കടന്നുവന്നാൽ നബിﷺ രാത്രിയെ ജീവിപ്പിക്കുകയും തന്റെ വീട്ടുകാരെ വിളിച്ചുണർത്തുകയും വസ്ത്രം മുറുക്കിയുടുക്കു(ആരാധനാനുഷ്ഠാനങ്ങൾക്കായി കഠിന പരിശ്രമം നടത്തു)കയും ചെയ്യുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

**9). ലൈലതുൽ ക്വദ്ർ പ്രതീക്ഷിക്കുക:**

ഉയൈനബ്നുഅബ്ദുർറഹ്മാൻ﵁ തന്റെ പിതാവിൽ നിന്നും നിവേദനം: "ഞാൻ അബൂബക്ർ﵁വിന്റെ സാന്നിധ്യത്തിൽ ലൈലതുൽ ക്വദ്റിനെ സംബന്ധിച്ച് പറഞ്ഞു. അപ്പോൾ അബൂബക്ർ﵁ പറഞ്ഞു: 'അത് അവസാനത്തെ പത്തിലെ ഒറ്റ രാവിലായിരിക്കും വരുകയെന്ന് നബിﷺയിൽ നിന്ന് ഞാൻ കേട്ടു. അങ്ങനെ പ്രവാചകൻﷺയിൽ നിന്ന് കേട്ടത് മുതൽ ഞാനതിനെ അവസാനത്തെ പത്തിലല്ലാതെ അന്വേഷിക്കാറില്ല" (അഹ്മദ്).

**10). ലൈലത്തുൽ ക്വദ്റിൽ ഖിയാമുല്ലൈൽ നിർവഹിക്കുക:**

അബൂഹുറയ്റ﵁ നിവേദനം: റസൂലുല്ലാഹ്ﷺ പറഞ്ഞു: "ആരെങ്കിലും വിശ്വാസത്തോടെ, പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് ലൈലതുൽ ക്വദ്റിൽ ക്വിയാമുല്ലൈൽ നിർവഹിക്കുകയാണെങ്കിൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളിൽ നിന്ന് പൊറുത്തു കൊടുക്കുന്നതാണ്" (ബുഖാരി).

**11). ഉംറ നിർവഹിക്കുക:**

ഇബ്നു അബ്ബാസ്﵁ നിവേദനം. നബിﷺ പറഞ്ഞു: "റമദാനിലെ ഒരു ഉംറ ഹജ്ജിന് തുല്യമാകുന്നു" (ബുഖാരി, മുസ്‌ലിം). മറ്റൊരു റിപ്പോർട്ടിൽ "...അല്ലാഹുവിന്റെ റസൂലിനോടൊപ്പം ഹജ്ജ് ചെയ്യുന്നതുപോലെയാണ്" എന്നാണുള്ളത്.

**12). റമദാനിലെ അവസാനത്തെ പത്തിൽ ഇഅ്തികാഫിരിക്കുക:**

ആഇശ﵁ നിവേദനം: "നബിﷺ റമദാനിലെ അവസാനത്തെ പത്തിൽ -അല്ലാഹു അദ്ദേഹത്തെ മരിപ്പിക്കുന്നത് വരെ - ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു" (ബുഖാരി, മുസ്‌ലിം).

**13). അല്ലാഹുവിനെ ധാരാളമായി ഓർക്കുക:**

അല്ലാഹു പറയുന്നു: "നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (62:10).

അബൂഹുറയ്റ﵁ നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "മുഫ്രിദുകൾ മുൻകടന്നിരിക്കുന്നു." അവർ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ആരാണ് മുഫ്രിദുകൾ?" അവിടുന്ന് പറഞ്ഞു: "അല്ലാഹുവിനെ ധാരാളമായി ഓർക്കുന്ന പുരുഷന്മാരും സ്ത്രീകളുമാകുന്നു അവർ" (മുസ്‌ലിം).

**14). ധാരാളമായി പ്രാർഥിക്കുക:**

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "പ്രാർഥന, അത് തന്നെയാണ് ആരാധന" (അബൂദാവൂദ്, തിർമിദി, ഹസനായ ഹദീഥ്).

അബൂഹുറയ്‌റ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "മൂന്ന് പ്രാർഥനകൾക്ക് ഉത്തരം ലഭിക്കുന്നതാണ്; നോമ്പുകാരന്റെ പ്രാർഥന, അക്രമിക്കപ്പെട്ടവന്റെ പ്രാർഥന, യാത്രക്കാരന്റെ പ്രാർഥന എന്നിവയാണവ" (ബൈഹകി).

**15). സമയമായാൽ പെട്ടെന്ന് നോമ്പു തുറക്കുക:**

സഹ്‌ലുബ്നു സഅദ് അസ്സാഇദി رضي الله عنه നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "അത്താഴം കഴിക്കുന്നത് പിന്തിപ്പിക്കുകയും നോമ്പു തുറക്കാൻ ധൃതി കാണിക്കുകയും ചെയ്യുന്നേടത്തോളം ജനങ്ങൾ നന്മയിൽ തന്നെയായിരിക്കും" (ബുഖാരി, മുസ്‌ലിം).

**16). അത്താഴം കഴിക്കുകയും അത് പിന്തിപ്പിക്കുകയും ചെയ്യുക:**

അബൂസഈദുൽ ഖുദ്‌രി رضي الله عنه നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "അത്താഴും മുഴുവനും അനുഗൃഹീതമാണ്. അത് നിങ്ങൾ ഒഴിവാക്കരുത്. നിങ്ങളിലൊരാൾക്ക് ഒരു കവിൾ വെള്ളമാണ് സാധിക്കുന്നതെങ്കിൽ ഒരു കവിൾ വെള്ളമെങ്കിലും കഴിക്കുക. കാരണം ഉന്നതനും പ്രതാപവാനുമായ അല്ലാഹുവും അവന്റെ മലക്കുകളും അത്താഴം കഴിക്കുന്നവർക്ക് വേണ്ടി സ്വലാത്ത് ചൊല്ലുന്നുണ്ട്" (അഹ്മദ്).

**17). വിട്ടുവീഴ്ച ചെയ്യുക, അവിവേകികളിൽ നിന്ന് തിരിഞ്ഞ് കളയുകയും ചെയ്യുക:**

നബി ﷺ പറയുന്നു: "നിങ്ങളിലാരെങ്കിലും നോമ്പുകാരനാണെങ്കിൽ അവൻ ചീത്ത പറയുകയോ, തിന്മ പ്രവർത്തിക്കുകയോ ചെയ്യരുത്. അവനെ ആരെങ്കിലും വഴക്കു പറയുകയോ, അക്രമിക്കുകയോ ചെയ്യുകയാണെങ്കിൽ 'ഞാൻ നോമ്പുകാരനാണെ'ന്ന് അവൻ പറയട്ടെ" (ബുഖാരി, മുസ്‌ലിം).

**18). തിന്മകൾ വെടിയുക:**

നബി ﷺ പറയുന്നു: "ഒരാൾ ചീത്ത വർത്തമാനങ്ങളും മ്ലേഛ പ്രവർത്തനങ്ങളും വെടിയാതെ ഭക്ഷണ പാനീയങ്ങൾ മാത്രം വെടിയുന്നതിൽ അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല" (ബുഖാരി).

**19). നന്മകൾ അറിയിച്ചുകൊടുക്കുക:**

നബി ﷺ പറഞ്ഞു: "ആരെങ്കിലും ഒരു നന്മ അറിയിച്ചു കൊടുക്കുകയാണെങ്കിൽ അവന് അത് ചെയ്യുന്ന(വന്റെ പ്രതിഫലത്തിന് സമാനമായ) പ്രതിഫലം ലഭിക്കുന്നതാണ്."

റമദാൻ മാസം സമാഗതമാകുന്നതോടെ നബി ﷺ അനുചരന്മാർക്ക് റമദാനിന്റെ ശ്രേഷ്ഠതയും പ്രത്യേകതയും വ്യക്തമാക്കിക്കൊടുക്കുകയും നന്മകൾ ചെയ്യാൻ അവരെ പ്രേരിപ്പിക്കുകയും റമദാനിലെ സമയം മുഴുവനും പ്രയോജനപ്പെടുത്താൻ ഉണർത്തുകയും ചെയ്തിരുന്നു.

അബൂഹുറയ്‌റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: "നിങ്ങൾക്ക് റമദാൻ മാസം സമാഗതമായിരിക്കുന്നു. അനുഗൃഹീതമായ മാസം; അതിൽ നോമ്പനുഷ്ഠിക്കൽ അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. അതിൽ ആകാശ കവാടങ്ങൾ തുറക്കുകയും നരക കവാടങ്ങൾ ബന്ധിക്കപ്പെടുകയും ചെയ്യുന്നതാണ്. ഈ മാസത്തിൽ പിശാചുക്കളെ ബന്ധിക്കുകയും ചെയ്യുന്നതാണ്. അതിൽ അല്ലാഹു ആയിരം മാസത്തെക്കാൾ ഉത്തമമായ ഒരു രാവ് അനുഗ്രഹിച്ചിരിക്കുന്നു. ആരെങ്കിലും അതിന്റെ നന്മയെ സ്വയം നിഷിദ്ധമാക്കിയാൽ അവനത് നിഷിദ്ധമാക്കപ്പെടുന്നതാണ്" (നസാഇ).

**20). നിർബന്ധമായ കാര്യങ്ങൾക്ക് പ്രധാന്യം നൽകുന്നതോടൊപ്പം സുന്നത്തുകൾ ധാരാളമായി നിർവഹിക്കുക:**

അബൂഹുറയ്‌റ رضي الله عنه നിവേദനം: റസൂലുല്ലാഹ് ﷺ പറഞ്ഞു: "അല്ലാഹു പറഞ്ഞു: 'ഞാൻ എന്റെ ദാസന് നിർബന്ധമാക്കിയ കാര്യങ്ങളെക്കാൾ എനിക്കിഷ്ടപ്പെട്ട മറ്റൊന്നു കൊണ്ടും അവൻ എന്നിലേക്ക് അടുത്തിട്ടില്ല. എന്റെ ഇഷ്ടത്തിനർഹനായിത്തീരുവോളം എന്റെ ദാസൻ ഐഛികമായ പുണ്യകർമങ്ങൾ വഴി എന്നിലേക്ക് അവൻ അടുത്തുകൊണ്ടിരിക്കും."

അംറുബ്നുൽ ജുഹനി رضي الله عنه നിവേദനം: "ഒരാൾ നബി ﷺ ക്കരികിൽ വന്ന് പറയുകയുണ്ടായി: 'അല്ലാഹുവിന്റെ ദൂതരേ, അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലായെന്നും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുകയും അഞ്ചുനേരത്തെ നമസ്കാരം ഞാൻ നിർവഹിക്കുകയും സകാത്ത് ഞാൻ നൽകുകയും റമദാനിൽ ഞാൻ നോമ്പനുഷ്ഠിക്കുകയും അത് കൃത്യമായി നിലനിർത്തുകയും ചെയ്താൽ ഞാൻ ആരിൽ പെട്ടവനായിരിക്കുമെന്നാണ് താങ്കൾ പറയുന്നത്?' അപ്പോൾ നബി ﷺ പറഞ്ഞു: 'സത്യസന്ധരിലും രക്തസാക്ഷികളിലുമായിരിക്കും" (ബസ്സാർ, ഇബ്നു ഹിബ്ബാൻ. അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചത്).

**21). അഞ്ച് നേരത്തെ നമസ്കാരം സംഘമായി നിർവഹിക്കുക:**

അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه വിൽ നിന്ന്: പ്രവാചകൻ ﷺ പറയുകയുണ്ടായി: "ജമാഅത്തായുള്ള നമസ്കാരം ഒറ്റക്കുള്ള നമസ്കാരത്തെക്കാൾ ഇരുപത്തിയേഴിരട്ടി പദവിയു(പ്രതിഫലം)ള്ളതാണ്"(ബുഖാരി).

അബുൽ അഹ്‌വസിൽ رضي الله عنه നിന്ന് നിവേദനം: "മുസ്‌ലിമായി നാളെ ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമസ്കാരത്തിന് വേണ്ടി വിളിക്കുന്ന സ്ഥലത്ത് പോയി ഈ നമസ്കാരങ്ങളെ അവൻ സംരക്ഷി(നിർവഹി)ക്കട്ടെ. കാരണം അല്ലാഹു നിങ്ങളുടെ പ്രവാചകന് സന്മാർഗ ചര്യ നിയമമാക്കിയിരിക്കുന്നു. അത് (നമസ്കാരം അതിന് വേണ്ടി വിളിക്കുന്ന സ്ഥലങ്ങളിൽ നിർവഹിക്കുകയെന്നത്) സന്മാർഗ ചര്യയിൽ പെട്ടതാണ്. നമസ്കാരത്തെ തൊട്ട് പിന്തുന്നവർ വീട്ടിൽനിന്ന് ന

മസ്കരിക്കുന്നത് പോലെ നിങ്ങൾ നിങ്ങളുടെ വീട്ടിൽ വെച്ച് നമസ്കരിക്കുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ പ്രവാചകന്റെ ചര്യ ഉപേക്ഷിച്ചിരിക്കുന്നു. നിങ്ങളുടെ പ്രവാചകന്റെ ചര്യ നിങ്ങൾ ഉപേക്ഷിച്ചാൽ നിങ്ങൾ വഴികേടിലാകുന്നതാണ്. ആരെങ്കിലും നല്ല രൂപത്തിൽ വുദുവെടുത്ത്കൊണ്ട് ഇങ്ങനെയുള്ള പള്ളികളിൽ ഏതെങ്കിലും ഒരു പള്ളിയിലേക്ക് പോവുകയാണെങ്കിൽ ഓരോ കാലടിക്കും ഓരോ നന്മകൾ രേഖപ്പെടുത്തുകയും ഓരോ പദവി ഉയർത്തുകയും ഓരോ പാപം മായ്ച്ച് കളയുകയും ചെയ്യുന്നതാണ്. കാപട്യം അറിയപ്പെട്ട കപട വിശ്വാസിയല്ലാതെ ഒരാളും നമസ്കാരത്തിൽ നിന്ന് പിന്തിനിൽക്കുന്നതായി ഞങ്ങൾ കാണാറില്ല. ചിലപ്പോൾ ഒരാൾ രണ്ടാളുകളുടെ ചുമലിൽ കൈവെച്ച് കൊണ്ടെങ്കിലും വന്നുകൊണ്ട് നമസ്കാരത്തിന്റെ അണിയിൽ നിൽക്കാറുണ്ടായിരുന്നു" (മുസ്ലിം).

**22).സൂര്യനുദിക്കുന്നതു വരെ പള്ളിയിലിരിക്കുക:**

അനസ്ﷺ നിവേദനം. നബിﷺ പറഞ്ഞു: "ആരെങ്കിലും ജമാഅത്തായി ഫജ്ർ (സുബ്ഹി) നമസ്കരിക്കുകയും ശേഷം സൂര്യനുദിക്കുന്നതു വരെ അല്ലാഹുവിനെ സ്മരിച്ച് അവിടെ ഇരിക്കുകയും ശേഷം രണ്ടു റകഅത്ത് നമസ്കരിക്കുകയും ചെയ്താൽ അവന് പരിപൂർണമായ ഹജ്ജിന്റെയും ഉംറയുടെയും പ്രതിഫലം പോലെയുള്ള പ്രതിഫലം ലഭിക്കുന്നതാണ്" (തിർമിദി. അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചത്).

**23). നബിﷺയുടെ പേരിൽ അധികമായി സ്വലാത്ത് ചൊല്ലുക:**

"തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിﷺയുടെ പേരിൽ സ്വലാത്ത്(കാരുണ്യം കാണിക്കുന്നു) ചൊല്ലുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ സ്വലാത്ത് (അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാവാൻ പ്രാർഥിക്കുക) ചൊല്ലുക" (33:56).

അബൂഹുറയ്റﷺ നിവേദനം. നബിﷺ പറഞ്ഞു: "ആരെങ്കിലും എന്റെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്റെ പേരിൽ പത്ത് സ്വലാത്ത് ചൊല്ലുന്നതാണ്" (മുസ്ലിം).

**24). ജനങ്ങളെ ഉപദ്രവിക്കാതിരിക്കുക:**

നബിﷺ പറഞ്ഞു: "യഥാർഥ മുസ്ലിമെന്നാൽ മറ്റു മുസ്ലിംകൾ അവന്റെ നാവിൽ നിന്നും കയ്യിൽ നിന്നും സുരക്ഷിതരായവനാകുന്നു" (മുസ്ലിം).

അബൂഹുറയ്റﷺ നിവേദനം. നബിﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽവാസിയെ ഉപദ്രവിക്കാതിരിക്കട്ടെ" (മുസ്ലിം).

**25). സൃഷ്ടികളോട് കരുണ കാണിക്കുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുക:**

അബ്ദുല്ലാഹിബ്നു അംറ്ﷺവിൽ നിന്ന് നിവേദനം: നബിﷺ പറയുന്നു: "കരുണ കാണിക്കുന്നവരോട് പരമകാരുണികനും കാരുണ്യം കാണിക്കുന്നതാണ്. ആയതിനാൽ ഭൂമിയിലുള്ളവരോട് നിങ്ങൾ കാരുണ്യം കാണിക്കുക. എങ്കിൽ ആകാശത്തുള്ളവൻ നിങ്ങളോടും കാരുണ്യം കാണിക്കുന്നതാണ്" (തിർമിദി).

അബൂഹുറയ്റﷺ നിവേദനം. നബിﷺ പറഞ്ഞു: "ആരെങ്കിലും ഒരു വിശ്വാസിയുടെ ഐഹിക പ്രയാസം നീക്കികൊടുക്കുകയാണെങ്കിൽ അവസാന നാളിലെ അവന്റെ പ്രയാസങ്ങളിൽ ഒരു പ്രയാസത്തെ അല്ലാഹു നീക്കിക്കൊടുക്കുന്നതാണ്" (മുസ്ലിം).

**26). നിഷിദ്ധങ്ങളെ തൊട്ട് കണ്ണുകളെ താഴ്ത്തുക:**

"(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനി കളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും നീ പറയുക" (24:30,31).

**27). മിതത്വം പാലിക്കുക:**

റമദാൻ സൽകർമങ്ങൾ ചെയ്തു പുണ്യങ്ങൾ ശേഖരിക്കുവാനുള്ള അവസരമാണ്. അതല്ലാതെ ഭക്ഷണപാനീയങ്ങളിലും മറ്റും ദുർവ്യയം ചെയ്യുവാനുള്ളതല്ല. അല്ലാഹു പറയുന്നു:

"നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല" (7:31).

**28). പശ്ചാതാപവും പാപമോചനവും അധികരിപ്പിക്കുക:**

"സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (24:31).

"നിങ്ങൾ അല്ലാഹുവോട് പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (73:20).

നബിﷺ പറഞ്ഞു: "ഓ, ജനങ്ങളേ! നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാതപിച്ചു മടങ്ങുക. ഒരുദിവസം ഞാൻ നൂറ് പ്രാവശ്യം അല്ലാഹുവിലേക്ക് പശ്ചാതാപിച്ചു മടങ്ങുന്നു" (മുസ്ലിം).

ആസന്നമായ വിശുദ്ധ റമദാനിൽ പ്രമാണബദ്ധമായി പരമാവധി പുണ്യങ്ങൾ ചെയ്ത് പാപങ്ങളെല്ലാം കഴുകിക്കളഞ്ഞ് നിർമല മനസ്സുമായി റമദാനിനെ യാത്രയാക്കാൻ അല്ലാഹു നമുക്കേവർക്കും അനുഗ്രഹം നൽകുമാറാവട്ടെ, ആമീൻ

(അവലംബം: 'മഫാതീഹുൽ ഖൈറി ഫീ റമദാൻ') ●

ദുൽക്കർഷാൻ. എ
dulkaralr@gmail.com

ബാലപഥം

# മിഠായി വാങ്ങാൻ അമ്പത് പൈസ





**സ്കൂ**ളുകൾക്ക് മുന്നിലെ മിഠായി കടകൾ കാണുന്നത് തന്നെ കുട്ടികൾക്ക് കൗതുകമാണ്. മധുരമുള്ള, പല നിറങ്ങളിലുള്ള മിഠായികൾ കാണുമ്പോൾ തന്നെ വായിൽ വെള്ളമൂറും. ഇത് ഒരു മിഠായി കഥയാണ്. ഒരുപാട് വർഷങ്ങൾക്ക് മുമ്പ് നടന്ന കഥ.

മൂന്നാം ക്ലാസ്സ് വിദ്യാർഥിയായിരുന്നു സഅദ്. പഠിക്കാൻ മിടുക്കൻ, നല്ല കുട്ടി.

സഅദ് പഠിക്കുന്നത് ഗ്രാമത്തിലെ സർക്കാർ എൽ.പി.സ്കൂളിലാണ്. അന്ന് ഇന്നത്തെ പോലെ നാട്ടിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഇല്ല. അത്കൊണ്ട് തന്നെ സ്കൂളിൽ സമ്പന്നരുടെ മക്കളും സാധാരണക്കാരുടെ മക്കളും പഠിക്കുന്നുണ്ട്. അന്ന് നാട്ടിൽ കൂടുതലും പാവങ്ങളായിരുന്നതിനാൽ പാവപ്പെട്ടവരുടെ മക്കളായിരുന്നു കൂടുതൽ.

സ്കൂളിനു തൊട്ടുമുമ്പിലാണ് മുഹമ്മദിക്കയുടെ കട. മിഠായികൾ, പേന, പെൻസിൽ..അങ്ങനെ സ്കൂൾ കുട്ടികൾക്ക് വേണ്ടതെല്ലാമുള്ള കട.

സഅദിന്റെ സ്കൂളിനു തൊട്ടടുത്ത് തന്നെയാണ് ഗവൺമെന്റ് ഹൈസ്കൂളും. അതുകൊണ്ട് തന്നെ ഇന്റർവെൽ സമയങ്ങളിൽ മുഹമ്മദിക്കയുടെ കടയിൽ പൊടിപാറിയ കച്ചവടമാണ്. പഞ്ഞി മിഠായി, കടല മിഠായി, അണ്ടിമിഠായി, തേൻമിഠായി... എന്നിങ്ങനെ വിളിച്ചുപറഞ്ഞുകൊണ്ടുള്ള മുഹമ്മദിക്കയുടെ കച്ചവടം കാണാൻ തന്നെ രസമാണ്.

കയ്യിൽ കാശുള്ള കുട്ടികൾ മിഠായി വാങ്ങുന്നത് കാണുമ്പോൾ സഅദിന്റെ മനസ്സിലും വല്ലാത്ത ഒരാഗ്രഹം; മിഠായി വാങ്ങാൻ. ഉപ്പ വാങ്ങിക്കൊടുക്കുന്ന മിഠായി തിന്നിട്ടുണ്ട്; എന്നാൽ സ്വന്തമായി കാശുകൊടുത്ത് മിഠായി വാങ്ങി തിന്നിട്ടില്ല. നാളെ എന്തായാലും മിഠായി വാങ്ങി തിന്നണം എന്ന തീരുമാനത്തോടെ അവൻ വീട്ടിലെത്തി. പിറ്റേ ദിവസം കാലത്ത് ഉപ്പ പണിക്ക് പോകാനൊരുങ്ങുമ്പോൾ അവൻ മടിച്ചു മടിച്ച് ചോദിച്ചു:

“ഉപ്പാ, എനിക്ക് അമ്പത് പൈസ തരുമോ?”

“എന്താ മോനേ നിന്റെ ആവശ്യം” ഉപ്പ ചോദിച്ചു.

“മിഠായി വാങ്ങാനാ.”


അപ്പോൾ ഉപ്പ സഅദിനെ അടുത്തേക്ക് വിളിച്ചു. എന്നിട്ട് പറഞ്ഞു: “മോനേ, നിനക്ക് ഞാൻ അമ്പത് പൈസ തരാം. പക്ഷേ, നീ കൂട്ടുകാരുമൊത്ത് സ്കൂളിലേക്ക് പോകുമ്പോളോ വരുമ്പോളോ സ്കൂളിൽവെച്ചോ മിഠായി വാങ്ങി കഴിക്കരുത്. കാരണം, നിന്നെപ്പോലെ മിഠായി വാങ്ങാൻ ആഗ്രഹമുള്ള കുട്ടികൾ വേറെയും കാണും. എന്നാൽ മിഠായി വാങ്ങാനുള്ള പൈസ അവരുടെ പക്കലുണ്ടാകില്ല. നീ അവരുടെ മുന്നിൽവെച്ച് കഴിക്കുമ്പോൾ അതവർക്ക് വല്ലാത്ത സങ്കടം ഉണ്ടാക്കും. നീ മിഠായിയോ മറ്റോ തിന്നുകയാണെങ്കിൽ തന്നെ കൂട്ടുകാർക്കും വീതിച്ചുകൊടുക്കണം.”

പിതാവിന്റെ ഉപദേശം കേട്ട സഅദിന് തന്റെ ആഗ്രഹങ്ങൾ മറ്റുള്ളവരെ വേദനിപ്പിക്കുന്നതാകരുത് എന്ന ചിന്തയുണ്ടായി. അന്ന് മുതൽ അവൻ ഇക്കാര്യം ശ്രദ്ധിച്ചുകൊണ്ട് ജീവിക്കാൻ തുടങ്ങി. മാത്രമല്ല ഉള്ളത് പങ്കുവെക്കാനുള്ള സന്മനസ്സും അവനിലുണ്ടായി.

മക്കൾക്ക് ഇഷ്ടംപോലെ പോക്കറ്റ് മണി കൊടുക്കുന്ന ഇന്നത്തെ മാതാപിതാക്കൾ അതിലൂടെ അവരെ തെറ്റുകളിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. നല്ല ഉപദേശങ്ങൾ കൊടുക്കാൻ പലരും ശ്രദ്ധിക്കാറുമില്ല.

സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ക്വുർആൻ പഠനം



# പ്രതിഫലനാൾ

“പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥനുമായവൻ” (വി. ക്വുർആൻ 1:4)

ചെയ്യുന്ന ഏതൊരു കർമത്തിനും പ്രതിഫലം ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതും മനുഷ്യ പ്രകൃതമാണ്. പ്രതിഫലത്തെ കുറിച്ചുള്ള പ്രതീക്ഷയാണ് മനുഷ്യനെ കർമനിരതനാകുന്നത്.

ഇസ്‌ലാം മനുഷ്യന്റെ ഈ പ്രകൃതത്തെ തികച്ചും ഉപയോഗപ്പെടുത്തുന്ന മതമാണ്. പ്രതിഫലത്തിനു വേണ്ടിയുള്ള മനുഷ്യ ചോദനയെ പരമാവധി പ്രോത്സാഹിപ്പിച്ച് അവന്റെ മുന്നിൽ വലിയ പ്രതിഫലത്തെ കുറിച്ചുള്ള സത്യസന്ധമായ വിവരണങ്ങൾ നൽകി മാന്യമായി ജീവിക്കാൻ പ്രേരിപ്പിക്കുന്നു എന്നതാണ് ഇസ്‌ലാമിന്റെ ഏറ്റവും വലിയ പ്രത്യേകത.

സ്വർഗം എന്ന മഹാപ്രതിഫലത്തെ കുറിച്ചുള്ള പ്രതീക്ഷാ നിർഭരമായ വചനങ്ങൾ വിശുദ്ധ ക്വുർആനിൽ ധാരാളം കാണാൻ കഴിയും. പ്രവിശാലമായ സ്വർഗത്തിൽ പ്രവേശിക്കുകയും അനന്തമായ യഥാർഥ ജീവിതം നയിക്കുകയും ചെയ്യുവാൻ അർഹത നേടാൻ പണിയെടുക്കുക എന്നതാണ് ഇഹലോകത്ത് മനുഷ്യന് ചെയ്യാനുള്ള വമ്പിച്ച ദൗത്യം.

ഈ പ്രതിഫലം നൽകപ്പെടുന്ന നാൾ വരാനിരിക്കുന്നു. സൃഷ്ടികളുടെ സകല കർമങ്ങളെയും സംബന്ധിച്ചു വിചാരണ നടത്തി തീരുമാനമെടുക്കുകയും ഓരോരുത്തനും തക്ക പ്രതിഫലം നൽകുകയും ചെയ്യുന്ന മഹാദിനം. മനുഷ്യൻ ഏറ്റവും വലിയ പരീക്ഷണങ്ങൾക്ക് വിധേയമാകുന്ന ദിനം. ആ ദിനത്തിന്റെ എല്ലാ അർഥത്തിലുമുള്ള ഉടമസ്ഥാവകാശവും പരമാധികാരവും അല്ലാഹുവിന് മാത്രമായിരിക്കും. ഒരർഥത്തിലും ഒരുകാര്യത്തിലും ആ ദിനത്തിലെ കാര്യനിർവഹണങ്ങളിൽ ഇടപെടാൻ മറ്റൊരു സൃഷ്ടിക്കും അർഹതയും കഴിവുമുണ്ടായിരിക്കുകയില്ല.

വിചാരണ രംഗത്തെ സത്യസന്ധതയാണ് വിധിനിർണയത്തെ സ്വാധീനിക്കുന്നത് എന്ന് നമുക്കറിയാം. അതിനാൽ തന്നെ അന്ത്യനാളിലെ പ്രതിഫല നിർണയത്തിൽ യാതൊരു വിധ ബാഹ്യസ്വാധീനവും ഉണ്ടായിരിക്കുകയില്ല എന്നും എല്ലാ അർഥത്തിലും നീതിയുക്തമായ വിധിനിർണയവും പ്രതിഫലം നൽകപ്പെടലുമായിരിക്കും അവിടെയുണ്ടാവുക. ഈ ചിന്തയാവട്ടെ ഏതൊരു സാധാരണക്കാരനും സത്യസന്ധമായി ജീവിക്കാൻ നൽകുന്ന പ്രേരണ ചെറുതല്ല.

പ്രതിഫല ദിനത്തിന്റെ ഗാംഭീര്യം വിശുദ്ധ ക്വുർആൻ പരിചയപ്പെടുത്തുന്നതിങ്ങനെയാണ്:

“അന്നേ ദിവസം വിളിക്കുന്നവന്റെ കൂടെ അവനോട് യാതൊരു വക്രതയും കാണിക്കാതെ അവർ പോകുന്നതാണ്. എല്ലാ ശബ്ദങ്ങളും പരമകാരുണികന് കീഴൊതുങ്ങുന്നതുമാണ്. അതിനാൽ ഒരു നേർത്ത ശബ്ദമല്ലാതെ നീ കേൾക്കുകയില്ല” (20:108).

“അന്ന് യഥാർഥമായ ആധിപത്യം പരമകാരുണികനായിരിക്കും. സത്യനിഷേധികൾക്ക് വിഷമകരമായ ദിവസമായിരിക്കും അത്” (25:26).


“റൂഹും (ജിബ്‌രീൽ) മലക്കുകളും അണിയണിയായി നിൽക്കുന്ന ദിവസം. പരമകാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവരും സത്യം പറഞ്ഞിട്ടുള്ളവരുമല്ലാതെ അന്ന് സംസാരിക്കുകയില്ല” (78:38).

നീതിയാണ് ആ ദിനത്തിന്റെ മുഖമുദ്ര. കണിശമാണ് അന്നത്തെ വിചാരണ. നന്മയായാലും തിന്മയായാലും ചെയ്തുപോയ ചെറിയ കർമങ്ങൾക്ക് പോലും തക്കതായ പ്രതിഫലം ലഭിക്കുമന്ന്.

“അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും” (99:7,8).

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം



# അനിവാര്യമായ രണ്ടു കാര്യങ്ങൾ

**വി**ശ്വാസികളിൽ അനിവാര്യമായും ഉണ്ടാകേണ്ട രണ്ടു സദ്ഗുണങ്ങളാണ് അറിവും ക്ഷമയും. മതകാര്യങ്ങളിൽ അറിവുണ്ടാകലാണ് ഏറ്റവും പ്രധാനം. പഠിക്കാൻ തയ്യാറായാലേ അറിവുണ്ടാകൂ. അറിവിനോടൊപ്പം ക്ഷമയുണ്ടാകണം. ക്ഷമയുള്ളവർക്കാണ് മതവിഷയങ്ങൾ അറിയാനുള്ള സന്നദ്ധതയും തങ്ങളുടെ ചുറ്റുമുള്ളവർക്ക് അത് എത്തിച്ച് കൊടുക്കാനുള്ള വ്യഗ്രതയുമുണ്ടാകുക. ബനൂഇസ്റഈല്യരിൽ നന്മയിലേക്ക് വഴികാണിച്ചിരുന്ന നേതാക്കളെ പറ്റി അല്ലാഹു പറയുന്നു:

"അവർ ക്ഷമ കൈക്കൊള്ളുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുന്നവരാകുകയും ചെയ്തപ്പോൾ അവരിൽ നിന്ന് നമ്മുടെ കൽപന അനുസരിച്ച് മാർഗദർശനം നൽകുന്ന നേതാക്കളെ നാം ഉണ്ടാക്കുകയും ചെയ്തു" (ക്വുർആൻ 32:24).

ഇതിന്റെ വിശദീകരണത്തിൽ ശൈഖ് നാസിറുസ്സഅദി(റഹി) പറയുന്നു: "ബനൂ ഇസ്റാഈല്യരിൽ മതനിയമങ്ങളെക്കുറിച്ചും വേദഗ്രന്ഥത്തിലൂടെ ലഭിച്ച നേർമാർഗത്തെ പറ്റിയും അറിവുള്ളവർ എന്നാണിതിന്റെ താൽപര്യം. സ്വന്തത്തിനായി അവർ നേർമാർഗം പുൽകുകയും മറ്റുള്ളവർക്കത് കാണിച്ച് കൊടുക്കയും ചെയ്തു. ഇതിൽ വിശ്വസിച്ചവർ രണ്ടുവിധമാണ്. ഒന്ന്, നുബുവ്വത്തും രിസാലത്തും കഴിഞ്ഞാലുള്ള ഏറ്റവും വലിയ സ്ഥാനത്തെത്തിയവർ. സത്യസന്ധരുടെ സ്ഥാനമാണത്. പഠിക്കുക, പഠിപ്പിക്കുക, അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുക, സ്വന്തത്തെ തിന്മകളിൽ നിന്നും ദേഹേച്ഛകളെ തൊട്ടും

തടയുക എന്നിങ്ങനെയുള്ളതിൽ ക്ഷമിച്ചതിനാലാണ് ഈ പദവി അവർ നേടിയത്. അല്ലാഹുവിന്റെ ആയത്തുകളിൽ വിശ്വസിച്ച്, കർമത്തെ നിർബന്ധമാക്കുന്ന അറിവാകുന്ന 'ഉറച്ച വിശ്വാസം' (യക്വീൻ) എന്ന പദവിയും അവർ നേടി. മതകാര്യത്തിലെ പ്രശ്നങ്ങളിൽ സ്വീകാര്യവും ഉപകാര പ്രദവുമായ തെളിവ് അവർ കൈക്കൊണ്ടു. അപ്രകാരം അറിവും ക്ഷമയും അവരെ മതത്തിന്റെ നേതാക്കളാക്കി. ഈ മാർഗം എത്തിച്ചു കൊടുക്കുന്നവരെ പിൻപറ്റിയവരാണ് രണ്ടാമത്തേത്"(തഫ്സീറുസ്സഅദി പേജ്: 771).

അവരിൽ തന്നെ മറ്റൊരു വിഭാഗം നേതാക്കളുമുണ്ടായി; ഫിർഔനും അവന്റെ കൂട്ടാളികളും .ആളുകളെ നരകത്തിലേക്ക് വിളിക്കുന്ന പണിയായിരുന്നു അവരുടേത്. അല്ലാഹു പറയുന്നു:

"അവരെ നാം നരകത്തിലേക്ക് ക്ഷണിക്കുന്ന നേതാക്കന്മാരാക്കി. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കൊരു സഹായവും നൽകപ്പെടുന്നതല്ല" (28:41).

**1. അറിവ്**

അജ്ഞതയാകുന്ന ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് മനുഷ്യരെ എത്തിക്കുന്ന ഏറ്റവും വലിയ സമ്പത്താണ് അറിവ്. അറിവുള്ളവനും അതില്ലാത്തവനും സമാവുകയില്ല. അല്ലാഹു പറയുന്നു:

"...പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാൻമാർ മാത്രമെ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ" (39:9).

വിജ്ഞാന സമ്പാദനത്തിനും മറ്റുള്ളവർക്കത് പകർന്ന് നൽകുന്നതിനും വലിയ പ്രാധാന്യവും പ്രേരണയുമാണ് ഇസ്‌ലാം നൽകിയിട്ടുള്ളത്. പ്രയോജനപ്രദമായ അറിവ് തരുന്ന പണ്ഡിതരിൽ നിന്നും വായനകൊണ്ടും പണ്ഡിതരുടെ വാക്കുകളിൽ ആഴമേറിയ ചർച്ച നടത്തിയുമെല്ലാം നാം അറിവ് നേടണം. വഹ്‌യായി (ദിവ്യബോധനം) കിട്ടിയിരുന്ന അറിവ് അനുചരന്മാരെ പഠിപ്പിക്കാൻ പ്രത്യേക സമയം നബിﷺനിശ്ചയിച്ചിരുന്നു. വാർധക്യത്തിലും ആ വഴി തന്നെ അവർ തുടർന്നു.

ഇബ്നുമസ്ഊദ്ؓവിൽ നിന്ന് നിവേദനം: "എല്ലാ ദിവസവും ഞങ്ങളെ ഉപദേശിക്കാൻ മടുപ്പും വെറുപ്പുമില്ലാത്ത സമയം നബിﷺ തെരഞ്ഞെടുത്തിരുന്നു" (ബുഖാരി/68).

നബിﷺക്ക് ശേഷം ഇബ്നു മസ്ഊദ്ؓ മറ്റുള്ളവർക്ക് വേണ്ടി ഈ രീതി തുടർന്നു. സ്വഹാബത്തു മുതൽ തന്നെ ഒരോ തലമുറയിലും അറിവ് സംരക്ഷിക്കപ്പെട്ട് പോന്നു. ഉമറുബ്നുൽ അബ്ഹുൽ അസീസ്ؓ ബകറുബ്നു ഹസമിന് അയച്ച എഴുത്ത് ഇമാം ബുഖാരിؓ ഉദ്ധരിച്ചത് ഇങ്ങനെ വായിക്കാം: "നബിﷺയുടെ ഹദീഥ് നിങ്ങൾ നോക്കുകയും അത് രേഖപ്പെടുത്തുകയും ചെയ്യുക. നബിﷺയുടെ ഹദീഥല്ലാതെ നിങ്ങൾ സ്വീകരിക്കരുത്. നിശ്ചയം പഠനവും പണ്ഡിതന്മാരുടെ മരണവും ഞാൻ ഭയപ്പെടുന്നു. താങ്കൾ അറിവന്വേഷിക്കുകയും പഠിക്കുന്നവർ പൂർണമായും പഠിക്കുന്നത്വരെ അവരുടെ സമീപത്തിരിക്കുകയും ചെയ്യുക. എന്തെന്നാൽ അറിവിനെ മറച്ച് വെക്കുന്നതാണ് അതിന്റെ നാശം."



വിജ്ഞാനദാഹത്തോടൊപ്പം ഈ ഭയം നമുക്കോരോരുത്തർക്കുമുണ്ടാകണം. ഇതിനോട് ചേർത്ത് വായിക്കേണ്ട ചില വാക്കുകൾ കൂടി ഉണർത്താം. ഉമർؓപറഞ്ഞു: "നേതാക്കളാക്കപ്പെടും മുമ്പ് നിങ്ങൾ അറിവ് നേടുക" (ബുഖാരി).

റബീഅؓ പറഞ്ഞു: "വല്ല അറിവും ഒരാൾക്ക് ലഭിച്ചാൽ സ്വന്തത്തെ അതിനെ തൊട്ട് നഷ്ടപ്പെടുത്താൻ പാടില്ല" (ബുഖാരി).

അറിവിനെ അവഗണിക്കുകയും അറിവുള്ളവരെ നിന്ദിക്കുകയും അജ്ഞതയുടെ വസ്ത്രം ധരിച്ചവരെ ആദരിക്കുകയും ചെയ്യുന്ന പ്രവണത ഇന്ന് വ്യപകമാണ്. മതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ മനസ്സിലാക്കാൻ സച്ചരിതരുടെ പാതയാണ് നാം പിൻപറ്റേണ്ടത്. സമൂഹത്തിൽ എത്രപേർ അതിനെ എതിർത്താലും ശരി. എന്തെന്നാൽ പ്രമാണങ്ങൾ അറിയുന്നതിന് അഹ്‌ലുസ്സുന്നത്തിവൽജമാഅയുടെ പണ്ഡിതർ ഒന്നാമതായി പറഞ്ഞ നിബന്ധന ക്വുർആനും സുന്നത്തും ഈ സമുദായത്തിന്റെ ആദ്യ തലമുറക്കാർ മനസ്സിലാക്കിയത് പോലെ മനസ്സിലാക്കുക എന്നതാണ്.

സത്യസന്ധമായ അറിവ് വേണമെന്ന് ആഗ്രഹിക്കുന്നവർ അണുഅളവ് ഇതിൽ നിന്ന് വ്യതിചലിക്കുകയില്ല. അംറബ്നുൽ ആസ്ؓവിൽ നിന്ന്: "നബിﷺ പറഞ്ഞു: 'അല്ലാഹു അറിവിനെ ജനങ്ങളിൽ നിന്ന് ഊരിയെടുത്തുക്കൊണ്ട് പിടിക്കുകയല്ല ചെയ്യുന്നത്. അവൻ പണ്ഡിതന്മാരെ പിടിച്ചു കൊണ്ടാണ് അറിവിനെ പിടിക്കുക. അങ്ങനെ ഒരു പണ്ഡിതനും അവശേഷിക്കാതെ വരുമ്പോൾ ജനങ്ങൾ വിവരമില്ലാത്തവരെ നേതാക്കളായി സ്വീകരിക്കും. അങ്ങനെ അവരോട് ചോദിക്കപ്പെടുമ്പോൾ വിവരമില്ലാതെ ഫത്‌വ നൽകും. അങ്ങനെ അവർ സ്വയം പിഴക്കുകയുംചെയ്യും" (ബുഖാരി/100).

സത്യത്തിൽ നബിﷺയുടെ ഈ മുന്ന

റിയിപ്പാണ് ഇന്ന് പുലർന്ന് കാണുന്നത്. ഇതിനിടയിൽ അറിവുള്ളരാൽ നിർവഹിക്കപ്പെടുന്ന ദൗത്യം മഹത്തരമാണ്. അല്ലാഹു പറയുന്നു:

"അല്ലാഹു ഒരു മനുഷ്യന് വേദവും മതവിജ്ഞാനവും പ്രവാചകത്വവും നൽകുകയും എന്നിട്ട് അദ്ദേഹം ജനങ്ങളോട് നിങ്ങൾ അല്ലാഹുവെ വിട്ട് എന്റെ ദാസന്മാരായിരിക്കുവിൻ എന്ന് പറയുകയും ചെയ്യുക എന്നത് ഉണ്ടാകാവുന്നതല്ല. എന്നാൽ നിങ്ങൾ വേദഗ്രന്ഥം പഠിപ്പിച്ചു കൊണ്ടിരിക്കുന്നതിലൂടെയും പഠിച്ച് കൊണ്ടിരിക്കുന്നതിലൂടെയും ദൈവത്തിന്റെ നിഷ്കളങ്ക ദാസന്മാരായിരിക്കണം (എന്നായിരിക്കും അദ്ദേഹം പറയുന്നത്)" (3:79).

ഇമാം ബുഖാരിؒ ഇതിനെ വിശദീകരിച്ച് പറയുന്നു: "നിഷ്കളങ്ക ദാസൻമാരെന്നാൽ വിവേകവും പാണ്ഡിത്യവുമുള്ളവരാണ്. അഥവാ ചെറിയ അറിവ് കൊണ്ട് തന്നെ ജനങ്ങളെ വളർത്തുന്നവർ..." (സ്വഹീഹുൽ ബുഖാരി).

ഏത് കാര്യത്തെക്കുറിച്ചുള്ള അറിവാണെങ്കിലും അത് മൂടിവെക്കാനുള്ളതല്ല, തുറന്ന് പഠിപ്പിക്കാനുള്ളത് തന്നെയാണ്. പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട അറിവിനെ മറച്ചുവെച്ച് മതത്തെ കച്ചവടച്ചരക്കാക്കി മാറ്റിയവർ ജൂത-ക്രൈസ്തവരാണ്. അല്ലാഹു അവർക്ക് നൽകിയ താക്കീത് കാണുക:

"അല്ലാഹു അവതരിപ്പിച്ച, വേദഗ്രന്ഥത്തിലുള്ള കാര്യങ്ങൾ മറച്ചുവെക്കുകയും അതിന്നു വിലയായി തുച്ഛമായ നേട്ടങ്ങൾ നേടിയെടുക്കുകയും ചെയ്യുന്നവരാരോ അവർ തങ്ങളുടെ വയറുകളിൽ തിന്നു നിറക്കുന്നത് നരകാഗ്നിയല്ലാതെ മറ്റൊന്നുമല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു അവരോട് സംസാരിക്കുകയോ (പാപങ്ങളിൽനിന്ന്) അവരെ സംശുദ്ധരാക്കുകയോ ചെയ്യുകയില്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുകയും ചെയ്യും" (2:174).

അല്ലാഹവിന്റെ ശാപത്തിനും കോപത്തിനും പ്രധാന കാരണമാകുന്ന ഈ ദുഷ് പ്രവർത്തനം വലിയ തോതിൽ തന്നെയാണ് സമൂഹത്തെ ബാധിച്ചിരിക്കുന്നത്. ഉത്ബോധനത്തിലൂടെ അതിന്റെ ഗൗരവം ബോധ്യപ്പെടുത്തുമ്പോൾ അധികപേരും ചെവികൊടുക്കുന്നുമില്ല. അബൂഹുറയ്റؓവിൽ നിന്ന് ഇമാം ബുഖാരിؒറിപ്പോർട്ട് ചെയ്യുന്ന ഒരു വചനം കാണുക. അദ്ദേഹം പറഞ്ഞു: "നിങ്ങൾ പറയുന്നു; അബൂഹുറയ്റ നബിﷺയിൽ നിന്ന് ധാരാളം ഹദീഥുകൾ ഉദ്ധരിക്കുന്നുവെന്ന്. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ രണ്ടായത്തുകൾ ഇല്ലായിരുന്നെങ്കിൽ ഞാൻ ഒരു ഹദീഥും പറയുമായിരുന്നില്ല." എന്നിട്ട് അദ്ദേഹം സൂറഃ അൽബക്വറയിലെ 159,160 സൂക്തങ്ങൾ ഓതി. മുഹാജിറുകളിൽപെട്ട എന്റെ സഹോദരൻമാർ അങ്ങാടിയിലെ കച്ചവടവുമായി വ്യാപൃതരായിരുന്നു. അൻസ്വാറുകളിൽപെട്ട എന്റെ സഹോദരങ്ങൾ അവരുടെ സമ്പത്തുമായി ബന്ധപ്പെട്ട ക്രയവിക്രയങ്ങളിൽ വ്യാപൃതരാണ്. ഞാനപ്പോഴും റസൂൽﷺയുടെ കൂടെയായിരുന്നു. എനിക്ക് വയറിന്റെ പ്രശ്നം മാത്രമെ നോക്കേണ്ടതുള്ളു. അവർ സ്ഥലം വിടുമ്പോൾ ഞാൻ സ്ഥലത്തുണ്ടാകും. അവർ മറക്കുന്ന കാര്യം ഞാൻ ഓർക്കാറുണ്ട്" (ബുഖാരി/118).

**ലഭിച്ച അറിവ് അനുസരിച്ച് ജീവിക്കുക എന്നതാണ് അല്ലാഹുവിനെ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിലുള്ള ക്ഷമിക്കൽ. അങ്ങനെ ജീവിക്കുമ്പോൾ പല വിധേനയുള്ള പരീക്ഷണങ്ങളും സഹിക്കേണ്ടിവരും. അവയ്ക്കു മുന്നിൽ പതറാതെ അറിഞ്ഞതിൽ തന്നെ ഉറച്ച് നിൽക്കണം. മാനസികവും ശാരീരികവും കുടുംബപരവും സാമൂഹികവുമായി ഏൽക്കേണ്ടിവരുന്ന പരീക്ഷണങ്ങളിൽ വലിച്ചെറിയാനുള്ളതല്ലല്ലോ ഇസ്‌ലാം നമുക്ക് നൽകിയ അറിവ്. പൈശാചിക സഹായത്താൽ വിശ്വാസികളെ പ്രലോഭിപ്പിക്കാൻ പലരും പ്രകടിപ്പിക്കുന്ന മതപരിഹാസവും നിഷേധവും സത്യത്തെ കളവാക്കലും നമ്മെ എത്തിക്കേണ്ടത് ക്ഷമയില്ലാത്ത പ്രതിരോധത്തിലേക്കല്ല, പ്രാർഥനയോടെ ക്ഷമ കടിച്ചുപിടിച്ച് പ്രവർത്തിക്കുന്നതിലേക്കാണ്.**

**2. ക്ഷമ**

അറിവുള്ളവരെ വിവേകമുള്ളവരാക്കുന്ന സ്വഭാവ ഗുണമാണ് ക്ഷമ എന്നത്. ഏത് ഘട്ടത്തിലായാലും വിശ്വാസികൾ ക്ഷമയുള്ളവരാകണം. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം" (3:200).

അല്ലാഹു ഇഷ്ടപ്പെട്ട മതത്തിൽ മുസ്‌ലിംകളായി മരിക്കുന്നത് വരെയും സന്തോഷത്തിലും സങ്കടത്തിലും പ്രയാസത്തിലും പ്രതീക്ഷയിലും ക്ഷമ ഒഴിവാക്കാൻ പാടില്ലെന്നാണ് ഇതിന്റെ വിവക്ഷ. ക്ഷമിക്കാനും പരസ്പരം ക്ഷമ ഉപദേശിക്കാനും തയ്യാറായവർക്ക് മാത്രമെ ഇഹലോകത്തിലെ നഷ്ടത്തിൽ നിന്ന് രക്ഷ പ്രാപിക്കാനാവൂ എന്ന് ക്വുർആൻ അറിയിക്കുന്നു. അല്ലാഹു പറയുന്നു:

"പുറമെ, വിശ്വസിക്കുകയും ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്

തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്യുക" (90:17).

"സത്യവിശ്വാസികളെ, നിങ്ങൾ സഹനവും നമസ്കാരവും മുഖേന (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു" (2:153).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ(റ) പറയുന്നു: "ക്ഷമ മൂന്ന് വിധമാണ്. തിന്മകളും നിഷിദ്ധമായ കാര്യങ്ങളും ഒഴിവാക്കുന്നതിന്റെ മേൽ ക്ഷമിക്കുക. അല്ലാഹുവിനെ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിന്റെ മേൽ ക്ഷമിക്കുക. വിപത്തുകളുടെയും പരീക്ഷണങ്ങളുടെയും മേൽ ക്ഷമിക്കുക എന്നിവയാണത്"(ഇബ്നുകഥീർ:1/224).

തിന്മകളും നിഷിദ്ധമായ കാര്യങ്ങളും ഒഴിവാക്കുന്നതിൽ ക്ഷമിക്കുക എന്നാൽ തന്നിഷ്ടങ്ങളുടെ അടിമകളാക്കാതിരിക്കുക എന്നതാണ്. അതാണല്ലോ മതവിജ്ഞാനം നേടുന്നതിന് അധിക പേർക്കും തടസ്സമാകുന്നത്. ഇത്തരം വഴികളെതൊട്ട് ക്ഷമിക്കാതിരുന്നാൽ ഇതിന്റെ കെണിയിൽ നിന്ന് രക്ഷപ്രാപിക്കാനാവില്ല. ഇവിടെ ക്വുർആൻ നൽകിയ ഉപദേശത്തെ നാം ഏറെ ശ്രദ്ധിക്കണം. അല്ലാഹു പറയുന്നു:

"പറയുക: വിശ്വസിച്ചവരായ എന്റെ ദാസൻമാരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഈ ഐഹികജീവിതത്തിൽ നന്മ പ്രവർത്തിച്ചവർക്കാണ് സൽഫലമുള്ളത്. അല്ലാഹുവിന്റെ ഭൂമിയാകട്ടെ വിശാലമാകുന്നു. ക്ഷമാശീലർക്കു തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കുനോക്കാതെ നിറവേറ്റികൊടുക്കപ്പെടുന്നത്" (39:10).

ലഭിച്ച അറിവ് അനുസരിച്ച് ജീവിക്കുക എന്നതാണ് അല്ലാഹുവിനെ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നതിലുള്ള ക്ഷമിക്കൽ. അങ്ങനെ ജീവിക്കുമ്പോൾ പല വിധേനയുള്ള പരീക്ഷണങ്ങളും സഹിക്കേണ്ടിവരും. അവയ്ക്കു മുന്നിൽ പതറാതെ അറിഞ്ഞതിൽ തന്നെ ഉറച്ച് നിൽക്കണം. മാനസികവും ശാരീരികവും കുടുംബപരവും സാമൂഹികവുമായി ഏൽക്കേണ്ടിവരുന്ന പരീക്ഷണങ്ങളിൽ വലിച്ചെറിയാനുള്ളതല്ലല്ലോ ഇസ്‌ലാം നമുക്ക് നൽകിയ അറിവ്. പൈശാചിക സഹായത്താൽ വിശ്വാസികളെ പ്രലോഭിപ്പിക്കാൻ പലരും പ്രകടിപ്പിക്കുന്ന മതപരിഹാസവും നിഷേധവും സത്യത്തെ കളവാ

**വിജ്ഞാന സമ്പാദനത്തിനും മറ്റുള്ളവർക്കത് പകർന്ന് നൽകുന്നതിനും വലിയ പ്രാധാന്യവും പ്രേരണയുമാണ് ഇസ്‌ലാം നൽകിയിട്ടുള്ളത്. പ്രയോജനപ്രദമായ അറിവ് തരുന്ന പണ്ഡിതരിൽ നിന്നും വായനകൊണ്ടും പണ്ഡിതരുടെ വാക്കുകളിൽ ആഴമേറിയ ചർച്ച നടത്തിയുമെല്ലാം നാം അറിവ് നേടണം. വഹ്‌യായി കിട്ടിയിരുന്ന അറിവ് അനുചരന്മാരെ പഠിപ്പിക്കാൻ പ്രത്യേക സമയം നബി(ﷺ) നിശ്ചയിച്ചിരുന്നു.**

ക്കലും നമ്മെ എത്തിക്കേണ്ടത് ക്ഷമയില്ലാത്ത പ്രതിരോധത്തിലേക്കല്ല, പ്രാർഥനയോടെ ക്ഷമ കടിച്ചുപിടിച്ച് പ്രവർത്തിക്കുന്നതിലേക്കാണ്. അല്ലാഹു പറയുന്നു:

"തീർച്ചയായും എന്റെ ദാസന്മാരിൽ ഒരു വിഭാഗം ഇപ്രകാരം പറയാറുണ്ടായിരുന്നു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തുതരികയും, ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഉത്തമനാണല്ലോ. അപ്പോൾ നിങ്ങൾ അവരെ പരിഹാസപാത്രമാക്കുകയാണ് ചെയ്തത്. അങ്ങനെ നിങ്ങൾക്ക് എന്നെപ്പറ്റിയുള്ള ഓർമ മറന്നുപോകാൻ അവർ ഒരു കാരണമായിത്തീർന്നു. നിങ്ങൾ അവരെ പുച്ഛരിച്ചു ചിരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അവർ ക്ഷമിച്ചതു കൊണ്ട് ഇന്നിതാ ഞാനവർക്ക് പ്രതിഫലം നൽകിയിരിക്കുന്നു. അതെന്തെന്നാൽ അവർ തന്നെയാകുന്നു ഭാഗ്യവാന്മാർ" (23:109-112).

ജീവിതത്തിൽ അല്ലാഹു തീരുമാനിച്ചതനുസരിച്ചുണ്ടാകുന്ന വിധികളിൽ ക്ഷമിക്കാൻ കഴിയലും പ്രധാനമാണ്. അല്ലാഹു പറയുന്നു:

"കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക" (2:155).

സുപ്രധാനമായ ഈ രണ്ട് കാര്യങ്ങളെ സൂക്ഷ്മമായി ശ്രദ്ധിക്കുന്നവർക്ക് മാത്രമെ മതമൂല്യങ്ങളെ സംരക്ഷിക്കുന്ന മതപണ്ഡിതരും നേതാക്കളുമായി മാറാൻ കഴിയുകയുള്ളു. നാഥൻ അനുഗ്രഹിക്കട്ടെ. ●

## സൃഷ്ടികൾ ക്ഷണിക്കുന്നു


'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

നല്ല മനസ്സും നല്ല മനുഷ്യനും: 2



# ഹൃദയം നന്നാക്കുക

**ഹൃ**ദയം രണ്ടുതരമുണ്ടെന്ന് കഴിഞ്ഞ ലേഖനത്തിൽ നാം മനസ്സിലാക്കി. ഒന്ന്, സുരക്ഷിതമാക്കപ്പെട്ട ഹൃദയം. രണ്ട്, രോഗം ബാധിച്ച ഹൃദയം. "കുറ്റമറ്റ ഹൃദയവുമായി (ക്വൽബുൻ സലീം) അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ" എന്ന് ക്വുർആൻ 26:89ൽ പറയുന്നത് കാണാം.

ഇവിടെ 'കുറ്റമറ്റത്' എന്നതിന് വ്യത്യസ്ത വ്യാഖ്യാനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ശിർക്കിൽ നിന്നും കുറ്റമറ്റത് എന്ന് ഇബ്നു അബ്ബാസിന്റെ (റ) വ്യാഖ്യാന ഗ്രന്ഥത്തിലുണ്ട്. ദുഃസ്വഭാവങ്ങളിൽ നിന്നും സുരക്ഷിതമായത് എന്ന വിശദീകരണവും വന്നിട്ടുണ്ട്. അസൂയ, പക, അഹങ്കാരം എന്നീ ദൂഷ്യങ്ങൾ ഇല്ലാത്തത് എന്നും അർഥം വന്നിട്ടുണ്ട്. (അഹ്കാമുൽ ക്വുർആൻ: 3/459).

തൗഹീദ് കൊണ്ട് ആത്മാർഥമാക്കപ്പെട്ടത് അഥവാ ശിർക്കില്ലാത്തത് എന്നാണ് ത്വബ്‌രി പറയുന്നത്. (23/69).

പിഴച്ച വിശ്വാസങ്ങളിൽ നിന്നും ദുഃസ്വഭാവങ്ങളിൽ നിന്നും മുക്തമായ ഹൃദയം എന്ന് ചുരുക്കം. ഹൃദയത്തിന്റെ അടിസ്ഥാനപരമായ പ്രകൃതം ശുദ്ധിയാണ്. മനുഷ്യൻ ചെയ്യുന്ന തിന്മകളുടെ ഭാഗമായാണ് അത് നശിക്കുന്നത്. എന്നാൽ, കൃത്യമായ ചികിത്സ നൽകിയാൽ അത് അതിന്റെ ശുദ്ധ പ്രകൃതിയിലേക്ക് വീണ്ടും മടങ്ങുന്നതാണ്.

ശരീരത്തെ ബാധിക്കുന്ന ദുർബലതയാണ് രോഗം. ഇത് ഹൃദയത്തെയും ബാധിക്കും. ശരീരത്തെ ബാധിക്കുന്ന രോഗങ്ങളെക്കാൾ കഠിനവും ഗൗരവമേറിയതുമാണ് ഹൃദയത്തെ ബാധിക്കുന്ന രോഗങ്ങൾ. കാരണം ഹൃദയത്തിന് രോഗം ബാധിച്ചാൽ ഇഹലോകവും പരലോകവും നഷ്ടമാകും. ഹൃദയത്തിന് രോഗം ബാധിച്ചവരാണ് ഇന്ന് കൂടുതലും ഉള്ളത്. ഞാനൊരു രോഗിയാണെന്ന് പോലും അവൻ അറിയുന്നില്ല.

ഇമാം ഗസ്സാലി പറയുന്നു: "ശരീരത്തിലെ ഓരോ അവയവവും ഓരോ പ്രവർത്തനങ്ങൾക്കായി സൃഷ്ടിക്കപ്പെട്ടവയാണ്. അതിന് രോഗം ബാധിക്കുക

എന്നു പറഞ്ഞാൽ ആ അവയവത്തിൽ നിന്നുണ്ടാകേണ്ട പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കുകയും അതിനു സാധ്യമാകാതെ വരലുമാണ്. കൈകൊണ്ട് പിടിക്കാൻ കഴിയാതാകുന്നത് അതിന്റെ രോഗമാണ്. കാണാൻ കഴിയാതാകുന്നത് കണ്ണിനെ ബാധിക്കുന്ന രോഗമാണ്. ഇപ്രകാരം തന്നെയാണ് ഹൃദയവും. അതിന് അതിന്റേതായ പ്രവർത്തനങ്ങളുണ്ട്. അറിവ്, ഹിക്മത്ത്, ജ്ഞാനം, അല്ലാഹുവിനെ സ്നേഹിക്കുക, അവനെ ആരാധിക്കുക, അവനെക്കുറിച്ചുള്ള സ്മരണയിൽ ആസ്വാദനം കണ്ടെത്തുക, മറ്റു താൽപര്യങ്ങളെക്കാൾ അതിനു പ്രാധാന്യം നൽകുക തുടങ്ങിയവയാണ് ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ" (ഇഹ്‌യാഅ്- 3/63).

ഇപ്പറഞ്ഞത് ജൈവികമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ചാണ്. ഇത്തരം കാര്യങ്ങൾ നടക്കാതെ വരുമ്പോൾ ഹൃദയത്തിന് രോഗം ബാധിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കണം. ഹൃദയ രോഗത്തെപ്പറ്റി അല്ലാഹു ക്വുർആനിൽ പലയിടങ്ങളിലായി പറഞ്ഞിട്ടുണ്ട്.

അൽബക്വറ:10, അൽമാഇദ:52, അൽഅൻഫാൽ:49, അത്തൗബ:125, അൽഹജ്ജ്:53, അൽഅഹ്സാബ്:12, 32, 60, മുഹമ്മദ്:20, 29, അൽമുദ്ദഥിർ:31 തുടങ്ങിയ സൂക്തങ്ങൾ നോക്കുക.

ഈ സൂക്തങ്ങൾ പരിശോധിച്ചാൽ രണ്ട് തരം രോഗങ്ങളാണ് അവയിൽ പരാമർശിക്കുന്നതെന്ന് കാണാം. 1) നിഫാക്വ് (കാപട്യം), ശിർക്ക് (ബഹുദൈവവരാധന), കുഫ്റ് (അവിശ്വാസം) എന്നീ രോഗങ്ങൾ. 2) തിന്മയിലേക്കുള്ള ചായ്‌വ്.

അബൂഹയ്യാൻ തന്റെ വ്യാഖ്യാന ഗ്രന്ഥമായ ബഹ്റുൽ മുഹീത്വിൽ (1/95-96) പറയുന്നത് ഹൃദയത്തെ ബാധിക്കുന്ന ഇരുപത്തി ഏഴ് രോഗങ്ങളുണ്ട് എന്നാണ്. ഇത്തരം രോഗങ്ങൾ ഉണ്ടാകുമ്പോൾ അവ ഹൃദയത്തെ അതിജയിക്കുകയും ആധിപത്യം ചെലുത്തുകയും ചെയ്യുന്നു. ആ ഹൃദയത്തിന്റെ ഉടമ നശിച്ചതു തന്നെ.

**നിർജീവ ഹൃദയം**

സത്യനിഷേധികളുടെയും കപടവിശ്വാസികളുടെയും ഹൃദയം 'നിർജീവമായ ഹൃദയം' (ക്വൽബുൽ മയ്യിത്) എന്ന വിശേഷണത്തിന് അർഹമാണ്. അതിൽ ജീവൻ ഇല്ല. ശരീരത്തിന്റെ ജീവനോടെയുള്ള നിലനിൽപ് ഭക്ഷണവും വെള്ളവും ഉപയോഗിക്കുമ്പോഴാണ്. എന്നാൽ ഹൃദയത്തിന്റെ നിലനിൽപ് ദൈവസ്മരണ, പശ്ചാതാപം, പാപങ്ങൾ വെടിയൽ, ആരാധനകൾ, ക്വുർആൻ പരായണം എന്നിവയിലൂടെയാണ്. അവയില്ലെങ്കിൽ ആ ഹൃദയത്തിന് ജീവനില്ലെന്ന് അർഥം. നന്മയെ നന്മയായി കാണാനോ, തിന്മയെ തിന്മയായി കാണാനോ ഇത്തരം ഹൃദയങ്ങൾക്ക് സാധ്യമല്ല.

**രോഗാതുര ഹൃദയം**

വിശ്വാസം ഉണ്ട്. പക്ഷേ, വികാരങ്ങളും ഇഛകളും സംശയങ്ങളും അതിനെ അതിജയിച്ചിരിക്കുന്നു. അസൂയയും അഹങ്കാരവും ലോകമാന്യതയുമെല്ലാം അതിലുണ്ട്. എന്നാൽ നന്മകളും ഉണ്ട്. ഹൃദയത്തെ രോഗിയാക്കുന്നതിൽ തിന്മകൾക്ക് പങ്കുണ്ട്. അവയവങ്ങളുടെ പ്രവർത്തനങ്ങൾ ഹൃദയത്തിൽ സ്വാധീനമുണ്ടാക്കുന്നു എന്നതാണതിനുകാരണം. നബിﷺ പറയുന്നു: "ഒരു അടിമ തെറ്റു ചെയ്താൽ ഹൃദയത്തിൽ ഒരു കറുത്ത പുള്ളിവീഴും. തെറ്റിൽ നിന്നൊഴിവായി പാപമോചനം തേടിയാൽ ഹൃദയം ശുദ്ധീകരിക്കപ്പെടും. വീണ്ടും തെറ്റിലേക്ക് മടങ്ങിയാൽ, അത് ഹൃദയത്തെ അതിജയിച്ചാൽ അതിന് കറബാധിക്കും. ഇതിനെക്കുറിച്ചാണ് അല്ലാഹു ഇപ്രകാരം പറഞ്ഞത്:"അല്ല; പക്ഷേ, അവർ പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്നത് അവരുടെ ഹൃദയങ്ങളിൽ കറയുണ്ടാക്കിയിരിക്കുന്നു" (മുത്വഫ്ഫിഫീൻ :14)" (തുർമുദി).

വിറക് കൊള്ളിയിൽ തീ പടരുന്നപോലെ തിന്മകൾ ഹൃദയത്തെ പിടികൂടുമെന്നാണ് നബിﷺ പറഞ്ഞത്. തിന്മ ചെയ്താൽ കറുത്ത പുള്ളിവീഴും. നന്മചെയ്താൽ വെളുത്ത പുള്ളി വീഴും. അങ്ങനെ ഒന്നുകിൽ തെളിഞ്ഞ ഹൃദയം, അല്ലെങ്കിൽ കറുത്തിരുണ്ട ഹൃദയം ആയി മാറും. കറുത്തിരുണ്ട ഹൃദയം കമഴ്ത്തിവെച്ച പാത്രം പോലെയായിരിക്കും. ഒരു നന്മയും അതിലേക്ക് കയറുകയില്ല. ഒരു തിന്മയെയും മാറ്റിവെക്കുകയില്ല. ഇഛകളല്ലാതെ മറ്റൊന്നും സ്വീകരിക്കുകയില്ല. (മുസ്‌ലിം).

**കുറ്റമറ്റ ഹൃദയം**

പാപമില്ലാത്ത, തിന്മയില്ലാത്ത, ദുസ്സ്വഭാവങ്ങളില്ലാത്ത, ദുഷിച്ച വിശ്വാസങ്ങളില്ലാത്ത, സംസ്കരിക്കപ്പെട്ട ഹൃദയമാണിത്. ഹൃദയത്തിന്റെ ഈ നിലക്കുള്ള ശുദ്ധീകരണത്തിനു വേണ്ടിയാണ് തിന്മകളിൽ നിന്ന് വിട്ടുനിൽക്കാൻ അല്ലാഹു കൽപിച്ചത്.

"പാപത്തിൽ നിന്ന് പ്രത്യക്ഷമായതും പരോക്ഷമായതും നിങ്ങൾ വെടിയുക. പാപം സമ്പാദിച്ച് വെക്കുന്നവരാരോ അവർ ചെയ്ത് കൂട്ടുന്നതിന് തക്ക പ്രതിഫലം തീർച്ചയായും അവർക്ക് നൽകപ്പെടുന്നതാണ്" (അൽഅൻആം: 120).


"...പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ച് പോകരുത്..." (അൽഅൻആം: 151).

ഇത്തരത്തിലുള്ള ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു മുഹമ്മദ് നബിﷺ. അദ്ദേഹത്തെക്കുറിച്ച് അല്ലാഹു പറയുന്നു: "തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു" (അൽക്വലം: 4).

സൽസ്വഭാവമകട്ടെ പരലോകത്ത് തുലാസ്സിൽ ഏറ്റവും കനം തൂങ്ങുന്ന ഒന്നാണ്. അതിന് ഹൃദയം നന്നാകണം. **(അവസാനിച്ചില്ല).**

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം



# പ്രവാചകന്മാരുടെ പ്രത്യേകതകൾ

### വഹ്‌യ് (ദിവ്യസന്ദേശം)

അല്ലാഹു പ്രവാചകന്മാർക്ക് അറിയിച്ചുകൊടുക്കുന്ന ശറഇയ്യായ (മതപരമായ) കാര്യങ്ങളാണ് 'വഹ്‌യ്.' ശറഇയ്യായ അറിയിപ്പുകൾ അല്ലാഹുവിൽ നിന്ന് പ്രവാചകന്മാർക്ക് മാത്രമേ ഉണ്ടാകൂ. ഇത് പ്രവാചകന്മാരുടെ മാത്രം പ്രത്യേകതയാണ്. എന്നാൽ 'മൂസാനബി(അ)യുടെ മാതാവിന് നാം വഹ്‌യ് നൽകി'യെന്നും 'തേനീച്ചക്ക് നാം വഹ്‌യ് നൽകി'യെന്നും അല്ലാഹു പറയുന്നതായി നമുക്ക് ക്വുർആനിൽ കാണാം. ഇവിടെയെല്ലാം 'വഹ്‌യ്' എന്ന പ്രയോഗം തോന്നിപ്പിക്കുക എന്ന അർഥത്തിലാണെന്നും പ്രവാചകന്മാർക്ക് അല്ലാഹു നൽകുന്ന 'വഹ്‌യ്' അല്ല ഇവിടെ ഉദ്ദേശ്യമെന്നും നാം മനസ്സിലാക്കണം.

പ്രവാചകന്മാരല്ലാത്തവർ ആരെങ്കിലും തനിക്ക് വഹ്‌യ് ലഭിക്കുന്നുണ്ടെന്ന് പറയുന്നത് അല്ലാഹുവിങ്കൽ നിന്ന് ഭയങ്കരമായ ശിക്ഷ ലഭിക്കുന്നതാണ്. ക്വുർആൻ ഇത് വ്യക്തമാക്കിയിട്ടുമുണ്ട്:

"അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ, തനിക്ക് യാതൊരു ബോധനവും നൽകപ്പെടാതെ എനിക്ക് ബോധനം ലഭിച്ചിരിക്കുന്നു എന്ന് പറയുകയോ ചെയ്തവനെക്കാളും അല്ലാഹു അവതരിപ്പിച്ചതുപോലെയുള്ളത് ഞാനും അവതരിപ്പിക്കാമെന്ന് പറഞ്ഞവനെക്കാളും വലിയ അക്രമി ആരുണ്ട്?! ആ അക്രമികൾ മരണവെപ്രാളത്തിലായിരിക്കുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്തിറക്കുവീൻ എന്നു പറഞ്ഞുകൊണ്ട് മലക്കുകൾ അവരുടെ നേരെ തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ സത്യമല്ലാത്തത് പറഞ്ഞുകൊണ്ടിരുന്നതിന്റെയും അവന്റെ ദൃഷ്ടാന്തങ്ങളെ നിങ്ങൾ അഹങ്കരിച്ച് തള്ളിക്കളഞ്ഞതിന്റെയും ഫലമായി ഇന്ന് നിങ്ങൾക്ക് ഹീനമായ ശിക്ഷ നൽകപ്പെടുന്നതാണ്" (6:93).

ഞാൻ നബിയാണെന്നും എനിക്ക് വഹ്‌യ് കിട്ടുന്നുണ്ടെന്നും വാദിച്ചവരുണ്ട്. ഇങ്ങനെ നബിയായി വാദിക്കുന്നവർ കള്ളന്മാരാണെന്നും ഇത്തരം കള്ളന്മാർ പിൽക്കാലത്ത് വരുമെന്നും നബിﷺ തന്നെ നമുക്ക് മുന്നറിയിപ്പ് നൽകിയിട്ടുമുണ്ട്. അത് നാം മുമ്പ് സൂചിപ്പിച്ചിട്ടു

ണ്ട്. സ്വൂഫികളിൽ ചിലർ റബ്ബിൽ നിന്ന് ഞങ്ങൾക്ക് നേരിട്ട് അറിവ് ലഭിക്കുന്നുണ്ടെന്നും അല്ലാഹുവിനെ നേരിട്ട് കണ്ടിട്ടുണ്ടെന്നുപോലും വാദിക്കുന്നവരാണ്. ഇത്തരം വിശ്വാസം അഹ്‌ലുസ്സുന്നയുടെ വിശ്വാസത്തിന് എതിരാണ്. ഇമാം ക്വാദീ ഇയാദ്(റഹി) 'അതെല്ലാം കുഫ്‌റെന്ന് മുസ്‌ലിംകളുടെ ഇജ്മാഅ് (ഏകാഭിപ്രായം) ഉണ്ട്' എന്ന് പറഞ്ഞ് പല കാര്യങ്ങളും വിവരിച്ച കൂട്ടത്തിൽ പറയുന്നു:

"ആരെങ്കിലും ചില സ്വൂഫികളും ബാത്വിനിയ്യാക്കളും നസ്വാറാക്കളും ക്വറാമിത്വകളും പറയുന്നത് പോലെ (ഇവരെല്ലാം വഴിപിഴച്ച വിഭാഗങ്ങളാണ്) അല്ലാഹുവുമായി വേദി പങ്കിട്ടുവെന്നും അവനിലേക്ക് കയറിപ്പോയിയെന്നും അവനുമായി സംസാരിച്ചെന്നും അവൻ ഏതെങ്കിലും വ്യക്തികളിൽ അവതരിച്ചുവെന്നും വാദിക്കുന്നതും അപ്രകാരം തന്നെയാണ്"(അശ്ശിഫാ).

സ്വൂഫികളിൽ ചിലർ പറയുന്നത് കാണുക: "നാം അറിവ് സ്വീകരിച്ചിട്ടുള്ളത് ഒരിക്കലും മരിക്കാത്ത എന്നെന്നും ജീവിച്ചിരിക്കുന്നവനിൽ (അല്ലാഹുവിൽ) നിന്നാണ്. അവർ അറിവ് സ്വീകരിച്ചിട്ടുള്ളത് മരിച്ചവരിൽ നിന്നാണ്" (അൽജവാഹിർ).

'നമുക്ക് ലഭിച്ചിട്ടുള്ള മതപരമായ അറിവ് പൂർവികരിൽ നിന്ന് കൈമാറി കിട്ടിയതാണ്. അവരാകട്ടെ ഇന്ന് ജീവിച്ചിരിപ്പുള്ളവരുമല്ല. എന്നാൽ സ്വൂഫികൾക്ക് അറിവ് ലഭിക്കുന്നത് അല്ലാഹുവിൽ നിന്നാണ്' എന്നാണ് ഇപ്പറഞ്ഞതിനർഥം. അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന ശറഇയ്യായ കാര്യങ്ങളാണല്ലോ വഹ്‌യ്. ഇത് ഈ സ്വൂഫികൾക്കും ലഭിക്കുന്നുണ്ട് പോലും!

ഇനി മറ്റൊരു സ്വൂഫി തനിക്ക് അല്ലാഹു മതകാര്യങ്ങൾ അറിയുച്ചു തരുന്നതിനെ കുറിച്ച് പറയുന്നത് കാണുക: "അഹ്മദുർറംലി ഒരു കോവർ കഴുതയുടെ പുറത്ത് യാത്രചെയ്യുന്നവനായിരിക്കെ ഒരു വിഷയത്തെ കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം മൗനം പാലിക്കുകയും തല താഴ്ത്തിയിരിക്കുകയും ചെയ്തു. ഇടത്തോട്ടും വലത്തോട്ടും തിരിഞ്ഞു നോക്കുകയും പിന്നീട് തല ഉയർത്തി ചോദ്യകർത്താവിന് ഉത്തരം നൽകുകയും ചെയ്തു. അപ്പോൾ ചോദ്യകർത്താവ് അദ്ദേഹം ചെയ്തതിനെ കുറിച്ച് ചോദിച്ചപ്പോൾ അഹ്മദുർറംലി അദ്ദേഹത്തോട് പറഞ്ഞു: 'നീ എന്നോട് ചോദിച്ചപ്പോൾ അതിനെക്കുറിച്ച് എനിക്ക് യാതൊരു അറിവും ഇല്ലായിരുന്നു. കിഴക്കു പടിഞ്ഞാറുള്ള ഗ്രന്ഥങ്ങളെല്ലാം ഞാൻ സസൂക്ഷ്മം പരിശോധിച്ചു, ഞാനതിൽ വിജയിച്ചില്ല (കണ്ടില്ലെന്നർഥം). പിന്നീട് ഞാൻ ലൗഹുൽ മഹ്ഫൂദിലേക്ക് നോക്കി, അപ്പോഴും ഞാൻ (അതിനുള്ള ഉത്തരം) കണ്ടില്ല. പിന്നീട് എന്റെ രക്ഷിതാവിൽ നിന്ന് എന്നെ അറിയിച്ചു. അല്ലെങ്കിൽ (അദ്ദേഹം പറഞ്ഞത്) ഒരു മലക്ക് അതുമായി ഇറങ്ങിവന്നു" (തദ്കീറുന്നാസ്).

എന്തുമാത്രം അപകടകരമാണീ വാക്കുകൾ! നബിയാണെന്നോ വഹ്‌യ് ലഭിക്കുന്നില്ലെന്നോ പറഞ്ഞില്ലെന്ന് മാത്രം. ഇപ്രകാരം തന്നെ ശൈഖ് അബ്ദുൽ ക്വാദിർ ജീലാനി‍(റ)യെ കുറിച്ചും പ്രചരിപ്പിക്കുന്നുണ്ട്. ആ വരികൾ ഇപ്രകാരമാണ്.

ചൊല്ലീല ഞാനൊന്നും എന്നോട് ചൊല്ലാതെ
ചൊല്ല് നീ എന്റെ അമാനിൽ അതെന്നോവർ

"അല്ലാഹു ചൊല്ലാൻ (പറയാൻ) പറയുമ്പോഴേ ഞാൻ എന്തും പറയാറുള്ളൂ" എന്ന് ശൈഖ് ജീലാനി പറഞ്ഞു എന്നാണ് ഇപ്പറഞ്ഞത്. അദ്ദേഹം ഒരിക്കലും ഇത്തരം അവകാശവാദം ഉന്നയിച്ചിട്ടില്ല.

മുഹമ്മദ് നബി(ﷺ)യെ കുറിച്ച് അല്ലാഹു പറയുന്നു: "അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ദൈവികബോധനം മാത്രമാകുന്നു"(53:3,4). അല്ലാഹുവിങ്കൽ നിന്നും ലഭിക്കുന്ന ബോധനത്തിന്റെയടിസ്ഥാനത്തിൽ സംസാരിക്കലും പ്രവർത്തിക്കലുമെല്ലാം നബിമാരാണ്. ഇങ്ങനെ ആരെങ്കിലും ചെയ്യുന്നുണ്ടെന്ന് വാദിക്കുകയാണെങ്കിൽ അവൻ യഥാർഥത്തിൽ തനിക്ക് പ്രവാചകത്വമുണ്ടെന്നാണ് വാദിക്കുന്നത്. അതുപോലെ തന്നെ നബിമാരല്ലാത്ത ഒരാളെക്കുറിച്ച് ഇപ്രകാരം ഒരാൾ വിശ്വസിച്ചാൽ അവനിൽ പ്രവാചകത്വ പദവി അവൻ ചാർത്തുകയാണ് ചെയ്യുന്നത്. ഇതെല്ലാം സത്യനിഷേധമാണ്.

പ്രവാചകന്മാർക്ക് വഹ്‌യ് നൽകുന്നത് ഉണർച്ചയിൽ മാത്രമല്ല; ഉറക്കത്തിൽ സ്വപ്നത്തിലൂടെയും നൽകും. അവർ കാണുന്ന സ്വപ്നം മുഴുവനും സത്യസന്ധമായി പുലരുന്നതായിരുന്നു. നബിമാർക്ക് സ്വപ്നത്തിലൂടെ വഹ്‌യ് നൽകിയതിന് ഉദാഹരണമാണ് ഇബ്‌റാഹീം(عليه السلام)യും ഇസ്മാഈൽ(عليه السلام)യും തമ്മിൽ നടന്ന സംസാരം:

"എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ കുഞ്ഞുമോനേ! ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ. നീ എന്താണ് അഭിപ്രായപ്പെടുന്നത്?' അവൻ പറഞ്ഞു: 'എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തു കൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്.' അങ്ങനെ അവർ ഇരുവരും (കൽപനക്ക്) കീഴ്പെടുകയും അവനെ നെറ്റി(ചെന്നി) മേൽ ചരിച്ചു കിടത്തുകയും ചെയ്ത സന്ദർഭം! നാം അദ്ദേഹത്തെ വിളിച്ചു പറഞ്ഞു: ഹേ! ഇബ്‌റാഹീം, തീർച്ചയായും നീ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്" (37:102-105).

ഇബ്‌റാഹീം (عليه السلام) താൻ കണ്ട സ്വപ്നം അതേപടി പ്രാവർത്തികമാക്കുകയാണ് ചെയ്യുന്നത്. കാരണം അത് വഹ്‌യ് ആണ്. ഇവിടെ നാം പ്രത്യേകം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. പ്രവാചകന്മാരല്ലാത്തവരുടെ സ്വപ്നം നടപ്പിൽ വരുത്താൻ തുനിയരുത്. കാരണം പ്രവാചകന്മാരല്ലാത്തവരുടെ സ്വപ്നത്തിൽ പൈശാചികമായതുമുണ്ടാകും. ജോത്സ്യനെയും മറ്റും സമീപിച്ച് അവരിൽ നിന്ന് ലഭിക്കുന്ന പൈശാചിക ബോധനത്താൽ മക്കളെ കൊല്ലുകയും മറ്റും

ചെയ്ത വാർത്തകൾ നാം കേൾക്കാറുണ്ട്. ഇത്തരം സംഭവങ്ങളെ ക്വുർആനിലെ സംഭവങ്ങളുമായി കൂട്ടിക്കെട്ടി ചിത്രീകരിക്കുന്നവരെയും കാണാം. ഇസ്‌ലാമിക വിശ്വാസങ്ങളുടെയും പ്രമാണങ്ങളുടെയും മൗലികതയിലുള്ള അജ്ഞതയാണ് ഇതിന് കാരണം.

**2. ഉറക്കം**

സാധാരണ ഗതിയിൽ നാം ഉറങ്ങുമ്പോൾ ഉണർച്ചയിൽ ആലോചിക്കുന്നത് പോലെ ആലോചിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാറില്ലല്ലോ. വുദൂഅ് നഷ്ടപ്പെടുന്ന കാര്യങ്ങളിൽ നാം എണ്ണിപ്പഠിച്ചതാണ് സ്വബോധമില്ലാത്ത ഉറക്കം. ഉറങ്ങിയാൽ നമ്മുടെ ബോധം തന്നെ നഷ്ടപ്പെടുന്നത് പോലെയാണ്. എന്നാൽ നബിമാരുടെ ഉറക്കം സാധാരണ ഗതിയിൽ കണ്ണ് ഉറങ്ങിയാലും ഹൃദയം ഉറങ്ങാത്ത അവസ്ഥയിലായിരിക്കും. സ്വഹീഹുൽ ബുഖാരിയിൽ ഇങ്ങനെ കാണാം:

"നബിﷺയുടെ കണ്ണ് ഉറങ്ങുകയും ഹൃദയം ഉറങ്ങാതിരിക്കുകയും ചെയ്യും. നബിമാർ അപ്രകാരമാകുന്നു. അവരുടെ കണ്ണുകൾ ഉറങ്ങുകയും അവരുടെ ഹൃദയം ഉറങ്ങാതിരിക്കുകയും ചെയ്യും." ഇത് അനസ്ؓ നബിയെക്കുറിച്ച് പറയുന്നതാണ്. നബിﷺ തന്നെ പറയുന്നത് കാണുക: "എന്റെ കണ്ണ് ഉറങ്ങും, എന്റെ ഹൃദയം ഉറങ്ങില്ല." ഇത് മുഹമ്മദ് നബിﷺയുടെ മാത്രം പ്രത്യേകതയല്ല; എല്ലാ പ്രവാചകന്മാർക്കുമുള്ള പ്രത്യേകതയാണ്.

**3. മരണം സമയം തെരഞ്ഞെടുക്കൽ**

അല്ലാഹു അവന്റെ സൃഷ്ടികൾക്കെല്ലാം ഒരു അവധി നിശ്ചയിച്ചിട്ടുണ്ട്. മനുഷ്യന്റെ അവധിയെത്തിയാൽ അവൻ മരിക്കുന്നു. ആ മരണം എപ്പോഴെന്നോ എവിടെ വെച്ചെന്നോ അല്ലാഹുവിന് മാത്രമെ അറിയൂ. നിശ്ചയിക്കപ്പെട്ട സമയമായാൽ മരണം വന്നെത്തും ; അനുവാദം ചോദിക്കാതെ തന്നെ. എന്നാൽ പ്രവാചകന്മാർക്ക് അല്ലാഹു മറ്റു മനുഷ്യരിൽ നിന്ന് ഒരു പ്രത്യേകത നൽകിയിട്ടുണ്ട്. മരണ സമയത്ത് അവരോട് ചോദിക്കും. അവർക്ക് അന്നേരം ഇപ്പോൾ മരിക്കണോ വേണ്ടയോയെന്ന് തെരഞ്ഞടുക്കാം.

ആഇശؓനിവേദനം: "ഐഹികലോകവും പാരത്രികലോകവും തെരഞ്ഞെടുക്കുവാൻ അവസരം നൽകപ്പെടാത്ത ഒരു പ്രവാചകനും മരണപ്പെട്ടിട്ടില്ലെന്ന് ഞാൻ കേട്ടിട്ടുണ്ട്. പ്രവാചകൻﷺ മരണപ്പെട്ട രോഗത്തിൽ പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. അവിടുത്തെ ശബ്ദത്തിന് ഒരു പരുപരുപ്പ് തുടങ്ങിയിരുന്നു. അവിടുന്ന് പറഞ്ഞു: 'അല്ലാഹു അനുഗ്രഹിച്ച പ്രവാചകന്മാർ, സത്യസന്ധന്മാർ, രക്തസാക്ഷികൾ, സജ്ജനങ്ങൾ എന്നിവരോടൊപ്പം (എന്നെ ചേർക്കേണമേ). അവർ എത്ര നല്ല കൂട്ടുകാർ.' അപ്പോൾ ഞാൻ (ആഇശؓ ധരിച്ചു; അന്ന് നബിﷺക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകപ്പെട്ടിരിക്കുന്നു (എന്ന്)" (മുസ്‌ലിം)

**4. മരണപ്പെട്ട സ്ഥലത്ത് തന്നെ ക്വബ്റടക്കൽ**

പ്രാവാചകന്മാരുടെ പ്രത്യേകതകളിൽ പെട്ടതാണ്, അവർ എവിടെയാണോ മരണപ്പെട്ടത് അവിടെ തന്നെ അവരെ മറവുചെയ്യുകയും വേണം എന്നത്. നബിﷺ വഫാത്തായപ്പോൾ എവിടെ മറവു ചെയ്യണം എന്നത് സ്വഹാബിമാർക്കിടയിൽ ചർച്ചയുണ്ടായി. ഈ സമയത്ത് 'നബിമാർ എവിടെയാണോ മരണപ്പെട്ടത്, അവിടെത്തന്നെ അവർ മറവുചെയ്യപ്പെടണം' എന്ന നബി വചനം പറയപ്പെട്ടപ്പോൾ എല്ലാവരും അതിൽ യോജിക്കുകയും ആഇശؓയുടെ ഹുജ്‌റ(മുറി)യിൽ മറവു ചെയ്യുകയും ചെയ്തു. നബിﷺയുടെ ക്വബ്റ് ആർക്കും കാണാനാകാത്ത വിധത്തിൽ ശക്തമായ മതിൽ കെട്ടുകൾക്കുള്ളിൽ വരാനുള്ള കാരണം ഹദീഥുകളിൽ വന്നിട്ടുണ്ട്. ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഒരു ഹദീഥ് കാണുക:

ആഇശؓയിൽ നിന്ന് നിവേദനം. അവർ പറഞ്ഞു: "നബിﷺ മരണപ്പെട്ട രോഗത്തിലായിരിക്കെ അവിടുന്ന് പറഞ്ഞു: ജൂതന്മാരെയും നസ്വാറാക്കളെയും അല്ലാഹു ശപിച്ചിരിക്കുന്നു, അവർ അവരുടെ പ്രവാചകന്മാരുടെ ക്വബ്റുകളെ ആരാധനാലയമാക്കി." ആഇശؓപറഞ്ഞു: "അതില്ലായിരുന്നെങ്കിൽ അവിടത്തെ ക്വബ്ർ വെളിവാക്കപ്പെടുമായിരുന്നു. അതു കൂടാതെ അത് (ക്വബ്റ്) ആരാധനാലയമാക്കപ്പെടുമെന്ന് അവിടുന്ന് ഭയപ്പെടുകയും ചെയ്തു" (മുസ്‌ലിം).

ഈ ഹദീഥിനെ വിശദീകരിക്കുമ്പോൾ ഇമാം നവവി(റഹി) ഇപ്രകാരം പറഞ്ഞു: "പണ്ഡിതന്മാർ പറഞ്ഞു: നിശ്ചയമായും നബിﷺ അവിടുത്തെ ക്വബ്റും മറ്റുള്ളവരുടെ ക്വബ്റും ആരാധനാലയമാക്കുന്നതിനെ വിലക്കിയത് അതിനോടുള്ള (ക്വബ്റിനോടുള്ള) ആദരവ് അമിതമാകുമെന്നും അതു മുഖേന (ആളുകൾ) കുഴപ്പത്തിലാകുമെന്നും ഭയപ്പെട്ടതിനാലാണ്. അങ്ങനെ ചിലപ്പോൾ കഴിഞ്ഞുപോയ സമുദായങ്ങളിൽ സംഭവിച്ചതുപോലെ കുഫ്റിലേക്ക് അത് എത്തുകയും ചെയ്യും. മുസ്‌ലിംകൾ അധികരിച്ചപ്പോൾ റസൂൽﷺയുടെ പള്ളി വിപുലീകരിക്കുന്നതിന് സ്വഹാബിമാർക്കും താബിഉകൾക്കും ആവശ്യമായപ്പോൾ വിശ്വാസികളുടെ ഉമ്മമാരുടെ വീടുകളും അതിൽ (മസ്ജിദുന്നബവിയിൽ) ഉൾപ്പെടുമാറ് അതിന്റെ വിപുലീകരണം നീട്ടി. ആഇശؓയുടെ മുറിയും- നബിﷺയെയും അവിടുത്തെ രണ്ട് കൂട്ടുകാരായ അബൂബക്കർ, ഉമർؓ എന്നിവരെയും മറവു ചെയ്തിട്ടുള്ള സ്ഥലം- അതിൽ പെട്ടതാണ്. (ക്വബ്റുകൾ) പള്ളിയിൽ പ്രകടമാകാതിരിക്കാനും പൊതുജനങ്ങൾ അതിലേക്ക് തിരിഞ്ഞു നമസ്കരിക്കാതിരിക്കാനും ഒരു ജാഗ്രത ലഭിക്കാനും അവർ (സ്വഹാബികളും താബിഉകളും) ക്വബ്റിനു ചുറ്റും ഉയർന്നു നിൽക്കുന്ന ഒരു മതിൽ കെട്ടി. പിന്നീട് അവർ ക്വബ്റിന്റെ വടക്കുവശത്തുള്ള രണ്ടു മൂലയിൽ നിന്ന് രണ്ട് ചുമരുകൾ നിർമിച്ചു. അങ്ങനെ ഒരാൾക്കും ക്വബ്റിനെ മുന്നിട്ട് നിൽക്കാൻ സാധിക്കാത്തവിധം അവ (ചുമരുകൾ) രണ്ടും ചേർത്തു(പണിതു). ഇതുകൊണ്ടാണ് ഹദീഥിൽ (ഇപ്രകാരം) പറഞ്ഞത്: 'അതില്ലായിരുന്നെങ്കിൽ (പൊതുജനങ്ങൾ അതിലേക്ക് തിരിഞ്ഞു നമസ്കരിക്കുന്നതിനെ തൊട്ട് പേടിയില്ലായിരുന്നെങ്കിൽ) അവിടുത്തെ ക്വബ്റ് വെളിവാക്കപ്പെടുമായിരുന്നു. അതിനു പുറമെ (ക്വബ്റിനെ) ആരാധനാലയമായി സ്വീകരിക്കുന്നതിനെ തൊട്ടുള്ള ഭയവും അതിനു കാരണമാണ്."

അശ്റഫ് എകരൂൽ
ashrafekarul@gmail.com





# പ്രവാചകനെ അറിയുന്ന മക്കൾ

നബിﷺക്ക് ചുറ്റും വളർന്ന അനുചരന്മാരുടെ കുട്ടികൾക്ക് നബിﷺയോടുള്ള സ്നേഹത്തിന്റെ ആഴവും അതിന്റെ മാതൃകകളുമാണ് കഴിഞ്ഞ ലക്കത്തിൽ നാം വായിച്ചറിഞ്ഞത്. എന്നാൽ നബിﷺയെ കണ്ടിട്ടില്ലാത്ത, നബിയെ മറ്റുള്ളവർ സ്നേഹിക്കുന്നത് നോക്കിക്കാണാൻ കഴിഞ്ഞിട്ടില്ലത്ത നമ്മുടെ കുട്ടികളിൽ എങ്ങനെ പ്രവാചക സ്നേഹം വളർത്തിയെടുക്കും?

**ചില മാർഗങ്ങൾ**

1. നബിﷺയുടെ ജീവിതത്തിലുണ്ടായ അമാനുഷിക സംഭവങ്ങളെ കുറിച്ച് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക. ഒപ്പം നബിﷺയുടെ മഹനീയമായ സ്വഭാവ ഗുണങ്ങൾ വിവരിച്ചു കൊടുക്കുക. അക്രമിക്കപ്പെടുന്നവനെ സഹായിക്കൽ, അനാഥകളോടും അഗതികളോടും കരുണകാണിക്കൽ, ജന്തുജാലങ്ങളോടുള്ള കാരുണ്യം... ഇങ്ങനെ വിവരിച്ചുകൊടുക്കുവാൻ പ്രവാചക ജീവിതത്തിലെ ഏടുകൾ എമ്പാടുമുണ്ടല്ലോ.

2. നബിﷺ തന്റെ സമുദായത്തെ എത്രകണ്ട് സ്നേഹിച്ചിരുന്നുവെന്ന് മനസ്സിലാക്കിക്കൊടുക്കുക. അദ്ദേഹം തനിക്ക് ഉത്തരം കിട്ടുമെന്ന് ഉറപ്പുള്ള പ്രാർഥന പോലും തന്റെ സമുദായത്തിന് വേണ്ടി പ്രാർഥിക്കാൻ ഉയർത്തെഴുന്നേൽപിന്റെ നാളിലേക്ക് മാറ്റിവെച്ചതു പോലുള്ള ഉദാഹരണങ്ങൾ പറഞ്ഞു കൊടുക്കുക.

3. നബിﷺയുടെ അനുചരന്മാർ നബിയെ സ്നേഹിച്ച രീതിയും അദ്ദേഹത്തിന് വേണ്ടി അവർ സഹിച്ച ത്യാഗങ്ങളും വിശദമാക്കിക്കൊടുക്കുക. യുദ്ധവേളയിൽ നബിﷺയെ ശത്രുക്കൾ ആക്രമിക്കാൻ വന്നപ്പോൾ അനുചരന്മാർ നബിക്ക് ചുറ്റും ശരീരമറ സൃഷ്ടിച്ച് അമ്പുകൾ ഏറ്റുവാങ്ങിയ സംഭവം പോലുള്ളവ ഉദാഹരണം.

4. പ്രവാചക വചനങ്ങളിൽ നിന്ന് എളുപ്പമുള്ളതും അത്യാവശ്യമുള്ളതും മനഃപാഠമാക്കാൻ പ്രോത്സാഹിപ്പിക്കുകയും നിത്യജീവിതത്തിലെ നബിചര്യകൾ ശീലിപ്പിക്കുകയും ചെയ്യുക. മാതാപിതാക്കൾ സ്വജീവിതത്തിൽ നബിചര്യ പി

**സച്ചരിതരും ധീരരും ത്യാഗികളുമൊക്കെയായ മുൻഗാമികളുടെ ജീവിത മാതൃകകൾ കുട്ടികളുടെ മനസ്സുകളിൽ സന്നിവേശിപ്പിക്കപ്പെടാവുന്ന വിധത്തിൽ ആകർഷണീയവും ഗുണനിലവാരമുള്ളതുമായ വൈജ്ഞാനിക ഉത്പന്നങ്ങൾ എത്രത്തോളം ലഭ്യമാണ് നമ്മുടെ നാട്ടിൽ എന്നത് പഠനവിധേയമാക്കേണ്ട ഒരു ഗൗരവമാർന്ന വിഷയമാണ്. രക്ഷിതാക്കളുടെയും അധ്യാപകരുടെയും വാമൊഴികളിൽ മാത്രം സാധ്യമാകുന്നതല്ല മുമ്പ് സൂചിപ്പിച്ച ചുവടുവെപ്പുകൾ.**

ന്തുടർന്ന് മാതൃക കാണിക്കുകയും നബിയോടുള്ള ഇഷ്ടം കൊണ്ടാണ് അതെന്ന് അവർക്കു ബോധ്യപ്പെടുത്തുകയും ചെയ്യുക.

5. കേവല കഥ പറച്ചിലിന് പകരം നബിജീവിതവുമായി ബന്ധപ്പെട്ടു ചോദ്യങ്ങൾ ചോദിക്കാനും ചർച്ചക്കും ധൈര്യം പകരുകയും അവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

6. നബിചരിതം വിവരിക്കുന്നതിൽ ആകാംക്ഷയെ ഉദ്ദീപിപ്പിക്കും വിധമുള്ള ശൈലി സ്വീകരിക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുക.

7. ഇവിടെ വെച്ച് നബിയെ സ്നേഹിക്കുന്നവർക്ക് പരലോകത്തു നബിയെ കാണാൻ അവസരം ഉണ്ടാകുമെന്ന കാര്യം പറഞ്ഞുകൊടുക്കുക. നബിയുടെ കൈകൊണ്ട് 'കൗസർ' പാനീയം വാങ്ങിക്കുടിക്കാൻ അർഹതയുള്ളവരും, അന്ന് നബിﷺ ആട്ടിയകറ്റുന്നവരും തമ്മിലുള്ള വ്യത്യാസം വേർതിരിച്ചു മനസ്സിലാക്കിക്കൊടുക്കുക.

8. നബിജീവിതവും നബിസ്നേഹവുമായി ബന്ധപ്പെട്ടു ചെറിയ പ്രോജക്ടുകൾ ചെയ്യാൻ സഹായിക്കുക. തത്വിഷയത്തിൽ നമ്മുടെ കലാലയങ്ങൾക്ക മുൻകൂട്ടി തയ്യാറാക്കിയ പദ്ധതികൾ ഉണ്ടാവുകയും അതിൽ രക്ഷിതാക്കളെ കൂടി പങ്കാളികളാക്കുകയും ചെയ്യുക.

9. നബിﷺയുടെ കുട്ടിക്കാല ജീവിതം അവർക്ക് മുമ്പിൽ തുറന്നു വെക്കുക. നബിയുടെ അനാഥത്വം, ഹലീമയുടെ വീട്ടിലെ ശൈശവം, അക്കാലത്ത് ഹലീമയുടെ കുടുംബത്തിനു വന്നുകിട്ടിയ അനുഗ്രഹങ്ങൾ, യാത്രകളിൽ നബിയെ കുറിച്ച് മറ്റുള്ളവർ സൂചിപ്പിച്ചത്, നബിയുടെ സത്യസന്ധതയും അത് മൂലം നബിക്ക് സമൂഹത്തിൽ കിട്ടിയ ആദരവും സൽപ്പേരും, തെറ്റുകളിൽ നിന്നുള്ള സംരക്ഷണം... തുടങ്ങി അല്ലാഹു നബിﷺയെ പരിഗണിച്ചതും പരിരക്ഷിച്ചതുമായ സംഭവങ്ങൾ പറഞ്ഞുകൊടുക്കുക.

10. നബിﷺ നിയോഗിക്കപ്പെട്ടതിന്റെ ലക്ഷ്യം ക്വുർആൻ വിവരിക്കുന്നത് പറഞ്ഞുകൊടുക്കുക. ഉദാഹരണം: "നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്" (33:45,46).

11. ഇരു ലോകത്തും വിജയിക്കാൻ ആഗ്രഹിക്കുന്നവർക്ക് നബിജീവിതം പിൻപറ്റൽ മാത്രമാണ് സുരക്ഷിതവും ലളിതവുമായ പൂർണ മാർഗമെന്ന് ബോധ്യപ്പെടുത്തുക.

12. നബിﷺക്ക് മാത്രമുള്ള പ്രത്യേകതകൾ പഠിപ്പിക്കുക മൂലം അദ്ദേഹത്തെ പിൻപറ്റുന്ന വിഷയത്തെ ഗൗരവത്തിലെടുക്കാൻ മക്കൾക്കു കഴിയും. ഉദാ: അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: "ആറ് കാര്യങ്ങളിൽ ഞാൻ മറ്റു പ്രവാചകന്മാരിൽ ശ്രേഷ്ഠമാക്കപ്പെട്ടു. വചനങ്ങളുടെ ആശയസംഗ്രഹം എനിക്ക് നൽകപ്പെട്ടു. ശത്രുക്കളിൽ എന്നെക്കുറിച്ച് ഭയം തോന്നിപ്പിച്ചു. എന്നെ സഹായിച്ചു. ബനീമുസ്ദലക്ക് യുദ്ധമുതൽ അനുവദനീയമാക്കപ്പെട്ടു. ഭൂമി മുഴുക്കെ എനിക്ക് പള്ളിയും ശുദ്ധിയുള്ളതുമാക്കപ്പെട്ടു. എല്ലാ സൃഷ്ടികളിലേക്കുമായി ഞാൻ അയക്കപ്പെട്ടു. എന്നിലൂടെ പ്രവാചകത്വത്തിന്നു വിരാമം കുറിക്കപ്പെട്ടു" (ഇമാം മുസ്‌ലിം).

13. സുന്നത്ത് (നബി ചര്യ) പിന്തുടരേണ്ടതിന്റെ പ്രാധാന്യവും ബിദ്അത്ത് (നബി ചാര്യയല്ലാത്തത് മതമായി അനുഷ്ഠിക്കൽ) ചെയ്യുന്നതിന്റെ അപകടവും ഓർമപ്പെടുത്തൽ.

14. നാം കാണാത്ത നബിﷺയെ സ്നേഹിക്കുമ്പോൾ നമ്മളെ കാണാത്ത നബിക്ക് നമ്മെ കാണാൻ ഇഷ്ടമുണ്ടന്നും പരലോകത്ത് അതിന് അല്ലാഹു അവസരമൊരുക്കുമെന്നും അവർക്ക് നാം പറഞ്ഞു കൊടുക്കുക. അനസ്(റ) നിവേദനം. നബി ﷺ പറഞ്ഞു: "എന്റെ സഹോദരങ്ങളെ കണ്ടുമുട്ടാൻ എനിക്ക് കൊതിയായി." അപ്പോൾ സ്വഹാബികൾ ചോദിച്ചു: "ഞങ്ങളല്ലയോ താങ്കളുടെ സഹോദരങ്ങൾ?" അപ്പോൾ നബിﷺ പറഞ്ഞു: "നിങ്ങൾ എന്റെ സഖാക്കളാകുന്നു. എന്നാൽ എന്റെ സഹോദരങ്ങൾ; എന്നിൽ വിശ്വസിച്ചവരും എന്നാൽ എന്നെ കണ്ടിട്ടില്ലാത്തവരുമാണവർ" (സിൽസിലതുസ്സ്വഹീഹ, അൽബാനി).

ഇതെല്ലാം അധ്യാപകർക്കും രക്ഷിതാക്കൾക്കുമൊക്കെ പ്രാപ്യമായ ചില മാർഗങ്ങൾ മാത്രമാണ്. നമ്മുടെ മനസ്സും ജീവിതവും നിറയെ പ്രവാചകൻ ഉണ്ടങ്കിലേ ഈ സാധ്യതകളെല്ലാം നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ.

**ബാലസാഹിത്യങ്ങളും ഇസ്‌ലാമിക സമൂഹവും**

സച്ചരിതരും ധീരരും ത്യാഗികളുമൊക്കെയായ മുൻഗാമികളുടെ ജീവിത മാതൃകകൾ കുട്ടികളുടെ മനസ്സുകളിൽ സന്നിവേശിപ്പിക്കപ്പെടാവുന്ന വിധത്തിൽ ആകർഷണീയവും ഗുണനിലവാരമുള്ളതുമായ വൈജ്ഞാനിക ഉത്പന്നങ്ങൾ എത്രത്തോളം ലഭ്യമാണ് നമ്മുടെ നാട്ടിൽ എന്നത് പഠനവിധേയമാക്കേണ്ട ഒരു ഗൗരവമാർന്ന വിഷയമാണ്. രക്ഷിതാക്കളുടെയും അധ്യാപകരുടെയും വാമൊഴികളിൽ മാത്രം സാധ്യമാകുന്നതല്ല മുമ്പ് സൂചിപ്പിച്ച ചുവടുവെപ്പുകൾ.

കുട്ടികളുടെ മനസ്സിനെ കീഴ്പെടുത്തി വെച്ചിരിക്കു

ന്നത് അർഥ രഹിതമായ കഥാപാത്രങ്ങളും ജീവിത ശൈലികളുമാണ്. സൂപ്പർമാനും സ്പൈഡർമാനും അടക്കമുള്ളവ ഉദാഹരണം. വായിക്കാൻ മക്കൾക്ക് നല്ലത് നൽകണമെന്ന് ഉപദേശിക്കുന്നവരോട് ചില രക്ഷിതാക്കളെങ്കിലും ചോദിക്കുന്നു; ബദലുകൾ എവിടെ എന്ന്. കേരളത്തെ പോലെ ഇസ്‌ലാമിക വൈജ്ഞാനിക പ്രസിദ്ധീകാരണ രംഗത്ത് ഉന്നതിയിൽ എത്തിയ മറ്റു പ്രദേശങ്ങളും ഭാഷകളും കുറവാണ്. എന്നിട്ടും ഈ മേഖല തീർത്തും ദാരിദ്ര്യ രേഖക്ക് താഴെയാണ്. എന്നാൽ അറബ് ലോകത്ത് കുട്ടികളുടെ മാനസിക-ബൗദ്ധിക നിലവാരങ്ങൾക്കൊത്ത ധാരാളം ഇസ്‌ലാമിക ഉൽപന്നങ്ങളുണ്ട്.

പ്രവാചകൻമാർ മുതൽ താഴോട്ടുള്ള മഹാരഥന്മാരുടെ ജീവിത ഏടുകൾ ഏറ്റവും നല്ല നിലവാരത്തിൽ കുട്ടികൾക്കായി സമർപ്പിക്കാവുന്ന വിധം മനഃപൂർവമുള്ള ഇടപെടലുകൾക്ക് നാം തയ്യാറാവേണ്ടതുണ്ട്. അല്ലാത്ത പക്ഷം, അറിവും ശീലങ്ങളും ഏറ്റവും വേര് പിടിക്കുന്ന ഘട്ടത്തിൽ വില്ലന്മാർ അവരുടെ മനസ്സിനെയും ബുദ്ധിയെയും വിലക്കടുത്തിട്ടുണ്ടാകും. ഈ മേഖലയിൽ നമുക്ക് ചെയ്യാവുന്ന ചില കാര്യങ്ങൾ സൂചിപ്പിക്കാം:

1. ഇസ്‌ലാമിക ബാലവൈജ്ഞാനിക ഉൽപന്നങ്ങൾക്ക് മാത്രമായി ഒരു വിഭാഗം പ്രത്യേകം പ്രൊജെക്റ്റുകളുമായി നിലകൊള്ളുക.

2. അറബ് ലോകത്ത് പ്രസിദ്ധീകരിക്കപ്പെട്ട ഇസ്‌ലാമിക ബാലവൈജ്ഞാനിക ഉൽപന്നങ്ങൾ സംഘടിപ്പിക്കുകയും അവ മാതൃകയാക്കിയോ പരിഭാഷകപ്പെടുത്തിയോ പുസ്തക രൂപത്തിലും ഡിജിറ്റൽ രൂപത്തിലും പുറത്തിറക്കുക.

3. കുട്ടികളുടെ വളർച്ചാഘട്ടത്തെ പരിഗണിച്ചു കൊണ്ട് നല്ല ഭാഷയും ഡിസൈനിങ്ങും ഉറപ്പ് വരുത്തുക. നഴ്സറി തലം മുതൽ ഹൈസ്‌കൂൾ തലം വരെയുള്ളവരെ പരിഗണിച്ചുകൊണ്ട് ഉൽപന്നങ്ങൾ പുറത്തിറക്കുക. കുട്ടികൾക്ക് അനുയോജ്യമായ ബാല മാസികകൾക്ക് പ്രാധാന്യം നൽകുക.

4. മദ്റസകളിലും മറ്റു ഇസ്‌ലാമിക കലാലയങ്ങളിലും ഇത്തരം പ്രോഡക്റ്റുകളടങ്ങിയ ലൈബ്രറി നിർബന്ധമാക്കുകയും വ്യവസ്ഥാപിതമായ പുസ്തക,സിഡി വിതരണത്തിന് സമയം അനുവദിക്കുകയും ചെയ്യുക. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ആരോഗ്യ വിചാരം**
**അത്യാഹിതങ്ങൾ: നമുക്കും ചെയ്യാം ചില കാര്യങ്ങൾ**
**ഡോ. യാസർ ചോമയിൽ**
(എമർജൻസി മെഡിസിൻ, ആസ്റ്റർ എം.എം.ഐ.സ് ഹോസ്പിറ്റൽ, കോട്ടക്കൽ)
**ഡോ.അബ്ദുൽ മാലിക്**
22.05.17 തിങ്കൾ 9:00 PM, 11:15 PM
23.05.17 ചൊവ്വ 10:30 AM

**ചുവരെഴുത്ത്**
**വിധികർത്താക്കളെ നിശ്ചയിക്കൽ വസ്തുത എന്ത്?**
**അബ്ദുൽ ജബ്ബാർ മദീനി**
22.05.17 തിങ്കൾ 8:20 PM
23.05.17 ചൊവ്വ 8:20 AM, 12:20 AM

**സവിശേഷം**
**ഗൾഫ് പ്രവാസം; അതിജീവനത്തിന്റെ കഥ**
**തിരമാലകൾക്കപ്പുറം, ഭാഗം: 2**
23.05.17 ചൊവ്വ 09:00 PM, 11:15 PM
24.0517 ബുധൻ 10:30 AM

**ഇമദ്രസ**
**പരമകാരുണികന്റെ അടിമകൾ, ഭാഗം: 2**
**ഹസ്സൻ അൻസാരി**
23.05.17 ചൊവ്വ 07:20 AM, 06:05 PM

**കെ.എസ്.ഇ.ബി നിയമങ്ങളും സേവനങ്ങളും**
**ഭാഗം4**
**റസൽ ബി.വി**
**(അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി)**
25.05.17 വ്യാഴം 09:00 PM, 11:15 PM
26.05.17 വെള്ളി 10:30 AM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ**
**ഭാഗം: 56**
**അബൂബക്കർ സലഫി**
25.05.17 വ്യാഴം 4:30 PM, 9:30 PM
26.05.17 വെള്ളി 09:30 AM

**തജ്‌വീദ് പഠനം**
**സൂറത് ബയ്യിന, സൽസല പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
26.05.17 വെള്ളി 7:45 PM

**സ്നേഹക്കൂട്**
**വൈവിധ്യങ്ങളാർന്ന വളർച്ച**
**ഭാഗം 11**
**അഷ്റഫ് എകരൂൽ**
28.05.17 ഞായർ 08:20 AM
29.05.17 തിങ്കൾ 12:20 AM, 8:20 AM

**ജനക്ഷേമം** peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ചലനങ്ങൾ

# ഭീകരത മുഖംമൂടി അഴിക്കുന്നു ഡോക്യുമെന്ററി പ്രകാശനം നടന്നു

കോഴിക്കോട്: ഭീകരതയുടെ മൊത്തക്കുത്തക ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും തലയിൽ വെച്ചുകെട്ടുന്ന സമകാലിക സാഹചര്യത്തിൽ ആരാണ് ഭീകരവാദികൾ എന്നും ലോകത്ത് നടക്കുന്ന ഭീകര പ്രവർത്തനങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന ശക്തികൾ ഏതൊക്കെയാണെന്നും അനാവൃതമാക്കൽ അനിവാര്യമാണ്.

വിവിധ മതവിഭാഗങ്ങൾ പരസ്പര സൗഹാർദത്തിലും സഹകരണത്തിലും ജീവിച്ചുവരുന്ന കേരളത്തിലും മുസ്‌ലിംകളിൽ മൊത്തം ഭീകരത ആരോപിക്കുവാനും വർഗീയ ചേരിതിരിവുണ്ടാക്കി രാഷ്ട്രീയ ലാഭമുണ്ടാക്കാനുമുള്ള ശ്രമങ്ങൾ സജീവമാണ്. ഈ സന്ദർഭത്തിലെ മൗനത്തിനും നിഷ്‌ക്രിയതക്കും വലിയ വിലനൽകേണ്ടിവരുമെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ തീവ്രവാദ-ഭീകരവാദ പ്രവർത്തനങ്ങൾക്കെതിരെ ബോധവൽക്കരണ പരിപാടികളും കാമ്പയ്നുമടക്കമുള്ള വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു വരികയാണ്. അതിന്റെ ഭാഗമായാണ് 'ഭീകരത മുഖംമൂടി അഴിക്കുന്നു' എന്ന ഡോക്യുമെന്ററി തയ്യാറാക്കിയിരിക്കുന്നത്.

ഡോക്യുമെന്ററിയുടെ പ്രകാശനകർമവും ഭീകര വിരുദ്ധ സമ്മേളനവും കേരളത്തിൽ 100ൽ പരം കേന്ദ്രങ്ങളിലും ഗൾഫ് രാജ്യങ്ങളിലും നടന്നു. പൊതുജനങ്ങളിൽനിന്നും രാഷ്ട്രീയ-സാംസ്കാരിക രംഗത്തെ ഉന്നതരിൽനിന്നും പ്രവർത്തകരിൽനിന്നും വമ്പിച്ച പിന്തുണയും അംഗീകാരവുമാണ് പരിപാടിക്ക് ലഭിച്ചത്. ജനത്തിരക്കേറിയ അങ്ങാടികളിലും കവലകളിലും ഏതാണ്ട് ഒരുമണിക്കൂർ സമയംവരുന്ന ഡോക്യുമെന്ററി പ്രദർശിപ്പിച്ചപ്പോൾ തിരക്കുകൾ മാറ്റിവെച്ച് മുഴുവനായും കാണാൻ ആളുകൾ തയ്യാറാവുകയും പലരും ഇത് എല്ലാ സ്ഥലങ്ങളിലും പ്രദർശിപ്പിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തത് ഇതിന്റെ സ്വീകാര്യതയെ വിളിച്ചറിയിക്കുന്നു.

പ്രദർശനം നടന്ന എല്ലാ കേന്ദ്രങ്ങളിലും അതിന് മുമ്പായി ഭീകരവിരുദ്ധ സമ്മേളനം നടന്നു. പ്രമുഖരായ രാഷ്ട്രീയ നേതാക്കളും പൊതുപ്രവർത്തകരും സമ്മേളനങ്ങളിൽ പങ്കെടുക്കുകയും ഭീകരതക്കെതിരായ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ഇസ്‌ലാമിന് ഭീകരതയുമായി പങ്കില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തത് ശ്രദ്ധേയമാണ്.

കേരളത്തിൽ വിവിധ ജില്ലകളിലായി 100ൽ പരം കേന്ദ്രങ്ങളിലും യു.എ.ഇ, ഖത്തർ, സുഊദി അറേബ്യ, കുവൈത്ത് തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലും ഡോക്യുമെന്ററിയുടെ പ്രകാശനകർമവും ഭീകരവിരുദ്ധ സമ്മേളനവും നടന്നു.

### ഖത്തറിൽ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രകാശനം ചെയ്തു

ദോഹ: ആഗോളതലത്തിൽ ഇസ്‌ലാമിനെതിരെ ഉയരുന്ന ഭീകരവാദ ആരോപണങ്ങളുടെ പിന്നാമ്പുറ രഹസ്യങ്ങളിലേക്ക് വെളിച്ചം വീശുന്ന ഡോക്യുമെന്ററിയുടെ പ്രകാശനകർമം മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഫനാർ കമ്യൂണിറ്റി വിഭാഗം കോ-ഓർഡിനേറ്റർ അബ്ദുൽ റഷീദ് അൽ കൗസരിക്ക് നൽകിക്കൊണ്ട് നിർവഹിച്ചു.

കെ.ടി ഫൈസൽ സലഫി ആധ്യക്ഷ്യം വഹിച്ചു. കെ.എം.സി.സി സംസ്ഥാന സെക്രട്ടറി അബ്ദുന്നാസിർ നാച്ചി, ഒ.എ.കരീം, മുജീബ് റഹ്മാൻ മിശ്കാത്തി, മുഹമ്മദ് റിഫാഷ് എന്നിവർ സംസാരിച്ചു.

## എം.എസ്.എം. കോഴിക്കോട് സിറ്റി മേഖല സമ്മേളനം കുറ്റിച്ചിറ ശാഖാ പ്രചരണോദ്ഘാടനം സമാപിച്ചു

കുറ്റിച്ചിറ: എം.എസ്.എം കോഴിക്കോട് സിറ്റി മേഖല സമിതിയുടെ ആഭിമുഖ്യത്തിൽ മെയ് 20ന് പള്ളിക്കണ്ടി എം.എസ്. അബൂഹാജി ഹാളിൽ സംഘടിപ്പിക്കുന്ന മേഖല വിദ്യാർഥി സമ്മേളനത്തിന്റെ കുറ്റിച്ചിറ ശാഖാ പ്രചരണോദ്ഘാടനം ഐ.എസ്.എം. കോഴിക്കോട് സിറ്റി മേഖല പ്രസി. കെ.വി. ശുഐബ് നിർവഹിച്ചു.

സമ്മേളനത്തിന്റെ ഭാഗമായി ശാഖയിൽ പൊതു പ്രഭാഷണങ്ങൾ, ഗൃഹസന്ദർശനങ്ങൾ, ലഘുലേഖ വിതരണം, ശാഖാ നേതൃസംഗമം, വാഹന പ്രചരണം തുടങ്ങിയവ സംഘടിപ്പിക്കാൻ ശാഖ നിർവാഹക സമിതിയോഗം തിരുമാനിച്ചു.

'സ്വർഗത്തിലേക്ക് നയിക്കുന്ന സന്താനങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് എം.എസ്.എം. കോഴിക്കോട് സൗത്ത് ജില്ലാ നിർവാഹക സമിതിയംഗം സ്വഫ്‌വാൻ ബറാമി മുഖ്യപ്രഭാഷണം നിർവഹിച്ചു. ഐ.എസ്.എം. ശാഖ സെക്രട്ടറി സ്വാബിർ വി. സ്വാഗതവും വൈസ് പ്രസി. സമീർ കെ.ടി. നന്ദിയും പറഞ്ഞു. എം.എസ്.എം. മേഖല ഭാരവാഹികളായ കാബിൽ സി.വി, സെഹൽ ആദം, ഹാദി നജീബ്, സിയാദ് കെ.എം, മിർസാദ് അലി സി.വി, ഹാഷിർ എം.വി. തുടങ്ങിയവർ നേതൃത്വം നൽകി.

# വിജ്ഞാന വിരുന്നൊരുക്കി വിചാരം എക്സിബിഷന് പ്രൗഢോജ്ജ്വല സമാപനം

എടവണ്ണ: വിസ്ഡം ഗ്യാലറിയുടെ ഭാഗമായി വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ഒരുക്കിയ ഷഡ്ദിന വൈജ്ഞാനിക പ്രദർശനം-വിചാരം എക്സിബിഷന് പ്രൗഢോജ്ജ്വല സമാപനം. മെയ് 9ന് തുടക്കം കുറിച്ച പ്രദർശനത്തിൽ സമൂഹത്തിന്റെ വ്യത്യസ്ത തുറകളിൽ പെട്ട വൻ ജനാവലിയാണ് പങ്കുചേർന്നത്. പി.വി അൻവർ എം.എൽ.എ, പി.കെ ബഷീർ എം.എൽ.എ, ജനതാദൾ(യു) മലപ്പുറം ജില്ലാ പ്രസിഡണ്ട് സബാഹ് പുൽപ്പറ്റ, ദേശീയ നിർവാഹക സമിതി അംഗം പി. വാസുദേവൻ മാസ്റ്റർ, ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ-ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ സുധാകരൻ ഉന്നത പൊലീസുദ്യോഗസ്ഥൻ അമൃതരംഗൻ തുടങ്ങി സ്ഥലത്തെ പ്രമുഖർ പ്രദർശനനഗരി സന്ദർശിച്ചു.

മനുഷ്യജീവിതത്തിന്റെ ജീവിത പരിണാമങ്ങൾ വിശദീകരിക്കുന്ന പ്രധാന പവലിയൻ വിഷ്വൽ ഗ്രാഫിക്സിന്റെ അനന്തസാധ്യതകളുപയോഗപ്പെടുത്തിയ വീഡിയോ ഗ്യാലറി, കുട്ടികൾക്കായുള്ള കിഡ്സ് ഗാലറി, ബുക്ക് ഫെയർ, സ്നേഹക്കൂട്-ഫാമിലി കോർണർ എന്നിവക്കെല്ലാം വൻ സ്വീകാര്യതയാണ് പൊതുജനങ്ങൾക്കിടയിൽ ലഭിച്ചത്.

മനുഷ്യ ജനനം, ജീവിതം, ശാരീരിക വളർച്ച, പ്രപഞ്ച സത്യങ്ങൾ ആകാശ വിസ്മയങ്ങൾ ജീവജാലങ്ങളിലെ സൃഷ്ടിപ്പിലെ അത്ഭുതങ്ങൾ, മരണം, ദുരന്തങ്ങൾ, ജീവിത പ്രതിസന്ധികൾക്കുള്ള പരിഹാരങ്ങൾ തുടങ്ങിയ കാര്യങ്ങൾ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ദൃശ്യവൽക്കരിച്ചതിന് പുറമെ ദൃശ്യങ്ങളുടെയും വീഡിയോകളുടെയും പശ്ചാത്തലശബ്ദം മൊബൈൽ ഫോണിലൂടെ ശ്രവിക്കുന്നതിനും തുടർപഠനത്തിനുപയോഗിക്കാവുന്നതുമായ മൊബൈൽ ആപ്പ് പ്രേക്ഷകർക്ക് ഏറെ സഹായകരമായി. പ്രദർശനത്തിന്റെ ഭാഗമായി കുട്ടികൾക്ക് ക്വിസ് മത്സരവും സ്പോട്ട് പ്രസന്റേഷനുകളുമൊരുക്കിയിരുന്നു. തിരക്ക് പരിഗണിച്ച് സമാപന ദിവസമായ ഇന്നലെ രാവിലെ 7 മണി മുതൽ രാത്രി 11 മണി വരെ പ്രദർശനമുണ്ടായിരുന്നു. റമദാൻ അവധിക്ക് ശേഷം കേരളത്തിലെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പ്രദർശനം തുടരും.

## പ്രവാസി സംഗമം സമാപിച്ചു

അലനല്ലൂർ: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ കീഴിൽ മുജാഹിദ് ദഅ്‌വ സമിതി, ഐ.എസ്.എം, എം.എസ്.എം, എം.ജി.എം അലനല്ലൂർ മേഖലാ സമിതികൾ സംയുക്തമായി ടക്വുർആൻ പ്രകാശമാണ്; പ്രതീക്ഷയും' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന ദ്വൈമാസ മുജാഹിദ് ദഅ്‌വ കാമ്പയ്നിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രവാസി സംഗമം സമാപിച്ചു.

അലനല്ലൂർ ഗ്രാമപഞ്ചായത്ത് ആയുർവേദ ഡിസ്പൻസറി മീറ്റിംഗ് ഹാളിൽ നടന്ന പരിപാടിയിൽ ദഅ്‌വ സമിതി അലനല്ലൂർ മണ്ഡലം സെക്രട്ടറി എം. സുധീർ ഉമർ അധ്യക്ഷത വഹിച്ചു. മണ്ഡലം പ്രസി. പി.കെ. അബ്ദുൽ ജലീൽ ഉദ്ഘാടനം ചെയ്തു. പ്രമുഖ കൗൺസിലറും ഫാറൂഖ് ട്രൈനിംഗ് കോളേജ് പ്രൊഫസറുമായ ഡോ. ജൗഹർ മുനവ്വർ ക്ലാസെടുത്തു. ഐ.എസ്.എം പാലക്കാട് ജില്ലാ പ്രവർത്തക സമിതിയംഗം എ. അബ്ദുൽ റഷീദ്, മൂസ സ്വലാഹി കാര എന്നിവർ പ്രസംഗിച്ചു.

## പലിശ രഹിത വിദ്യാഭ്യാസ വായ്പ നടപ്പിലാക്കണം: എം.എസ്.എം

കോഴിക്കോട്: സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങളിൽ പെട്ട വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി പലിശ രഹിത വായ്പാസമ്പ്രദായം നടപ്പിൽ വരുത്തണമെന്ന് എം.എസ്.എം. 'റെസലൂട്ട്' സംസ്ഥാന ഗൈഡൻസ് ശിൽപശാല ആവശ്യപ്പെട്ടു. നിർധന വിദ്യാർഥികളെ സഹായിക്കുന്നതിനു വേണ്ടി ജില്ലാതലങ്ങളിൽ വിദ്യാനിധി സമാഹരിക്കണം.

'റെസലൂട്ട്' ഗൈഡൻസ് ശിൽപശാല ഐ.എസ്.എം. സംസ്ഥാന ജനറൽ സെക്രട്ടറി കെ.സജ്ജാദ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ എസ്.എസ്.എൽ.സി., പ്ലസ്ടു ഉന്നതവിജയികളെ അനുമോദിച്ചു. എം.എസ്.എം. സംസ്ഥാന നിർവാഹക സമിതിയംഗം ഡോ.പി.പി. നസീഫ് അധ്യക്ഷത വഹിച്ചു. പി.കെ.നിംഷിദ്, എം.പി.ഫവാസ്, ഡോ.കെ.മുഹമ്മദ് ശാഫി, ഡോ.ആദിൽ മുഹമ്മദ്, ടി.ടി.ജഅ്ഫർ, സി.അബ്ദുൽ അഹദ്, വഹാബ് പരപ്പനങ്ങാടി, ഫവാസ് മടവൂർ തുടങ്ങിയവർ സംസാരിച്ചു.

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building,
Kallai Road Kozhikode, PIN 673002,
Phone: 0495 4019437
mail@nerpatham.com, www.nerpatham.com

അബൂ ഹൈസ
mail@nerpatham.com



ഹദീസ് പാഠം

# ദൃഢവിശ്വാസത്തിന്റെ പ്രതിഫലം

**ഉമർ(റ) നിവേദനം: നബി(സ) പറയുന്നത് ഞാൻ കേട്ടു. നിങ്ങൾ അല്ലാഹുവിൽ ഭരമേൽപ്പിക്കേണ്ട മുറപ്രകാരം ഭരമേൽപ്പിച്ചാൽ പറവകൾക്ക് ഉപജീവനം നൽകുന്നതുപോലെ അവൻ നിങ്ങൾക്കും നൽകുന്നതാണ്. പറവകൾ വിശന്നൊട്ടിയ വയറുമായാണ് പുറത്തേക്ക് പറക്കുന്നത്. എന്നാൽ നിറവയറുമായാണ് അവ കൂടണയുന്നത്. (തുർമുദി)**

വിശുദ്ധ ക്വുർആൻ സൂറത്തു ഇബ്‌റാഹീമിൽ സത്യവിശ്വാസിയെ ഉപമിക്കുന്നത് ശക്തമായ ഒരു മരത്തിനോടാണ്. മരമെന്നത് വിശ്വാസിയുടെ ഉത്തമമായ പ്രതീകമാണ്. ആഴത്തിൽ വേരൂന്നിയ കാണ്ഡങ്ങളും അവശർക്ക് തണൽ നൽകുന്ന ചില്ലകളുമുള്ള മരം രൂഢമൂലമായ വിശ്വാസത്തെയും അതുവഴി സിദ്ധിക്കുന്ന സദ്ഗുണ സന്നദ്ധതയെയുമാണ് പ്രതിനിധീകരിക്കുന്നത്. വഴിപോക്കർക്ക് തണൽ നൽകിയും കല്ലെറിയുന്നവന് പോലും ഫലം നൽകിയും സംഹാരശേഷിയുള്ള കൊടുങ്കാറ്റുകളെ അചഞ്ചലമായി പ്രതിരോധിച്ചും ഇളം തെന്നലുകൾക്കു മുമ്പിൽ തലകുനിച്ചു ഏത് വിഷച്ചെടികൾക്കിടയിൽ വളർന്നാലും സ്വന്തം സ്വഭാവം മാത്രം പ്രകടിപ്പിച്ചും സത്യവിശ്വാസിയുടെ സ്വഭാവസവിശേതകളെല്ലാം പ്രതീകാത്മകമായി മരങ്ങൾ നിർവഹിച്ചുവരുന്നു.

മരത്തിന്റെ ഉപമയിലൂടെ വിശ്വാസിയുടെ സ്വഭാവ വൈശിഷ്ട്യത്തിന്റെ ഒന്നാമത്തെ തെളിവായി ഇവിടെ എടുത്തു കാണിക്കുന്നത് വിശ്വാസമാണ്; പ്രമാണങ്ങളിൽ വേരൂന്നിയുള്ള വിശ്വാസം. സത്യവിശ്വാസികളുടെ സ്വഭാവമായി ക്വുർആൻ പറഞ്ഞ (14:24) വലിയ ഗുണം ഒരു കാര്യം ദൈവികനിർദേശമാണെന്നറിഞ്ഞാൽ അതിൽ ഉറച്ചുവിശ്വസിക്കുന്ന മനോഭാവമാണ്.

ഇസ്‌ലാമികചരിത്രത്തിൽ ഇതിന് എമ്പാടും തെളിവുകൾ കാണാം. രോഗം ബാധിച്ച് അങ്ങേയറ്റം കഷ്ടപ്പെടുമ്പോഴും സ്രഷ്ടാവിൽ മാത്രം ഭരമേൽപിച്ച അയ്യൂബ് നബിയും ഫറോവയുടെ കൊട്ടാരത്തിൽ കയറി ഏകദൈവവിശ്വാസം ഉച്ചൈസ്ഥരം പ്രഖ്യാപിച്ച മൂസാനബി(അ)യും നംറൂദിന്റെ തീക്കുണ്ഠാരത്തിലേക്ക് 'ഹസ്ബിയല്ലാഹ് വനിഅ്മൽ വക്കീൽ' എന്നു പറഞ്ഞ് നടന്നുകയറിയ ഇബ്‌റാഹീം നബി(അ)യും ദൃഢവിശ്വാസത്തിന്റെ മൂർത്ത പ്രതീകങ്ങളാണ്.

പ്രകോപനങ്ങളിലും പ്രലോഭനങ്ങളിലും കാലിടറാതെ പ്രബോധനം നിർവഹിച്ചുപോന്ന അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)യുടെ ജീവിതം മുഴുവൻ ഇത്തരം സംഭവങ്ങളാൽ സമൃദ്ധമാണ്. ജാബിർ(റ) നിവേദനം ചെയ്ത ഒരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം. അദ്ദേഹം പറയുന്നു: "ദാത്തുർരിഖാഅ് യുദ്ധത്തിൽ ഞങ്ങൾ നബി(സ)യോടൊപ്പം ഉണ്ടായിരുന്നു. നല്ല തണലുള്ള മരച്ചുവട്ടിലെത്തിയാൽ ഞങ്ങളത് നബിക്ക് ഒഴിഞ്ഞുകൊടുക്കാറുണ്ട്. ഒരു അവിശ്വാസി വന്നു മരത്തിൽ തൂക്കിയിട്ടിരുന്ന നബിലയുടെ വാൾ കൈക്കലാക്കി. അത് ഊരിപ്പിടിച്ച് നബിയോട് ചോദിച്ചു: 'നീ എന്നെ പേടിക്കുന്നോ?' ഇല്ലെന്ന് പറഞ്ഞപ്പോൾ നിന്നെ ആർ രക്ഷിക്കുമെന്നായി അടുത്ത ചോദ്യം. 'അല്ലാഹു' എന്നായിരുന്നു നബി(സ)യുടെ മറുപടി. ഉടനെ വാൾ അവന്റെ കയ്യിൽ നിന്നും വീണു" (ബുഖാരി).

പാരത്രിക സൗഖ്യമെന്ന ഒരൊറ്റ ലക്ഷ്യം മാത്രം മുമ്പിൽ കണ്ട് ജീവിക്കുന്നവർക്കേ പടച്ചവനിൽ പൂർണാർഥത്തിൽ ഭരമേൽപിക്കാൻ കഴിയുകയുള്ളു. ഇങ്ങനെ ഭരമേൽപിക്കുന്നവർക്ക് അല്ലാഹു പരലോക വിജയം നൽകുമെന്ന് മാത്രമല്ല; ഇഹലോകത്ത് ഉപജീവനവും നൽകും. അതിന് അവനവന്റെ കർത്തവ്യങ്ങൾ കൃത്യമായി ചെയ്യണമെന്ന് മാത്രം. പക്ഷികൾ ഒട്ടിയ വയറുമായി കൂട്ടിനകത്ത് മടിപിടിച്ച് ഇരിക്കുകയല്ല ചെയ്യുന്നത്. അതിരാവിലെ പുറപ്പെടും; വൈകുന്നേരം വരെ അക്ഷീണം ഭക്ഷണം തേടിയലയും. അങ്ങനെ നിറവയറുമായി മടങ്ങും. വിശ്വാസികൾ ഇങ്ങനെയായിരിക്കണം. ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യണം; എന്നിട്ട് സ്രഷ്ടാവിൽ ഭരമേൽപിക്കണം. ഞാൻ റബ്ബിൽ ഭരമേൽപിച്ചിരിക്കുന്നു എന്നു പറഞ്ഞ് വീട്ടിലിരുന്നാൽ തന്റെയും കുടുംബത്തിന്റെയും വിശപ്പ് മാറാൻ ഭക്ഷണം ലഭിക്കില്ല.

# പീസ് റേഡിയോ രണ്ടാം വർഷത്തിലേക്ക്...

ഫ്രീക്വൻസികളുടെ പരിമിതിയില്ലാത്ത...
ഭൂഖണ്ഡങ്ങളുടെ അതിർവരമ്പുകളില്ലാത്ത...
ശാന്ത ശബ്ദ പ്രവാഹം!



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

peaceradio
Tune to reality

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Scan QR Code

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 20 May 2017

Reg NO: KL/CT/225/2016-18
Price: ₹10/-

## വിശുദ്ധ ക്വുർആൻ
## മാനവർക്ക് മാർഗദീപം

**MSM**



# 21 -ാമത് ക്വുർആൻ വിജ്ഞാന പരീക്ഷ

**2017 ജൂൺ 11**

സിലബസ്
മുഹമ്മദ് അമാനി മൗലവിയുടെ ക്വുർആൻ വിവരണം
ജുസ്അ് 30 (അധ്യായം 78 - 114), മുഖവുര

- ഇന്ത്യക്കകത്തും വിദേശത്തും പരീക്ഷാ കേന്ദ്രങ്ങൾ
- റാങ്ക് ജേതാക്കൾക്ക് ക്യാഷ് പ്രൈസ്

MSM KERALA, EKP Complex, Kallai Road, Calicut 02
Contact: +91 8156812292
www.msmkerala.co.in/qvp17

WISDOM
GLOBAL ISLAMIC MISSION